# എങ്ങനെ പഠിച്ചു ജയിക്കാം



എസ്. വെങ്ങാലൂർ

LIBRARY
10868

# എങ്ങനെ പഠിച്ചു ജയിക്കാം

CHAVARA CHILDREN'S LIBRARY
ST. ANTONY'S MONASTERY
1557
ALWAYE

# HOW TO STUDY AND WIN

S. VENGALOOR

M/391.3
VEN

Published by the author

First Edition November 1988
Second Edition December 1988

Distribution:
D. C. L. Publications
P. B. 7, Kottayam-686 001

Price Rs. 10.00

Printed at Udaya Press, Kottayam

# എങ്ങനെ പഠിച്ചു ജയിക്കാം

(രണ്ടാം പതിപ്പ്)

CHAVARA CHILDREN'S LIBRARY
ST. ANTONY'S MONASTERY
ALWAYE

DCL

CHARYA PALACKAL JEEVASSKENDRA
LIBRARY
10868

# ബാല സാഹിത്യ ഗ്രന്ഥങ്ങൾ

| | | |
|---|---|---|
| 1. | പ്രസംഗകല | 2.00 |
| 2. | ബാലകഥകൾ | 3.50 |
| 3. | ഉണ്ണിക്കഥകൾ | 3.50 |
| 4. | പത്രപ്രവത്തനം | 6.00 |
| 5. | പുഷ്പമാല | 1.80 |
| 6. | ഉദ്ധരണികൾ | 15.00 |
| 7. | ക്വിസ്—സ്കോളർഷിപ്പ് | 12.00 |
| 8. | എങ്ങനെ പഠിച്ചുജയിക്കാം | 10.00 |
| 9. | പ്രസംഗമാല | 12.00 |

പുസ്തകത്തിൻെറ വില മണിയോർഡർ അയക്കുന്നവക്കു് പോസ്റ്റ്ചാർജ് സൗജന്യമായി പുസ്തകം അയച്ചുകൊടുക്കുന്നതാണു്.


മാനേജർ

ഡി. സി. എൽ. പബ്ലിക്കേഷൻസു്

പി. ബി. 7

കോട്ടയം—686001

# പ്രസ്താവന

വിദ്യാഭ്യാസമെന്നു പറയുന്നതു് പുസ്തകപഠനം, പരീക്ഷ, ജീവിത പരിശീലനം തുടങ്ങിയ കാര്യങ്ങളായിട്ടാണു് പരിഗണിക്കപ്പെട്ടുവരുന്നതു്. ഇവ ഭംഗിയായും ചിട്ടയായും ഉപകാരപ്രദമായും നിർവ്വഹിക്കുന്നതിനു് ആവശ്യകമായ ചില നിർദ്ദേശങ്ങളാണു് ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു്. വിവിധസ്വഭാവക്കാരും വ്യത്യസ്ത പഠന നിലവാരമുള്ളവരുമായ കുട്ടികളോടുള്ള സമ്പർക്കം ഈ ഗ്രന്ഥരചനക്കു് സഹായകമായിരുന്നിട്ടുണ്ടു്.

സിലബസനുസരിച്ചുള്ള പഠനംവഴി പരീക്ഷകൾ ഉയർന്നനിലവാരത്തിൽ വിജയിക്കാൻ കഴിയുമെങ്കിലും, ജീവിതത്തിൽ വിജയിക്കയാണു് ഏററവും പ്രധാനകാര്യവും മുഖ്യമായ പഠനവും. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിനു് ഇന്നു് ആക്കം കൂടിയിട്ടുണ്ടു്. എന്തെങ്കിലും പഠിച്ചു് പൊതുജനസേവനരംഗത്തു് കയറിപ്പററി കൈക്കൂലിയും കാപട്യവും വെട്ടിപ്പും തട്ടിപ്പും പ്രദർശിപ്പിച്ചു് ധനവാന്മാരും ജനചൂഷകരുമായിത്തീരുന്ന തലമുറയെയല്ല ഇന്നു് ഇന്ത്യക്കാവശ്യം. ഇരുപത്തൊന്നാം നൂററാണ്ടിലേക്കു് കുതിച്ചുനില്ക്കുന്ന ഭാരതത്തിൻെറ സംസ്കാരികവും സാങ്കേതികവുമായ വികസനത്തെ ഉത്തേജിപ്പിക്കുന്ന അർപ്പണബുദ്ധിയുള്ള ഉദ്യോഗസ്ഥന്മാരും നേതാക്കളും വിദ്യാർത്ഥികളിൽ നിന്നും വളർന്നു വരണം. പ്രാചീന ഭാരതീയസംസ്കാരത്തെപ്പററി അമിതമായ ആവേശം പ്രകടിപ്പിക്കയും, ദരിദ്രനാരായണന്മാരും വിദ്യാഭ്യാസരഹിതരുമായി ആധുനിക ഭാരതീയരിൽ ഭൂരി

ഭാഗമാളകകളേയും കാത്തു സൂക്ഷിക്കയും ചെയ്യുന്ന പ്രവണതക്കു് മാററം വരണം. പൂവ്വികരുടെ അദ്ധ്വാനത്തിൻേറയും ആത്മാത്ഥതയുടെയും ഫലമായി വളന്നുവന്ന സംസ്കാരത്തേക്കാഠം മെച്ചപ്പെട്ടതും ആധുനികവും, സവ്വജനവികസനോന്മുഖവുമായ ഒരു പുതിയ സംസ്കാരം നിമ്മിക്കാൻ വിദ്യാത്ഥികഠം കരുത്തുള്ളവരാകണം. ഉദ്യോഗത്തിൻെറ അപ്പക്കഷണങ്ങഠം ലഭിക്കാൻ വേണ്ടി ജാതി മത വഗ്ഗ വർണ്ണ ഭാഷാ സംസ്ഥാന ചിന്തകർ കുത്തിപ്പൊക്കി കൊണ്ടു വരുന്ന ശീലം ദേശീയ ജീവിത രംഗത്തു നിന്നും മാറണം.

ഇന്നത്തെ തലമുറകളുള്ളതിലും ഉന്നതമായ വിദ്യാഭ്യാസവും, മൂല്യബോധവും, വീക്ഷണ ചക്രവാളവും വിദ്യാത്ഥികഠംക്കുണ്ടായാൽ മാത്രമേ പുതിയ ഭാരതത്തെ നിമ്മിക്കാൻ നമുക്കു സാധിക്കു. ഇക്കാര്യങ്ങളെല്ലാം ഉള്ളിൽ കരുതിയാണു് ഗ്രന്ഥരചനയിൽ ഏപ്പെട്ടതു്.

പഠനത്തിൽ ഏപ്പെട്ടിരിക്കുന്നവക്കു് ഒരു കൈത്തിരി കാണിക്കാനേ ഉദ്ദേശിച്ചിട്ടുള്ളു. ആ പരിശ്രമം സഫലമായോയെന്നു് വായനക്കാർ തീരുമാനിക്കട്ടെ.

എസ്. വെങ്ങാലൂർ

കോട്ടയം.

## രണ്ടാം പതിപ്പിനെപ്പററി

ഈ പുസ്തകത്തിൻെറ ഒന്നാം പതിപ്പ് പ്രതീക്ഷിച്ചതിലും വേഗത്തിൽ വില്പന നടന്നതുകൊണ്ട്, ഉടനേ രണ്ടാംപതിപ്പ് പ്രസിദ്ധപ്പെടുത്തുകയാണ്. രണ്ടാം പതിപ്പിനു വിലകുറച്ചതു് കൂടുതൽ പേരുടെ കരങ്ങളിൽ ഗ്രന്ഥം എത്തിച്ചേരാൻ സഹായിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ഗ്രന്ഥകർത്താവു്

# വിഷയ വിവരം


1. പഠനവേദിയിൽ
2. സമയക്രമം
3. സമ്പൂർണ്ണ പഠനം
4. ബുദ്ധിമാന്മാരായ കുട്ടികൾ
5. വിദ്യാലയം ഒരു ദൈവാലയം
6, പഠന ജാഗ്രത
7. ലക്ഷ്യബോധം
8. പഠനതത്പരത
9. ഓർമ്മശക്തിവർദ്ധിപ്പിക്കാം.
10. കൈയക്ഷരം
11. പഠനവും ആരോഗ്യവും
12. മാനസിക പക്വത
13. ഗുരു ശിഷ്യബന്ധം
14. വായനാശീലം
15. ഇംഗ്ലീഷ് പഠനം
16. ഹിന്ദി ആവശ്യമോ?
17. അക്ഷരത്തെറ്റുകൾ
18. പരീക്ഷകൾ
19. ഉത്തരം എഴുതേണ്ടവിധം
20. ചോദ്യങ്ങളും ഉത്തരങ്ങളും
21. ഫസ്റ്റ് ക്ലാസോടു കൂടി തോൽവി
22. പരീക്ഷയും പരാതികളും
23. പരീക്ഷാക്രമക്കേടുകൾ
24. അഭിമുഖപ്പരീക്ഷ
25. വിജയരത്നങ്ങൾ
26. ലക്ഷ്യവും പരിപാടികളും
27. വിദ്യാർത്ഥിശക്തി
28. ശത്രുമിത്രങ്ങൾ
29. വിദ്യാഭ്യാസവും മാതാപിതാക്കളും
30. വിജയത്തിന്റെ പടികൾ



PALACKAL JEEVASREEN DR
LIBRARY
10868

# 1 പഠനവേദിയിൽ

അദ്ധ്യാപകർക്കു് അത്യന്തം ശല്യക്കാരനായ ഒരു വിദ്യാർത്ഥിയായിരുന്നു തോമസു് ആൽവാ എഡിസൻ. എന്തു വിഷയം പഠിപ്പിച്ചാലും, ഉടനേ എഡിസൺ എഴുന്നേററു നിന്നു ഒരു ചോദ്യം ചോദിക്കും. അവൻെറ ചോദ്യങ്ങൾക്കു് ഉത്തരം പറയാൻ അദ്ധ്യാപകരിൽ പലരും കുഴങ്ങി. ചോദ്യങ്ങൾ ചോദിക്കരുതെന്നും അദ്ധ്യാപകർ പഠിപ്പിക്കുന്നതു ശ്രദ്ധിച്ചു പഠിച്ചാൽ മാത്രം മതിയെന്നും അവനെ ഉപദേശിച്ചു നോക്കി. ഫലം കിട്ടിയില്ല. ഇനിയും ചോദ്യങ്ങൾ ചോദിച്ചാൽ ശിക്ഷിക്കുമെന്നു ഭീഷണിപ്പെടുത്തി, തല്ലി. അവയൊന്നും ആ കുട്ടിയുടെ അടുത്തു വിലപ്പോയില്ല. എഡിസൻെറ തലനിറയെ സംശയങ്ങളാണു്. അവ ഓരോന്നായി അദ്ധ്യാപകരുടെ മുൻപിൽ അവൻ അവതരിപ്പിച്ചു. അവർ മിഴിച്ചു നിന്നു. മാത്രമല്ല ആ കുട്ടിയെ ധിക്കാരിയായി അവർ മുദ്രകുത്തുകയും ചെയ്തു.

ഒരു ദിവസം അദ്ധ്യാപിക അവൻെറ കൈയിൽ ഒരു കത്തുകൊടുത്തു, അമ്മയ്ക്കുള്ളതായിരുന്നു ആ കത്തു്.

''മണ്ടനും അനുസരണം ഇല്ലാത്തവനുമായ ഈ കുട്ടിയെ ഇനി സ്കൂളിലേക്കു് അയയ്ക്കേണ്ടതില്ല.''

എന്നു്, ക്ലാസ്സു് ടീച്ചർ (ഒപ്പു്)

എഡിസൻെറ അമ്മ കത്തു തുറന്നു വായിച്ചു. സങ്കടം തോന്നി. എന്തു ചെയ്യാം. കുട്ടിയെ വിദ്യാലയാധികൃതർക്കു് വേണ്ടെന്നാണു് എഴുതിയിരിക്കുന്നതു്.

''എൻെറ മകൻ മണ്ടനല്ല. ഞാനവനെ പഠിപ്പിച്ചു കൊള്ളാം'' അമ്മ തീരുമാനമെടുത്തു. അന്നു മുതൽ അമ്മയായിരുന്നു എഡിസൻെറ അദ്ധ്യാപിക. ആ മാതാവു് വളരെ ശ്രദ്ധയോടും സ്നേഹത്തോടും ക്ഷമയോടും കൂടി എഡിസനെ പഠിപ്പിക്കാൻ തുടങ്ങി. സ്നേഹപുരസ്സരമുള്ള

അവളുടെ അദ്ധ്യാപനം മണ്ടനെന്നു് അദ്ധ്യാപകർ സട്ടിഫിക്കററു് കൊടുത്തയച്ച എഡിസനെ, ലോകത്തിലെ ഏററവും വലിയ ശാസ്ത്രജ്ഞന്മാരിൽ ഒരുവനാക്കിത്തീർത്തു. ആധുനിക ജീവിതത്തിനു് പ്രയോജനപ്രദമായിട്ടുള്ള അനേകം ഉപകരണങ്ങൾ എഡിസൺ കണ്ടുപിടിച്ചിട്ടുണ്ടു്.

ഒരുവൻെറ മാനസിക വളർച്ചയ്ക്കും വ്യക്തിത്വവികസനത്തിനും മുഖ്യകാരണം അവനു ലഭിക്കുന്ന വിദ്യാഭ്യാസവും പരിശീലനവും ജീവിതസാഹചര്യങ്ങളുമാണു്. രാഷ്ട്രത്തിൻെറ മുഖ്യസമ്പത്തായ ജനങ്ങളെ നല്ലവരാക്കിത്തീർക്കാനാണു് എല്ലാ ഗവണ്മെൻറുകളും വിദ്യാഭ്യാസകാര്യങ്ങൾക്കായി നിർല്ലോഭം പണം ചെലവഴിക്കുന്നതു്. വിദ്യാഭ്യാസകാര്യങ്ങൾക്കായി രാഷ്ട്രം വ്യയം ചെയ്യുന്ന പണത്തിനു് പ്രയോജനം ഉണ്ടാകേണ്ടതു് വിദ്യാർത്ഥികൾക്കു് നല്ല ശിക്ഷണം നല്കിക്കൊണ്ടും അവർ നല്ല ശിക്ഷണം സ്വീകരിച്ചുകൊണ്ടുമാണു്.

വിദ്യാർത്ഥി എന്ന പദത്തിനു് ഇന്നു് പല അർത്ഥങ്ങളുണ്ടെങ്കിലും, മുൻപൊക്കെ ഒററ അർത്ഥമേ ഉണ്ടായിരുന്നുള്ളു. വിദ്യ അർത്ഥിക്കുന്നവൻ വിദ്യാർത്ഥി. പഠനം കൂടാതെ മററനേകം കാര്യങ്ങൾക്കായി ഇന്നു് വിദ്യാലയങ്ങളിലേക്കു് കുട്ടികൾ പോകുന്നതുകൊണ്ടു് വിദ്യാലയത്തിലേക്കു പോകുന്നവരെല്ലാം വിദ്യാർത്ഥികളാണെന്നു പറയാൻ പാടില്ല.

അറിവില്ലാത്ത കാര്യങ്ങൾ പഠിക്കുന്നതിനുവേണ്ടിയാണല്ലോ കുട്ടികൾ സ്കൂളിൽ പോകുന്നതു്. എല്ലാ ദിവസവും രാവിലെ പുസ്തകവും കുടയും ഭക്ഷണവുമായി സ്കൂളിലേക്കു പോകുന്നവർ ആ യാത്രകൊണ്ടു തന്നെ ഒന്നും പഠിക്കയില്ല. പഠനത്തിനു് പ്രധാനമായും ആവശ്യമായിരിക്കുന്നതു് മനസ്സിൻെറ സന്നദ്ധതയാണു്.

''എനിക്കു് ഇഷ്ടമുള്ളതും ഇല്ലാത്തതുമായ കാര്യങ്ങൾ പഠിക്കാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു'' എന്ന ദൃഢപ്രതിജ്ഞ നമുക്കുണ്ടായിരിക്കണം. കാര്യക്ഷമമായ പഠനത്തിനു് ഒന്നാമതായി വേണ്ടതു് ഈ പ്രതിജ്ഞയുമാണു്.

## സമയവും സ്ഥലവും

ഓരോ ദിവസവുംപഠനത്തിന വേണ്ടി പ്രത്യേകം സമയം കണ്ടുപിടിക്കണം. സ്കൂളിൽ പോകുന്നുണ്ടല്ലോ, അവിടെച്ചെന്നിരുന്നു പഠിച്ചാൽ മതി എന്നു കരുതി പ്രവൎത്തിക്കുന്നവർ അവിവേകികളാണെന്നു പറയുകയായിരിക്കും ശരി. സ്കൂൾ അദ്ധ്യായനത്തിന പുറമേയുള്ള സമയത്ത് പഠനത്തിനവസരം കണ്ടുപിടിക്കണം. രാവിലേയും വൈകിട്ടും പഠനത്തിന് പററിയ സമയമാണ്.

ബഹളമുള്ള സ്ഥലത്തിരുന്ന് പഠിക്കുവാൻ ആക്കും കഴിയുകയില്ല. അതുകൊണ്ടു് വിദ്യാൎത്ഥികളുള്ള വീടുകളിലെ മാതാപിതാക്കൾ ആവശ്യമില്ലാത്ത കാര്യങ്ങൾ സംസാരിച്ചും ബഹളം ഉണ്ടാക്കിയും കുട്ടികളുടെ പഠനവും ഭാവിയും നശിപ്പിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. നന്നായി പഠിക്കുന്നതിന് നിശബ്ദതയും ഏകാന്തതയും അത്യാവശ്യമാണ്. പഠനമുറിയിൽ കയറി കതകടക്കുക. ജനലുകൾ തുറന്നിടുക. ശുദ്ധവായുവും വെളിച്ചവും കയറട്ടെ. ഒരു മുറിയിൽ ഒരാൾ മാത്രമിരുന്നു പഠിക്കുകയാണ് മാതൃകാപരമെങ്കിലും പല വീടുകളിലും സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കെല്ലാം ഓരോ മുറി കൊടുക്കുവാൻ സൗകര്യമുണ്ടായെന്നു വരികയില്ല. അതുകൊണ്ടു് ഒന്നോ രണ്ടോ വിദ്യാൎത്ഥികൾ വീതം മുറിയിലിരുന്നു പഠിക്കുകയാണുത്തമം. വീട്ടിലുള്ള എല്ലാ കുട്ടികളും ഒരു മുറിയിൽ വന്നിരുന്നാൽ വൎത്തമാനം പറഞ്ഞും വഴക്കുണ്ടാക്കിയും ഗുസ്തിപിടിച്ചും സമയം വൃഥാ കളയുകയേ ഉള്ളു.

കുട്ടികൾക്ക് സൗകര്യമായി ഇരുന്നു പഠിക്കുന്നതിന് ഒരു മേശയും കസേരയും വേണം. നിലത്തു് കമിഴ്ന്നു കിടന്നും പടിഞ്ഞിരുന്നും എഴുതുകയും പഠിക്കുകയും ചെയ്യുന്ന കുട്ടികൾക്ക് ശ്രദ്ധയോടുകൂടി ഒന്നും ചെയ്യാൻ സാധിക്കുകയില്ല. ഇരുന്നു വായിക്കാനും ബുക്കു വച്ചെഴുതാനും ഉതകുന്ന മേശ കസേരകൾ ആവശ്യമാണ്. അവ ആഡംബരവസ്തുക്കളല്ല.

വിദ്യാൎത്ഥികഠം പഠിക്കുന്ന മുറികളിൽ ആവശ്യത്തിനു വെളിച്ചം ഉണ്ടായിരിക്കണം. വൈദ്യുതിയുള്ള ഭവനങ്ങളിൽ കുട്ടികഠംക്കു പഠിക്കാൻ സാധിക്കുന്ന രീതിയിൽ ട്യൂബ് ലൈററുകഠം ഉണ്ടായിരിക്കുന്നതാണ് അഭിലഷണീയം. നിങ്ങളുടെ നിഴൽ വായിക്കുന്ന പുസ്തകത്തിൽ വീഴാതിരിക്കത്തക്കവിധം തലയ്ക്കു മുകളിലായി ബഠംബുകഠം സജ്ജീകരിക്കുക. ബഠംബിൽ നിന്നുമുള്ള പ്രകാശം നേരിട്ടു കണ്ണിൽ പതിക്കുന്നതു് നല്ലതല്ല.

## പഠനോപകരണങ്ങഠം

നന്നായി പഠിക്കണമെന്നാഗ്രഹിക്കുന്ന കുട്ടികഠംക്കു് സമൎത്ഥമായി പഠിക്കുന്നതിനാവശ്യമുള്ള ഉപകരണങ്ങളെല്ലാം വേണം. പെൻസിൽ, പേനാ, കടലാസ്, ഇംഗ്ലീഷ് — മലയാള — ഹിന്ദി നിഘണ്ടുക്കഠം, പാഠപ്പുസ്തകങ്ങഠം സ്ലെയിൽ, ഇൻസ്ട്രമെൻറ് ബോക്സ്, റബ്ബർ, ചായപ്പെൻസിലുകഠം, മൊട്ടു സൂചി, നോട്ടുബുക്കുകഠം, പശ, ടേബിഠം കലണ്ടർ, ടൈംടേബിഠം ബോർഡ് തുടങ്ങിയവയൊക്കെ പഠനോപകരണങ്ങളുടെ ലിസ്റ്റിൽ ഉഠംപ്പെടുത്തിവാങ്ങി സൂക്ഷിക്കണം. അയൽവാസികഠം, ബന്ധുക്കഠം, കൂട്ടുകാർ തുടങ്ങിയവരുടെ പുസ്തകങ്ങഠം വായ്പ വാങ്ങി പണം മുടക്കാതെ സൂത്രത്തിൽ പഠനം നടത്താമെന്നു് ഉദ്ദേശിക്കുന്നവർ നന്നായി പഠിക്കാൻ ആഗ്രഹമില്ലാത്തവരാണു്.

വായിക്കുന്ന മേശയിലോ അതിനു സമീപമോ പഠനോപകരണങ്ങഠം സൂക്ഷിക്കണം. അത്യാവശ്യപ്പെട്ട സാധനങ്ങഠം അന്വേഷിച്ച് അധികം ഓടിനടക്കാനും ബഹളമുണ്ടാക്കാനും അവസരം നൽകരുതു്. പഠനോപകരണങ്ങഠം എല്ലാം ഓരോ കുട്ടിക്കും സ്വന്തമായുണ്ടാകുന്നതു് നല്ലതാണെങ്കിലും സാമ്പത്തിക പ്രശ്നങ്ങഠം ഉഠംക്കൊള്ളുന്ന കാര്യമാകയാൽ ഒരു വീട്ടിലെ കുട്ടികഠംക്കെല്ലാം കൂടി പലതും പൊതുവായി വാങ്ങിച്ചു സൂക്ഷിക്കാവുന്നതാണ്. സമയമറിയുന്നതിനു് ഒരു വാച്ചോ, ടൈംപീസോ, ക്ലോക്കോ

പഠനമുറിയിൽ ഉണ്ടാകണം. ഇവയൊക്കെയും ആഡംബര വസ്തുക്കളല്ല. സമർത്ഥമായി പഠിക്കുന്നതിനുള്ള അവശ്യവസ്തുക്കൾമാത്രമാണ്.

## പുസ്തകപഠനം

സിലബസനുസരിച്ചുള്ള പാഠപുസ്തകങ്ങളുടെ പഠനമാണ് വിദ്യാലയങ്ങളിൽ നടക്കുന്നത്. അതുകൊണ്ട് പുസ്തകങ്ങൾ താല്പര്യപൂർവ്വം പഠിക്കാൻ കുട്ടികൾ ഉത്സാഹിക്കണം. പുസ്തകത്തിൻെറ അവതാരികയും മുഖവുരയും ഒക്കെ വായിച്ച ശേഷം വേണം പാഠങ്ങളിലേക്കു കടക്കുവാൻ. ടെക്സ്റ്റുബുക്കു വായിക്കാതെ നോട്ടും ഗൈഡും കൊണ്ട് വിഷയങ്ങൾ പഠിക്കാമെന്ന് ബുദ്ധിയുള്ള കുട്ടികളാരും തീരുമാനമെടുക്കുകയില്ല. പുസ്തകം പലപ്രാവശ്യം മനസ്സിരുത്തി വായിക്കണം. അദ്ധ്യാപകൻ ക്ലാസ്സിൽ നൽകിയിട്ടുള്ള വിശദീകരണവും നോട്ടും ചേർത്തുവച്ച് പുസ്തകം വായിക്കുമ്പോൾ ശരിയായ അർത്ഥം കിട്ടും. നന്നായി മനസ്സിലാവുകയും ചെയ്യും.

അദ്ധ്യാപകൻ ക്ലാസ്സിൽ പഠിപ്പിച്ചിട്ടുള്ള പാഠങ്ങൾ മാത്രം വായിച്ചു നോക്കുക. അവ മനസ്സിരുത്തി പലപ്രാവശ്യം വായിച്ചു കഴിയുമ്പോൾ മനസ്സിലുറയ്ക്കും. പാഠത്തിൻെറ രത്നച്ചുരുക്കം നൽകിയിട്ടുണ്ടെങ്കിൽ അതും പാഠത്തിൻെറ അവസാനമുള്ള ചോദ്യങ്ങളും വായിക്കണം. ചോദ്യങ്ങൾക്കെല്ലാം നിങ്ങളുടെ സ്വന്തഭാഷയിൽ ഉത്തരമെഴുതി അദ്ധ്യാപകരെയോ അറിവുള്ളവരെയോ കാണിച്ച് തിരുത്തിക്കയും വേണം.

വായിക്കുന്ന പാഠത്തിലെ പ്രധാന ആശയങ്ങൾ നിങ്ങളുടെ സ്വന്തം വാചകത്തിൽ നോട്ടുബുക്കിൽ കുറിച്ചുവയ്ക്കുന്നത് ഉത്തമമായ രീതിയാണ്. പാഠവിഷയം ഓർമ്മയിൽ പതിയാൻ ഇതു് ഉപകരിക്കുന്നു.

ഓരോ പാഠത്തിലും അനേകം പുതിയ പദങ്ങരം കാണും. ആ പദങ്ങരം ഓരോന്നിൻെറയും അത്ഥം ശരിക്കും മനസ്സിലാക്കി പഠിക്കണം. അദ്ധ്യാപകൻ ക്ലാസ്സിൽ അത്ഥം പറഞ്ഞിട്ടുണ്ടെങ്കിൽ അതു് ആവത്തിച്ചു വായിച്ചു നോക്കുക. പുതിയ വാക്കുകരം, അവ ഉപയോഗിക്കേണ്ട ശൈലിയോടു കൂടി പഠിച്ചിരിക്കണം. ഇവയൊക്കെ സാധിക്കുന്നതിനാണു് ഇംഗ്ലീഷു്, മലയാളം, ഹിന്ദി നിഘണ്ടുക്കരം ഓരോ വിദ്യാത്ഥിയും സമ്പാദിക്കുവാൻ ഉത്സാഹിക്കണമെന്നു പറഞ്ഞതു്. നമ്മുടെ പഠനത്തിനു് വളരെ സഹായിക്കുന്ന അദൃശ്യരായ അദ്ധ്യാപകരാണു് നിഘണ്ടുക്കരം എന്നോത്തിരിക്കാം. നിഘണ്ടു ഉപയോഗിച്ചു് ശ്രദ്ധാപൂവ്വം പഠിക്കുന്നവർ വളരെ വേഗത്തിൽ കൂടുതൽ കാര്യങ്ങരം പഠിക്കുന്നു.

## ഹൃദിസ്ഥപാഠം

പഠിച്ച കാര്യങ്ങരം ഹൃദിസ്ഥമാക്കണമെന്നാവശ്യപ്പെടുക പഴയ കാലം മുതലുള്ള നടപ്പാണു്. പ്രൈമറി ക്ലാസ്സുകളിലാണു് ഹൃദിസ്ഥപാഠം നിർബന്ധമാക്കിയിട്ടുള്ളതു്. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ഏതാനും പദ്യഭാഗങ്ങരം കാണാതെ പഠിക്കാൻ സിലബസിൽ പറഞ്ഞിരിക്കും. കാണാതെ പഠിച്ച പാഠഭാഗത്തു നിന്നും ഏതാനും വരികരം എഴുതിച്ചേർക്കാൻ ചോദ്യക്കടലാസ്സിൽ നിർദ്ദേശവും കാണും. ആ ഭാഗം എഴുതുന്നവക്കു് മാക്കും നൽകും.

ചെറുപ്പകാലത്തു് മനപ്പാഠം നടത്തുക നല്ല ശീലവും ഉത്തമ പഠനസമ്പ്രദായവുമാണു്. പഠിക്കാനുള്ള ഭാഗങ്ങളെല്ലാം ഒററ വായനകൂ പഠിക്കാനോ ഒററ ഇരിപ്പിനു മനസ്സിലാക്കാനോ സാധിക്കയില്ല. ഭക്ഷണം കഴിക്കുന്നതു പോലെ സാവധാനത്തിലും ചെറുഭാഗങ്ങരം വീതമായും വേണം മന:പാഠം നടത്തുവാൻ.

കുട്ടികളുടെ ഓർമ്മ ശക്തി വദ്ധിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും പഠനത്തിൻെറ രീതികളിൽ അവ

ക്ക് പരിചയം ഉണ്ടാകുന്നതിനും വേണ്ടിയാണ് ചില പാഠഭാഗങ്ങൾ മനപ്പാഠമായി പഠിക്കണമെന്നു സിലബസ്സിൽ നിർദ്ദേശിച്ചിരിക്കുന്നതു്.

ബുദ്ധി ശക്തിയെന്നു പറയുന്നതു് ഒരളവോളം ഓർമ്മശക്തി കൂടിയാണ്. ഉയർന്ന ക്ലാസ്സുകളിൽ ഉന്നത പഠനത്തിനെത്തുന്ന കുട്ടികളെ സംബന്ധിച്ചിടത്തോളം അനേകം കാര്യങ്ങൾ ഓർമ്മിച്ചിരിക്കേണ്ടതുണ്ടു്. ശാസ്ത്രഫോർമുലാകൾ നാവിന്റെ അററത്തു് ഇരിക്കുന്നവർക്കു മാത്രമേ ഗവേഷണപഠനങ്ങളിൽ മുന്നേറാൻ കഴിയൂ, അപ്പപ്പോൾ ഓർമ്മയിൽ വരേണ്ട കാര്യങ്ങളെല്ലാം കടലാസ്സിൽഎഴുതി ബാഗിൽ പിടിച്ചുകൊണ്ടു നടക്കാൻ സാധിക്കയില്ല. പോകുന്ന സ്ഥലങ്ങളിലെല്ലാം അത്യാവശ്യം ഓർത്തിരിക്കേണ്ട കാര്യങ്ങളെഴുതിയ ഭാണ്ഡക്കെട്ടുമായി സഞ്ചരിക്കുന്നതും അപ്രായോഗികമാണ്. ഓർമ്മശക്തിയുള്ളവർക്കു് ഒരു പ്രയാസവും കൂടാതെ എവിടെയും പോകുന്നതിനും പൊതു സദസ്സുകളിൽ മിന്നിത്തിളങ്ങുവാനും കഴിയും. അതുകൊണ്ടു് ഓർമ്മശക്തി വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ എല്ലാവരും മനസ്സിലാക്കയും അഭ്യസിക്കയും വേണം.

സുദീർഘഭാഗങ്ങൾ കാണാതെ പഠിക്കാനുള്ളപ്പോൾ അവ കുറേശ്ശയായി പഠിക്കുവാൻ ശ്രമിക്കണം. രണ്ടും നാലും വാക്യങ്ങൾ വീതം വേർതിരിച്ചെടുത്തു് അർത്ഥം മനസ്സിലാക്കി മനപ്പാഠമാക്കുക. ഒരുഭാഗം പഠിച്ചശേഷം അടുത്ത ഭാഗത്തേക്കു കടക്കുക. അങ്ങനെ സാവധാനത്തിലും ചിട്ടയോടും നിഷ്ഠയോടും കൂടി പഠിക്കുകയാണെങ്കിൽ ഏതു ഭാഗവും പഠിക്കാൻ കഴിയും.

പ്രസംഗം പഠിക്കാനൊരുങ്ങുന്നവർക്കു് ആവശ്യം വേണ്ട ഗുണമാണ് മനഃപാഠസാമർത്ഥ്യം. ഭംഗിയായി എഴുതി

തയ്യാറാക്കിയ പ്രസംഗം കാണാതെ പഠിക്കുകയാണെങ്കിൽ നന്നായി അവതരിപ്പിക്കുവാൻ കഴിയും. അറിവും പരിചയവുമുള്ള പ്രസംഗകക്ക് മനപ്പാഠ പ്രസംഗം ആവശ്യമില്ലെങ്കിലും ആരംഭകാലത്ത് പ്രസംഗമത്സരവേദികളിൽ മനപ്പാഠമാക്കിയ പ്രസംഗങ്ങളാണ് അവക്ക് സമ്മാനങ്ങളൊക്കെ നേടിക്കൊടുത്തതെന്ന കാര്യം ഓർത്തിരിക്കണം. മുക്കിയും വിക്കിയും പറയുന്ന പ്രസംഗങ്ങൾ കേൾക്കാൻ ആക്കും താല്പര്യമില്ല. കുട്ടിക്കാലത്ത് പ്രസംഗം പഠിച്ചും പറഞ്ഞും ശീലം വന്നിട്ടുള്ളവക്ക് ഏത്തു സദസ്സിലും നല്ല പ്രസംഗം പറയുവാൻ കരുത്തുണ്ടായിരിക്കും. ഇതിനു് ഹൃദിസ്ഥപാഠനം വളരെ സഹായിക്കുന്നു. ഹൃദിസ്ഥപാഠനം ജീവിതത്തിന്റെ വിവിധ രംഗങ്ങളിലും അവസരങ്ങളിലും പ്രയോജനപ്പെടുന്ന വിദ്യയാണെന്നോർത്തിരിക്കാം.

## 2. സമയക്രമം

നന്നായി പഠിക്കണമെന്നാഗ്രഹിക്കുന്ന കുട്ടികളൊക്കെ ചിട്ടയുള്ള ജീവിതം നയിക്കുന്നവരാണു്. ചിട്ടയോടും നിഷ്ഠയോടും പഠിക്കാനും ജീവിക്കാനും ശ്രമിക്കാത്തവരിൽ നിന്നും വളരെ കുറച്ചു മിടുക്കന്മാർ മാത്രമേ ഉണ്ടാകാറുള്ളു. വളരെ കുറച്ചെന്നുള്ളതു് ചിലപ്പോഠം പൂജ്യത്തോടടുത്ത നമ്പരാണെന്നു കരുതിക്കൊള്ളുക.

രാവിലെ എഴുന്നേല്ക്കുന്നതു മുതൽ കിടക്കുന്നതു വരെയുള്ള സമയത്തെ പല ഭാഗങ്ങളായി തിരിച്ചു് അനുദിനം ചെയ്യാനുള്ള ഓരോ കാര്യത്തിനും വേണ്ട സമയം കണ്ടുപിടിക്കണം. പ്രഭാതചര്യകഠം, കുളി, പഠനം, ഭക്ഷണം, കളി, വിശ്രമം എന്നിവക്കെല്ലാം സമയം അനുവദിച്ചുകൊണ്ടുള്ള പരിപാടിയാണു് തയ്യാറാക്കേണ്ടതു്. ഒന്നിനും കുറവു വരാൻ പാടില്ല. എന്നാൽ അമിതമായ പ്രാധാന്യം ഒന്നിനും കൊടുക്കാനും സാധിക്കയില്ല. വിദ്യാൎത്ഥികളുടെ മുഖ്യപരിപാടി പഠനമാകകൊണ്ടു് പഠനത്തിനായിരിക്കണം വിദ്യാൎത്ഥികളുടെ സമയ പരിപാടിയിൽ മുൻതൂക്കം നൽകേണ്ടതു്.

ആചാര്യന്മാർ പറയുന്നതുപോലെ വിദ്യാഭ്യാസം ഒരു തപസ്യയാണെന്ന കാര്യം ഓൎത്തിരിക്കുക. സമരം, സത്യാഗ്രഹം, പൊതുമുതൽ നശിപ്പിക്കൽ, രാഷ്ട്രീയപ്രവൎത്തനം തുടങ്ങിയ കാര്യങ്ങഠംക്കു വേണ്ടി വിദ്യാഭ്യാസഘട്ടം ചെലവഴിക്കുന്നവൎക്കു് വിദ്യാഭ്യാസം തപസ്യയല്ല; മററെന്തോ ആണു്. അവരെ തൽക്കാലം നമ്മുടെ പരിഗണനയിൽ നിന്നും വിടാം.

അതിരാവിലെ വിദ്യാൎത്ഥികഠം എഴുന്നേല്ക്കണം. അഞ്ചുമണിക്കു് എഴുന്നേൽക്കുന്നതാണു് അഭിലഷണീയം എന്നാൽ എൽ. പി. സ്കൂളിൽ പഠിക്കുന്ന കുട്ടികഠംക്കു് അരമണിക്കൂർ കൂടി അനുവദിച്ചു കൊടുക്കുന്നതിൽ തെററില്ല.

രാവിലെ എഴുന്നേററാലുടൻ ഈശ്വരപ്രാൎത്ഥന നടത്തുക. ദൈവത്തിൽ സൎവ്വശ്രദ്ധയും കേന്ദ്രീകരിച്ചു് പ്രാൎത്ഥി

ക്കുക. ഒരു ദിവസം നന്നായി ചെലവഴിക്കുന്നതിനും പഠിക്കുന്നതിനും ആവശ്യമായ അനുഗ്രഹം ദൈവത്തോട്ട് യാചിക്കുക. ദിനചര്യകൾക്കുശേഷം പഠനത്തിലേയ്ക്കു തിരിയുക. ഏകാഗ്രത സമൃദ്ധിയായി ലഭിക്കുന്ന ചുരുക്കം ചില അവസരങ്ങളിൽ ഒന്നാണ് പ്രഭാതം. രാവിലെയുള്ള ഏകാഗ്രതയും പഠനവും നഷ്ടപ്പെട്ടാൽ അന്നത്തെ ദിവസം തന്നെ നഷ്ടപ്പെട്ടതായി കണക്കാക്കാം. 'നന്നായി ആരംഭിക്കുന്നതു്' പകുതി ചെയ്തു തീർത്തതിനുതുല്യമാണെന്നുള്ള മഹദ്വാക്യം ഓർത്തിരിക്കുക.

നേരം വെളുത്താലുടൻ എന്തെങ്കിലും ഭക്ഷണം കഴിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി അമ്മയുടെ അടുത്തും അടുക്കളയെ ചുററിപ്പററിയുമായി സമയം ചെലവഴിക്കുന്നവരുണ്ട്. പഠനത്തിൽ ശ്രദ്ധയോ മിടുക്കോ പ്രദർശിപ്പിക്കുവാൻ ഇത്തരക്കാർക്ക് കഴിയുകയില്ല. രാവിലെ സ്കൂളിൽ പോകുന്നതിനു മുൻപ് ഗൃഹപാഠത്തിനും പഠനത്തിനുമായി രണ്ടു മണിക്കൂറെങ്കിലും ചെലവഴിക്കുവാൻ ഓരോരുത്തരും ശ്രമിക്കണം; ശ്രദ്ധിക്കണം.

സ്കൂളിൽ ചെല്ലുമ്പോൾ മുതൽ പോരുന്നതുവരെയുള്ള സമയം പഠനത്തിനു ചേന്ന രീതിയിൽ സ്കൂളധികൃതർ തന്നെ ക്രമീകരിച്ചിട്ടുള്ളതിനാൽ ഓരോ പീരിയഡിലും അതനുസരിച്ചുള്ള വിഷയങ്ങൾ പഠിക്കുകയാണ് ചെയ്യേണ്ടതു്. കണക്കു പഠിപ്പിച്ചു കൊണ്ടിരിക്കുമ്പോൾ ഭൂമിശാസ്ത്രം വായിച്ചു കൊണ്ടിരിക്കുന്ന കുട്ടികൾ രണ്ടു വിഷയവും പഠിക്കാതെ പോകുന്നുവെന്നതാണ് വാസ്തവം. ഓരോ വിഷയത്തിനും നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയത്തു തന്നെ പഠിക്കുക.

സ്കൂൾ വിട്ടാലുടൻ സ്കൂൾ പരിസരത്തിലോ വീട്ടിലോ വന്നു് തുറന്ന സ്ഥലത്തു് കുറേ സമയം കളിക്കണം. കുട്ടികളുടെ മാനസികോല്ലാസത്തിനും ശരീരപുഷ്ടിക്കും വ്യായാമം അത്യന്താപേക്ഷിതമാണ്. കുളിയും, കളിയും കഴിഞ്ഞു് നിങ്ങൾക്കു പഠനത്തിലേക്കു ശ്രദ്ധ തിരിക്കാവുന്നതാണ്. ഭവനത്തിലുള്ള സന്ധ്യാപ്രാത്ഥനവരെ ഒരു

മണിക്കൂർ സമയമെങ്കിലും ശാന്തമായിരുന്നു പഠിക്കാവുന്നതാണു്.

ദിവസത്തിലെ അദ്ധ്വാനത്തിന്റെയെല്ലാം അവസാനത്തിൽ ഗൃഹാംഗങ്ങളെല്ലാവരും കൂടി ഒരുമിച്ചു് ഈശ്വരഭജന നടത്തുക ഉത്തമമായ സമ്പ്രദായമാണു്. ഈശ്വരനു നന്ദി പറയുന്നതിനും ശാന്തവും സുഖകരവുമായ ഉറക്കം ലഭിക്കുന്നതിനും വേണ്ടി അരമണിക്കൂർ സമയമെങ്കിലും പ്രാർത്ഥിക്കണം. അത്താഴം കഴിഞ്ഞു് അരമണിക്കൂർ കുടുംബാംഗങ്ങളുമായി സന്തോഷപൂർവ്വം സംസാരിക്കണം. സംസാരവും കളിതമാശകളും പഠനത്തെ സഹായിക്കുകയേ ഉള്ളു.

പഠനത്തിനു ചേർന്ന ഒരു സമയക്രമം ഉണ്ടാക്കുകയും അതു് നിഷ്കർഷയോടുകൂടി പാലിക്കുകയും ചെയ്യുക. സാവധാനം പഠിക്കുന്നവൻ അതിവേഗത്തിൽ അനേകം കാര്യങ്ങൾ പഠിക്കുന്നു. ഈ തത്വം മനസ്സിൽ ഉറപ്പിച്ചു കൊണ്ടു് പഠനത്തിൽ ഉത്സാഹിക്കണം.

# 3. സമ്പൂർണ്ണപഠനം

പല വിധത്തിലുള്ള സമ്പാദ്യങ്ങൾ മനുഷ്യനുണ്ടാകാം. അറിവിനോളം വ്യക്തിപരവും സുരക്ഷിതവുമായ മറ്റൊരു സമ്പാദ്യംഇല്ല. യാത്രചെയ്യുന്ന സ്ഥലങ്ങളിലെല്ലാം മോഷ്ടാക്കളെ ഭയപ്പെടാതെകൊണ്ടുപോകാവുന്ന ഒരു നിധിയാണു് ജ്ഞാനം. അറിവു സമ്പാദിക്കുന്നതിനുവേണ്ടി മുടക്കുന്ന പണവും ചെലവഴിക്കുന്ന സമയവും പാഴായിപ്പോകുന്നുമില്ല. ഓരോരുത്തനും പരിശ്രമിച്ചാലേ അറിവ് സമ്പാദിക്കുവാൻ സാധിക്കയുള്ളുവെന്ന കാര്യം ഒരു സത്യമാണു താനും.

വായനയാണു് അറിവുസമ്പാദിക്കുന്നതിനുള്ള മുഖ്യ ഉപാധി. കൃത്യമായ ലക്ഷ്യത്തോടുകൂടിയുള്ള വായനയാണ് അറിവിനു് ഉറവിടമായിത്തീരുന്നതു്. എളുപ്പമുള്ളതും കാഠിന്യമേറിയതുമായ പാഠങ്ങളും പുസ്തകങ്ങളും വായിച്ചാണു് ജ്ഞാനം വദ്ധിപ്പിക്കുന്നതു്. വായിച്ചുപഠിക്കാൻ ബുദ്ധിമുട്ടുള്ള ഭാഗങ്ങൾ ഉപേക്ഷിച്ചുകളയുകയോ, പേജ് മറിച്ചുവിട്ടു് രക്ഷപെടുകയോ ചെയ്യുന്നതു് പഠനത്തെ സഹായിക്കയില്ല. ശ്രദ്ധയോടും നിഷ്ഠയോടുംകൂടി തുടർച്ചയായി അനുഷ്ഠിക്കേണ്ട ഒന്നാണ് പഠനം.

വിഷമമുള്ള ഭാഗങ്ങൾ നന്നായി പഠിക്കുക എന്നതു് പഠനശാസ്ത്രത്തിലെ ഒരു മുഖ്യതത്വമാണ്. ആവത്തിച്ചുള്ള വായന ആഴമായ അറിവിനു് വഴിയൊരുക്കുന്നു. ആദ്യത്തെ വായനയിൽ അത്യാവശ്യപ്പെട്ട പല കാര്യങ്ങൾ പോലും മനസ്സിലായെന്നു വരികയില്ല. ശ്രദ്ധാപൂവ്വം ആവത്തിച്ചുവായിക്കുമ്പോൾ കാര്യങ്ങൾ സുഗമമായും ലളിതമായും മനസ്സിലാകുന്നു. വായനയിൽ ധൃതി കാണിക്കുന്നവൻ ഒന്നും മനസ്സിലാക്കുകയും പഠിക്കയും ചെയ്യുന്നില്ല. മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള കാര്യങ്ങൾ ഉപേക്ഷിച്ചു മുന്നോട്ടു പോകുന്നവർ വിഡ്ഢികളാണെന്നു പറയാം. അധികം പേജുകൾ വായിക്കുന്നതിലല്ല, വായിക്കുന്ന പേജുകൾ സശ്രദ്ധം പഠിക്കുന്നതിലാണ് ഊന്നൽ കൊടുക്കേണ്ടതു്. പഠനം സമഗ്രമായിരിക്കണം. ഒരു പാഠം വായിച്ചു കഴിഞ്ഞാൽ ആ ഭാഗത്തുനിന്നും ചോദിക്കാവുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകത്തക്ക വിധം പൂണ്ണമായി പഠനം നടത്തണം.

വായിക്കുന്ന ഭാഗത്തുള്ള ഉദ്ധരണികൾ, ഉപകഥകൾ, ഉപമകൾ എന്നിവയുടെ മൂലകഥയും കൂടി ഗ്രഹിക്കാൻ ഉത്സാഹിക്കണം. വിദ്യാർത്ഥികളുടെ സാമത്ഥ്യമിരിക്കുന്നതു് ഇങ്ങനെയുള്ള അവ്യക്തഭാഗങ്ങൾ സുവ്യക്തമായി പഠിക്കുന്നതിലാണ്.

ക്ലാസ്സിൽ പഠിക്കാനുള്ള എല്ലാ വിഷയങ്ങളും ഒരേ സമയത്തു പഠിക്കാൻ സാധിക്കയില്ല. ഓരോ വിഷയം വേർതിരിച്ചെടുത്തു് പൂണ്ണമായി പഠിക്കുക. പഠനപദ്ധ

തിയിൽ നിർദ്ദേശിച്ചിരിക്കുന്ന വിഷയങ്ങളെല്ലാം നന്നായി പഠിക്കണമെന്നുള്ളതിൽ അഭിപ്രായവ്യത്യാസമില്ല. പൊതുവിജ്ഞാനത്തിനുവേണ്ടിയുള്ള വായനയിൽ അല്പം കുറവു സംഭവിച്ചാലും ക്ലാസ്സിലെ വിഷയങ്ങൾ സർവ്വ ശ്രദ്ധയോടും കൂടി പഠിക്കണം. കുട്ടികളുടെ പ്രായത്തിനും ബുദ്ധിശക്തിക്കും ചേർന്ന കാര്യങ്ങൾ മാത്രമേ ഓരോ വർഷവും പഠിക്കുവാൻ പാഠപദ്ധതിയിൽക്കൂടി ആവശ്യപ്പെടുന്നുള്ളു. അതുകൊണ്ടു് അവ നന്നായി പഠിച്ചിരിക്കേണ്ടതാണു്.

## സ്വാംശീകരണം

വായനവഴി ഓരോ വിഷയത്തെപ്പററിയും നേടിയെടുക്കുന്ന അറിവു് സ്വന്തമാക്കി മാററണം. സ്വന്തമായ ഭാഷയിൽ പറയാനും എഴുതാനും സാധിക്കണമെങ്കിൽ വിഷയം സ്വായത്തമാക്കാതെ സാധിക്കയില്ല. വല്ലവരും എഴുതിയ നോട്ടുകൾ കാണാതെ പഠിക്കുന്നവർ, ആശയങ്ങൾ സ്വന്തമാക്കുന്നില്ല. വല്ലവരുടേയും അറിവു് കാണാതെ പഠിച്ചു് കടലാസിൽ രേഖപ്പെടുത്തി വയ്ക്കുമ്പോൾ ഒരു ചുമട്ടുതൊഴിലാളിയുടെ നിലയിലേക്കു് വിദ്യാർത്ഥി തരംതാഴുന്നു. വായനയിൽ കിട്ടിയ അറിവു് പരീക്ഷാ സമയത്തു് കടലാസിൽ രേഖപ്പെടുത്തിക്കഴിയുമ്പോൾ മനസ്സിലെ ഭാരം ഒഴിഞ്ഞതായി തോന്നും. തലയിൽ ആശയങ്ങൾ ഒന്നും അവശേഷിക്കുകയുമില്ല.

ബുദ്ധിപൂർവ്വം വായിച്ചു് ആശയങ്ങൾ സംഗ്രഹിച്ചു് സ്വന്ത ഭാഷയിൽ പറയാനും എഴുതാനും പഠിക്കുന്ന കുട്ടികൾ ബുദ്ധിമാന്മാരുടെ ഗണത്തിൽ പേരെഴുതിക്കുന്നു. ശ്രദ്ധാപൂർവ്വം പഠിക്കുന്ന കുട്ടികൾക്കു മാത്രമേ, യുക്തിപൂർവ്വം ചോദ്യങ്ങൾ ചോദിക്കാൻ സാധിക്കയുള്ളു. ചോദ്യങ്ങളെ ആശ്രയിച്ചു് കുട്ടികളുടെ ബുദ്ധി നിർണ്ണയിക്കാമെന്നു പറയുന്നവരുണ്ടു്, അതു് കുറെയൊക്കെ ശരിയുമാണു്.

പരീക്ഷയ്ക്കു മാൎക്കു കിട്ടുന്നതിനുവേണ്ടിയല്ല പഠിക്കുന്നതു്. പഠനം ജീവിതത്തിൻെറ ഭാഗമായിരിക്കണം, പ്രായോഗികജീവിതത്തിലേക്കു അറിവു് പടർത്തിയെടുക്കണം. ചിന്തക്കു് ഉത്തേജനംനല്കുന്നതായിരിക്കണം പഠനം. ചിന്തയിൽ പാകപ്പെടാത്ത അറിവുകൊണ്ടു് പ്രയോജനം ഒന്നുമില്ല.

ഉള്ളിലുള്ള അറിവ് കടലാസിലേക്കു ചിട്ടയായി പകർത്തിയെഴുതുക ഒരു വിദ്യാൎത്ഥിയെ സംബന്ധിച്ചിടത്തോളം അത്യാവശ്യമായ കാര്യമാണ്. അറിവുള്ള വിദ്യാൎത്ഥികളല്ല, ഉത്തരക്കടലാസിൽ അറിവു രേഖപ്പെടുത്തുന്ന വിദ്യാൎത്ഥികളാണ് റാങ്കോടുകൂടി പാസ്സാകുന്നതു്. പരീക്ഷാസമയത്തു് ഉത്തരങ്ങൾ ഓർക്കുക, കടലാസിൽ രേഖപ്പെടുത്തുക എന്നിവയ്ക്കെല്ലാം ഓർമ്മശക്തിയാണ് പ്രധാനം. എന്നാൽ ഓർമ്മശക്തിയല്ല, ബുദ്ധിശക്തിയെന്നുകൂടി ഓൎത്തിരിക്കണം. ഉയർന്ന പരീക്ഷകൾക്കു ചെല്ലുമ്പോൾ ഓർമ്മയിൽ പതുങ്ങിയിരിക്കുന്ന അറിവിനെക്കാൾ, അറിവ് പ്രായോഗികമാക്കാനുള്ള കഴിവാണ് പരിഗണിക്കുന്നതു്.

അദ്ധ്യാപകർ പറയുന്നതു് എഴുതിയെടുത്തു പഠിച്ചാൽ മതി, ചിന്തിച്ചു് സമയം കളഞ്ഞിട്ടു കാര്യമില്ലായെന്നു വിചാരിക്കുന്ന വിദ്യാൎത്ഥികളുണ്ടു്. കോടാലിക്കു മൂർച്ച കൂട്ടിയാലേ മരം വെട്ടാൻ പ്രയോജനപ്പെടുകയുള്ളു. ചെറുപ്പംമുതലേ ചിന്തിച്ചു ശീലിച്ചിട്ടുള്ളവരേ വലിയവരാകൂ. സ്വന്തമായി ചിന്തിച്ചു നിഗമനങ്ങളെടുത്താൽമാത്രമേ നമ്മുടെ ബുദ്ധി വികസിക്കുകയുള്ളു. ബുദ്ധി തരിശായിട്ടിടുന്നവർ ഒന്നും ചിന്തിക്കയില്ല. വാടകയ്ക്കു് ആളുകളെ ചിന്തിക്കാനിരുത്തും. സ്വന്തം ബുദ്ധി തുരുമ്പു പിടിച്ചു പോവുകയും ചെയ്യും. അതുകൊണ്ടു് പഠിക്കുന്ന ഓരോ വിഷയത്തെപ്പററിയും ചിന്തിക്കുന്നവരാകണം.

## എഴുതി ശീലിക്കുക

പഠിച്ച കാര്യങ്ങളൊക്കെ പറഞ്ഞു ഫലിപ്പിക്കാനും എഴുതി പ്രകടിപ്പിക്കാനും കഴിയണം. ‘‘ഉള്ളിൽ ബോധ

മുണ്ടു് മിണ്ടാൻ മേലാ'' എന്ന രീതിയിൽ അറിവിൻെറ പേടകങ്ങളായി നടക്കുന്നവരുണ്ടു്. പരീക്ഷാകടലാസിൽ രേഖപ്പെടുത്തുന്നതനുസരിച്ചേ മാർക്കു ലഭിക്കയുള്ളു. അംഗീകാരമുണ്ടാവുകയുള്ളു. അതുകൊണ്ടു് പരീക്ഷയ്ക്കു് ആകർഷകമായും പ്രയോജനപ്രദമായും ഉത്തരം എഴുതാൻ പഠിച്ചിരിക്കണം.

പഠിച്ച ഭാഗങ്ങൾ ഓരോന്നും സ്വന്തഭാഷയിലും ശൈലിയിലും എഴുതാൻ പരിശ്രമിക്കണം. എല്ലാ ദിവസവും പഠനത്തോടു ബന്ധപ്പെട്ട കാര്യങ്ങൾ കുറേയെങ്കിലും എഴുതണം. തനിയേ പരീക്ഷ നടത്തി നിങ്ങളുടെ അറിവും കഴിവും പരിശോധിച്ചു നോക്കാവുന്നതാണു്. എഴുതുന്തോറും ഉത്തരം ഉത്തമമായിത്തീരും. അറിവുള്ളവർക്കു പോലും ഉത്തമമായ ഉത്തരം എഴുതാൻ പലപ്പോഴും അറിഞ്ഞുകൂടാ. മാതൃകാ ഉത്തരക്കടലാസുകൾനോക്കി നല്ലഉത്തരങ്ങൾ എഴുതാനുള്ള ശീലം സമ്പാദിക്കണം.

## ഓർമ്മശക്തി

മനുഷ്യനു് ഈശ്വരൻ നൽകിയിട്ടുള്ള ഉത്തമദാനങ്ങളിൽ ഒന്നാണു് ഓർമ്മശക്തി. എത്രമാത്രം ബുദ്ധിക്കൂർമ്മത ഉണ്ടായാലും തക്കസമയത്തു് കാര്യങ്ങൾ ഓർക്കുന്നില്ലെങ്കിൽ ഒരു പ്രയോജനവും ഇല്ല. നിസ്സാരമായ കാര്യങ്ങൾവരെ വിശദമായിട്ടോർത്തിരിക്കുവാൻ പഠിച്ചിരിക്കണം. പുസ്തകത്തിൻെറ ഒരു പേജു് വായിച്ചുകഴിഞ്ഞാൽ, അത്രയും ഭാഗം ഉടനേ കാണാതെ പറയുവാനുള്ള പാടവം ആംഗ്ലേയ സാഹിത്യകാരനായിരുന്ന ജോൺസനുണ്ടായിരുന്നു. ശ്രവണവും ശ്രദ്ധയുമാണു് ഓർമ്മശക്തിക്കുപകരിക്കുന്ന ഘടകങ്ങൾ. ശ്രദ്ധാശക്തി കൂടുന്തോറും ഓർമ്മശക്തിയും വർദ്ധിക്കും. പഠിക്കാനുള്ള സന്നദ്ധതയും സന്മനസ്സുമാണു് ഇവിടെ ആവശ്യമായിരിക്കുന്നതു്. ബാലസഹജമായ വിനോദങ്ങളിലേർപ്പെടുന്നതു് പഠനത്തിനു വിഘാതമാവില്ല. കളിയും കുളിയുമില്ലാതെ ശ്വാസം പിടിച്ചിരുന്നുള്ള പഠനം ആരേയും പ്രഗല്ഭനാക്കിയിട്ടുമില്ല. ഉഴപ്പന്മാർ, സമര

ക്കാർ തുടങ്ങിയവരുടെ ഇടയിൽനിന്നും ബുദ്ധിജീവിക ളൊന്നും ഉയന്നു വന്നിട്ടില്ല.

സമത്ഥനും പ്രശസ്തനുമായി പരീക്ഷയിൽ പുറത്തുവര ണമെങ്കിൽ അതിനുള്ള ശ്രമവും നടത്തണം. ശരാശരി വിദ്യാത്ഥികളുടെ നിലയിൽ നിന്നുയരണം. പരീക്ഷയിൽ എങ്ങനെ എഴുതാൻ കഴിയും, ജയിക്കുമോ എന്നുള്ള ശങ്ക യിൽ നിന്നും വിമുക്തനായി, ''എനിക്കു് ഒന്നാം റാങ്കു കിട്ടും, റാങ്കു വാങ്ങിക്കണം'' എന്നൊരു ചിന്താഗതിയി ലേക്കു വരണം. സാധാരണ വിദ്യാത്ഥികളെക്കാറം കൂടു തൽ വായിക്കുകയും, ചിന്തിക്കയും വേണം.

വായിക്കുന്ന പുസ്തകങ്ങളിൽ നിന്നും കാതലായ ആശ യങ്ങറം മനസ്സിലാക്കാനുള്ള തത്പര്യവും പ്രദർശിപ്പിക്ക ണം. ഓരോ പരീക്ഷയും കഴിയുമ്പോറം, അടുത്ത പരീ ക്ഷയ്ക്കു് എങ്ങനെ കൂടുതൽ മാക്കു് സമ്പാദിക്കാൻ കഴിയും എന്ന ചിന്തയായിരിക്കും വിദ്യാത്ഥികളുണ്ടാകേണ്ടതു്. അടുത്ത പരീക്ഷക്കു് എഴുതിച്ചേക്കാൻ പററിയ പുതിയ ആശയങ്ങളും രചനാ കൗശലങ്ങളും കണ്ടുപിടിക്കാൻ കഴി യുമോ എന്നുള്ള വിചാരത്തോടെയായിരിക്കണം പുസ്തക ങ്ങറം വായിക്കുന്നതു്.

പാഠപുസ്തകത്തിനു പുറമേയുള്ള പുസ്തകങ്ങറം വായി ച്ചു കിട്ടിയ അറിവുകൂടി കലത്തുമ്പോറം കൂടുതൽ ഹൃദ്യമായ ഉത്തരമെഴുതാൻ സാധിക്കുന്നു. ഒററപ്പെട്ടതും മേൽത്തരവുമാ യ ഉത്തരക്കടലാസുകറം സൃഷ്ടിക്കണമെങ്കിൽ പരപ്പേറിയ വായന വേണം. വത്തമാനപത്രങ്ങറം, റേഡിയോ, സി നിമാ, ടെലിവിഷൻ എന്നിവ വഴി നൂതന വിജ്ഞാന സങ്കേതങ്ങളിലൂടെ ജൈത്രയാത്ര നടത്താൻ പ്രതിഭാശാലി കറം പ്രയത്നിക്കണം. പഠനത്തോടു ബന്ധപ്പെട്ട വിഷയ ങ്ങളെപ്പററിയുള്ള ആധുനിക കാഴ്ചപ്പാടുകറം വായിച്ചു മന സ്സിലാക്കുകയും ചെയ്യണം.

പഠനത്തിൽ ശ്രദ്ധ ചെലുത്തുന്ന കുട്ടികളുമായുള്ള സ മ്പക്കം നമ്മുടെയും പഠനസാമത്ഥ്യം വദ്ധിപ്പിക്കും.

ഓരോവിഷയത്തിനും ക്ലാസ്സിൽ കൂടുതൽ മാക്ക് കിട്ടുന്ന കുട്ടികളുമായി ബന്ധം പുലർത്തുക. ആ വിഷയങ്ങളെപ്പററി ചർച്ച നടത്തുക. തീർച്ചയായും നാമും പഠനത്തിൽ അഭിവൃദ്ധി പ്രാപിക്കും. മററുള്ളവരേക്കാാം മിടുക്കനാകണം എന്നുള്ള ആഗ്രഹം എപ്പോഴും ഉള്ളിൽ ജ്വലിച്ചു കൊണ്ടിരിക്കണം. അപ്പോാം നാം ആഗ്രഹിക്കുന്നരീതിയിൽ വളന്നു സമത്ഥരാവുകയും ചെയ്യും.

# 4. ബുദ്ധിമാന്മാരായ കുട്ടികൾ

സ്കൂളിലുള്ള സാധാരണക്കാരായ കുട്ടികളെപ്പോലെ ജീവിക്കയും പഠിക്കയും ചെയ്താൽ മതി എന്നു വിചാരിച്ചു കഴിയുന്ന അനേകം കുട്ടികളുണ്ട്. കളിയും ചിരിയും അല്പം ഉഴപ്പുമായി നടക്കുക. പരീക്ഷ സമീപിക്കുമ്പോാം പുസ്തകങ്ങാം മറിച്ചും തിരിച്ചും പിടിച്ച് അവിടെയും ഇവിടെയുമായി ചില ഭാഗങ്ങാം വായിക്കുക. ഓരോ വർഷവും കഷ്ടിപിഷ്ടിയായി ജയിച്ച് അടുത്ത ക്ലാസ്സിൽ കയറി ഇരിക്കുകയും ചെയ്യുക. ഇതാണ് അവരുടെ പഠനരീതി.

എന്നാൽ ബുദ്ധിമാന്മാരും, ഉയർച്ചയിൽ തത്പരരുമായ കുട്ടികാം സാധാരണക്കാരെ അനുകരിക്കുന്നവരായിരിക്കയില്ല. ശരാശരി കുട്ടികളെക്കാാം ഉയർന്ന ചിന്തയും പെരുമാററരീതിയും അവർ പ്രദർശിപ്പിക്കും. പരീക്ഷയെ അവർ ഭയപ്പെടുകയില്ല; മറിച്ച് താത്പര്യപൂവ്വം സ്വാഗതം ചെയ്യും. അറിവു പ്രകടിപ്പിക്കാനും കൂടിയ മാർക്കുകാം വാങ്ങിച്ച് അംഗീകാരം നേടാനുമുള്ള അവസരമായി അവർ പരീക്ഷകളെ പരിഗണിക്കും.

പരീക്ഷയിൽ പാസ്സാകുമോ എന്ന കാര്യത്തിൽ ബുദ്ധിമാന്മാരായ കുട്ടികാംക്ക് ആശങ്കയും ഭയവും അന്ധാളിപ്പും കാണുകില്ല. വിദ്യാത്ഥികളുടെ ബുദ്ധിപരമായ

കഴിവുകഠം വഷ്ത്തിൽ രണ്ടുമൂന്നു പ്രാവശ്യമായി പരിശോധിക്കുന്നതിനുള്ള ക്രമീകരണമായിട്ടാണ് പരീക്ഷകളെ അവർ പരിഗണിക്കുക.

പാഠപുസ്തകങ്ങഠം താല്പര്യത്തോടും ആവേശത്തോടും കൂടെ ബുദ്ധിമാന്മാർ വായിക്കും. ഓരോ പരീക്ഷയും കഴിയുമ്പോഠം കൂടുതൽ മാർക്കു വാങ്ങിക്കുവാനുള്ള മാഗ്ഗങ്ങളെപ്പററിയായിരിക്കും അവർ ആലോചിക്കുന്നതു്. കിട്ടിയ മാർക്കിനെപ്പററിയുള്ള സംതൃപ്തിയേക്കാഠം, കിട്ടാതെ പോയ മാക്കു് അടുത്ത പരീക്ഷയ്ക്കു സമ്പാദിക്കാനുള്ള വിദ്യകളെപ്പററിയായിരിക്കും അവർ ചിന്തിച്ചു നടക്കുക,

പരീക്ഷകന്മാർക്കു് തൃപ്തിയും സന്തോഷവും തോന്നത്തക്കവിധം എങ്ങനെ ഉത്തരങ്ങഠം എഴുതാം എന്നോർത്ത് അവർ സമയം നീക്കുന്നു. പുതിയ ആശയങ്ങഠം സംഭരിക്കുവാനും, ഉത്തരങ്ങഠം കൂടുതൽ ഉത്കൃഷ്ടങ്ങളാക്കാനും എങ്ങനെ സാധിക്കും എന്നതായിരിക്കും അവരുടെ ചിന്ത മുഴുവൻ. പുതിയ അറിവുകഠം തേടാനുള്ള ആവേശം പഠിച്ചുയരണം എന്നു് ആഗ്രഹമുള്ള കുട്ടികളിൽ ഉണ്ടായിരിക്കും,

പുസ്തകങ്ങഠം, ദിനപത്രം, മാസികകഠം എന്നിവ വായിക്കുമ്പോഠം കിട്ടുന്ന പുത്തൻ ആശയങ്ങഠം ഓരോന്നും പ്രയോജനപ്പെടുത്താനുള്ള മാഗ്ഗങ്ങളും ആരാഞ്ഞുകൊണ്ടിരിക്കണം. കൊച്ചുകുട്ടികഠം കൈയിൽ കിട്ടുന്ന സ്റ്റാമ്പുകളും തീപ്പെട്ടി ലേബലുകളും വർണ്ണചിത്രങ്ങളും ഒക്കെ സൂക്ഷിച്ചുവയ്ക്കുന്നതുപോലെ വായനയിൽനിന്നും ലഭിക്കുന്ന ജ്ഞാനം പരീക്ഷയ്ക്കു പ്രയോജനപ്പെടത്തക്ക രീതിയിൽ കടലാസിൽ രേഖപ്പെടുത്തി സൂക്ഷിക്കാനും കഴിയണം.

ഓരോ വിദ്യാത്ഥിയുടെയും ഉള്ളിൽ ചില തീവ്ര വികാരങ്ങഠം വേണം. വളരണം, ഉയരണം എന്നുള്ളതായിരിക്കണം ഈ ആഗ്രഹങ്ങഠം. പഠിച്ചുയരണം എന്നുള്ള ആഗ്രഹം ഉള്ളിലുണ്ടായാൽ പഠിക്കാതെ മാർക്കു വാങ്ങിക്കാനുള്ള മാർഗ്ഗങ്ങളെപ്പററിയൊന്നും ചിന്തിക്കാൻ മിനക്കെടുകയില്ല. അദ്ധ്വാനിച്ചു പഠിക്കുന്നവനു് അംഗീകാ

രവും അനുമോദനവും ഉണ്ടാകുമെന്നു വന്നാൽ, അദ്ധ്വാനിക്കാതെ നടക്കുക ഒരു പോരായ്മയായി എല്ലാവക്കും തോന്നും.

# 5. വിദ്യാലയം, ഒരുദൈവാലയം

ഇംഗ്ലണ്ടിലെ പ്രസിദ്ധമായ വിമ്പിൾടൺ ടെന്നീസ് കോർട്ടിൽ കളിച്ച് വിശ്വപ്രസിദ്ധി നേടിയ കായികതാരമാണ് സ്വീഡൻകാരനായ ബേ്യാൺബോർഗ്. തുടർച്ചയായി അഞ്ചുതവണ വിമ്പിൾടൺ മത്സരത്തിൽ ഒന്നാംസ്ഥാനം നേടിയ ബോർഗിൻെറ വിജയകഥ വളരെ രസാവഹമാണ്. ഏകാഗ്രതയാണ് ബോർഗിൻെറ മുഖ്യ വിജയതന്ത്രം. കളിക്കോർട്ടിലിറങ്ങിയാൽ കളിക്കണമെന്നും ജയിക്കണമെന്നുമുള്ള ഏകവിചാരമേ ബോർഗിനുള്ളു.

ലോകത്തിൻെറ വിവിധ ഭാഗങ്ങളിലെവിടെ സഞ്ചരിച്ചാലും ബോർഗിന് ഒരു താത്പര്യമേ ഉള്ളു; ടെന്നീസ് കോർട്ടുകൾ കാണുക. വിനോദസഞ്ചാരികളെ ഹരം പിടിപ്പിക്കുന്നസ്ഥലങ്ങളിലേക്കൊന്നും ബോർഗ് പോകയില്ല. തികഞ്ഞഏകാഗ്രത. ജീവിതത്തിൽടെന്നീസ്എന്ന ആഗ്രഹംമാത്രം. ഭക്ഷണം, വസ്ത്രം, താമസം, സിനിമാ, നൃത്തം എന്നിവയിലൊന്നും ആവേശമില്ലാതെ ടെന്നീസ് കളിയിൽമാത്രം ആവേശം കാണിക്കുന്ന ബോർഗിൻെറ ഏകാഗ്രത അഭിനന്ദനീയമാണ്.

കായികവേദിയിലെന്നപോലെ ജീവിതത്തിൻെറ എല്ലാ രംഗങ്ങളിലും ഏകാഗ്രത ആവശ്യമാണ്. പഠനത്തിലും, ജോലിയിലും, കച്ചവടത്തിലും, കൃഷിയിലും, ഏകാഗ്രതയോടെ പ്രവത്തിക്കുക, അനേകം കാര്യങ്ങളുടെ പിറകേ ഓടി നടക്കുന്നവനു് ഏകാഗ്രത കാണുകയില്ല. മാത്രമല്ല, സ്ഥായിയായ ഒരു ലോകസേവനവും ചെയ്യാനും സാദ്ധ്യമല്ല.

ഏകാഗ്രത ഏററവും ആവശ്യമുള്ള ഒന്നാണ് പഠന രംഗം.

വിദ്യാഭ്യാസകാലം വിനോദത്തിന്റെ കാലമല്ല; അദ്ധ്വാനത്തിന്റെ അവസരമാണ്. ജീവിതത്തിലെ സുവർണ്ണകാലഘട്ടമായ വിദ്യാഭ്യാസാവസരത്തിൽ ഈ തത്ത്വം അറിഞ്ഞുപ്രവർത്തിക്കുന്നവരാണ് ഉയർന്ന വ്യക്തികളായിത്തീരുന്നതു്. സർവ്വശ്രദ്ധയും ശക്തിയും ഉപയോഗിച്ചു പഠിക്കുക. അവധിക്കാലവും വിശ്രമവേളകളും നൂതനങ്ങളായ എന്തെങ്കിലും പഠിക്കുന്നതിനുവേണ്ടി വിനിയോഗിക്കുക.

പ്രാചീനാചാര്യന്മാരുടെ അഭിപ്രായത്തിൽ അലസത, അഹന്ത, അസ്വസ്ഥമനോഭാവം, ചീത്തക്കൂട്ടുകെട്ട്, ജിജ്ഞാസാരാഹിത്യം, പ്രലോഭനങ്ങൾ, ആഡംബരഭ്രമം എന്നിവയാണു കുട്ടികളുടെ വിദ്യാഭ്യാസത്തിനു വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ; സുഖിമാന്മാർക്കും രസികശിരോമണികൾക്കും അറിവുണ്ടാകുക പ്രയാസമാണെന്ന കാര്യം ആദ്യമായി ഓർത്തിരിക്കുക. കഠിനാദ്ധ്വാനത്തിലൂടെ മാത്രമേ ഒരുവന് അറിവും ഉയർച്ചയും ഉണ്ടാവുകയുള്ളു.

പട്ടാളക്ക്യാമ്പിൽവച്ചാണ് പടയാളി യുദ്ധവിദ്യ പഠിക്കുന്നതു്. ഇതുപോലെ ജീവിതസമരത്തിനാവശ്യമായ കാര്യങ്ങളെല്ലാം വിദ്യാർത്ഥി പഠിച്ചൊരുങ്ങണം. തുടർച്ചയായ അദ്ധ്വാനശീലം ഇതിനവനെ സന്നദ്ധനാക്കുന്നു. എല്ലാക്കാര്യങ്ങളും തനിക്കറിയാമെന്നു വിചാരിക്കുന്നതു് അയഥാർത്ഥവും അപകടപൂർണ്ണവുമായ ഒരു പ്രവണതയാണ്,

''അല്പജ്ഞാനം അപകടകരമാണ്'' എന്തെങ്കിലും കാര്യത്തെപ്പററി അല്പം പഠിച്ചിട്ടുള്ളവർ എല്ലാം അറിയാമെന്നു അഭിനയിക്കുന്നതാണ് അപകടകരം. സൂര്യനു കീഴിലുള്ള എല്ലാ വിഷയങ്ങളെപ്പററിയും അഗാധജ്ഞാനം സമ്പാദിക്കുവാൻ ഇന്നാർക്കും സാധിക്കയില്ല. ഒരു വിഷയത്തെപ്പററിപോലും പരിപൂർണ്ണമായി പഠിക്കുവാൻ

മനുഷ്യബുദ്ധിക്കു സാധിക്കുന്നില്ല. ആ സ്ഥിതിക്ക് നമുക്ക് ഉള്ളതിനേക്കാരം കൂടുതൽ അറിവ് ഉണ്ടെന്ന ഭാവിക്കയും അഭിനയിക്കയും ചെയ്യുന്നതു് അഹന്തയുടെ ലക്ഷണമാണ്.

എല്ലാം അറിയാം എന്നുള്ള വിചാരമുദിച്ചാൽ പിന്നീടു പഠനം നടക്കയില്ല. അറിവില്ലാത്തവർക്കാണല്ലോ പഠനം, അറിഞ്ഞുകൂടാത്ത കാര്യങ്ങരം അന്യരോട് ചോദിച്ചു മനസ്സിലാക്കാനുള്ള സന്മനസ്സും വിനയവും വിദ്യാർത്ഥികരംക്കു വേണം. വിനയമുള്ള വിദ്യാത്ഥികളെ എല്ലാവക്കും താത്പര്യമാണ്; സ്നേഹവുമാണ്.

## ആലസ്യം

സമത്ഥരായകുട്ടികളേയും ബാധിക്കാൻ സാധ്യതയുള്ള രോഗമാണ്ആലസ്യം. ''ഒരു മാതിരികാര്യങ്ങളെല്ലാം എനിക്കറിയാം. ഇനിയും പഠിക്കാനൊന്നുമില്ല.'' ഈ രീതിയിൽ ചിന്ത തുടങ്ങുമ്പോരം ആലസ്യം ആരംഭിച്ചുവെന്നു മനസ്സിലാക്കാം. ചില കുട്ടികളെ സംബന്ധിച്ചിടത്തോളം വായനയും പഠനവും തീർത്തും അരസികങ്ങളായ ഏർപ്പാടുകളാണ്. ഭക്ഷണം, കുളി, ഉറക്കം എന്നിവയാണ് അവർക്കു രസമുള്ള കാര്യങ്ങരം. അവ ആവശ്യത്തിലധികം ആസ്വദിക്കയും ചെയ്യും. വിലയേറിയ സമയം ദുർവ്യയം ചെയ്യുന്നവരാണ് ഈ മടിയന്മാർ.

ആർക്കും പ്രയോജനമില്ലാത്ത കാര്യങ്ങരംക്കായി സമയം ചെലവഴിക്കുന്നവരും മടിയന്മാരുടെ ഗണത്തിൽ പെടുന്നു. ചീട്ടു കളിച്ചും തമാശ പറഞ്ഞും ദിവസം മുഴവൻ ചെലവഴിക്കാൻ അവക്കു പ്രയാസമില്ല.

ജീവിത ലക്ഷ്യബോധവും ഉറച്ച തീരുമാനങ്ങളുമുള്ളവക്ക് അലസതയുടെ അലട്ടൽ ഉണ്ടാവുകയില്ല. എപ്പോഴം എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കണം. എല്ലായ്പ്പോഴം ചെയ്യുവാൻ എന്തെങ്കിലും കാര്യം ഉണ്ടായിരിക്കയും വേണം. ഓരോ മണിക്കൂറും ഓരോ നിശ്ചിത

കാര്യത്തിനായി നീക്കി വയ്ക്കണം. എപ്പോഴും ജോലി ചെയ്യുന്നവർക്കു അലസത അകററാൻ കഴിയും. അലസന്മാരുടെ ഇടയിൽനിന്നും ബുദ്ധിമാന്മാർ ഉണ്ടായിട്ടില്ലെന്ന കാര്യവും സന്ദർഭവശാൽ ഓർത്തിരിക്കാം.

സ്കൂൾകുട്ടികളുടെ ഭാഷയിൽ 'ഗമ' യെന്നു പറയുന്ന അഹന്ത പഠനത്തിനു വിഘാതം സൃഷ്ടിക്കുന്ന ഒരു പ്രവണതയാണ്. നല്ല കാര്യങ്ങൾ ചെയ്യുന്നതിനു' വിനയം ആവശ്യമാണ്. വിനയം എത്ര കൂടുന്നുവോ അത്രയ്ക്കും ആളുകൾ ബഹുമാന്യരും സ്നേഹയോഗ്യരുമായിത്തീരുന്നു. എന്നാൽ അഹങ്കാരികളോട്ട് ആളുകൾക്ക് വെറുപ്പും അവജ്ഞയുമാണ് തോന്നുക. നമുക്കില്ലാത്ത കഴിവുകൾ ഉണ്ടെന്നു് അവകാശപ്പെട്ടാൽ അംഗീകരിച്ചു തരുവാൻ ആളുകൾ വൈമനസ്യം കാണിക്കും.

അദ്ധ്യാപകരെ ബഹുമാനിക്കുക വിനയത്തിൻെറ ലക്ഷണമാണ്. അദ്ധ്യാപകർ പല തരക്കാർ കാണും. ചിലർ പഠിപ്പിക്കാൻ കഴിവു കുറഞ്ഞവരായെന്നുവരാം. സാമ്പത്തികഭദ്രത കുറഞ്ഞവരും, സൗന്ദര്യശൂന്യരും അദ്ധ്യാപകരാകാറുണ്ട്. അറിവു നൽകുന്ന അദ്ധ്യാപകർ ആരുതന്നെ ആയാലും അവരെ ബഹുമാനിച്ചാദരിക്കുവാനുള്ള വിനയം നമുക്കു വേണം. അദ്ധ്യാപകരെ വിമർശിച്ചാൽ മിടുക്കന്മാരാകാം എന്നു ചില അല്പബുദ്ധികളായ കുട്ടികൾ വിചാരിക്കുന്നു.

എന്നാൽ അദ്ധ്യാപകരെ ബഹുമാനിക്കുക ഭാരതീയ സംസ്കാരത്തിൻെറ ഒരു ഭാഗമാണ്. അദ്ധ്യാപകരെ ബഹുമാനിക്കുന്നവർക്ക് അവരുടെ അനുഗ്രഹവും ലഭിക്കും.

# 6. പഠനജാഗ്രത

സമ്പത്തുള്ള ഒരു കുടുംബത്തിലെ സന്തതിയാണു് സന്തോഷ്കുമാർ. സ്നേഹിതരെല്ലാം നന്നായി പഠിച്ചു് നല്ല മാർക്കും സമ്മാനങ്ങളും വാങ്ങിക്കുന്നതു കണ്ടപ്പോൾ സന്തോഷിനും ആവേശം കയറി. അയൽക്കാരും പാവപ്പെട്ടവരും മെലിഞ്ഞവരുമായ കുട്ടികൾ കൂടുതൽ മാർക്കു വാങ്ങിക്കുകയും ധനികനും, സുന്ദരനും, ആരോഗ്യവാനുമായ സന്തോഷ്കുമാർ കുറച്ചു മാർക്കു് വാങ്ങിക്കയും ചെയ്യുന്നതു കണ്ടപ്പോൾ പലർക്കും ആശ്ചര്യം ഉണ്ടായി. ധനികകുമാരനായ സന്തോഷിനു് പരീക്ഷയിൽ ഒന്നാം സ്ഥാനം നൽകാത്തതിൽ അമർഷമുള്ള രാഷ്ട്രീയവിദ്യാർത്ഥികളും ഉണ്ടായിരുന്നു.

സ്കൂളിൽനിന്നും നാലുമണിക്കു് പഠനം കഴിഞ്ഞു് വീട്ടിലേക്കു പോകുന്ന അയൽക്കാരനായ ജോസ്മോൻ വീട്ടുജോലികളിൽ അമ്മയെ സഹായിക്കയും കന്നുകാലികളെ മേച്ചിൽ സ്ഥലത്തുനിന്നു കൊണ്ടുവന്നു കെട്ടുകയും ചെയ്യാറുണ്ടു്. ചിലപ്പോൾ അടുക്കളത്തോട്ടത്തിൽ കുറേ സമയം ജോലി ചെയ്യും. ഇങ്ങനെ കുടുംബജോലികളിലൊക്കെ സഹായിച്ചശേഷം മിച്ചം കിട്ടുന്ന സമയം മുഴുവനുമെടുത്തു പഠിക്കുന്നു. ജോസ്മോനാണ് ക്ലാസ്സിൽ പഠനത്തിൽ ഒന്നാമൻ. അദ്ധ്യാപകരും അയൽക്കാരും പറയും, ''നോക്കു് ജോസ്മോൻ എത്ര മിടുക്കൻ. എന്തെല്ലാം ജോലികൾ ചെയ്യുന്നു. ഏകാഗ്രതയോടെ പഠിച്ചു് അവൻ മാർക്കു് വാങ്ങിക്കയും ചെയ്യുന്നു. ഇതുപോലെ എല്ലാ കുട്ടികളും പഠിക്കണം''

എങ്ങനെയെങ്കിലും പഠിച്ചു് ക്ലാസ്സിൽ ഒന്നാമനാകണം എന്നൊക്കെ സന്തോഷിനും തോന്നാറുണ്ടു്. പഠിക്കാനുള്ള സൗകര്യങ്ങൾ വീട്ടിലില്ലെന്നു പറഞ്ഞു് സൗകര്യങ്ങളും ക്രമീകരണങ്ങളും കൂടുതൽ ഉണ്ടാക്കി. സ്വന്തമായി മുറി, മേശ, കസേര, അലമാര എന്നിവ പണിയിച്ചു. ഇംഗ്ലീഷ്, ഹിന്ദി നിഘണ്ടുക്കൾ വാങ്ങിച്ചു. വീട്ടുജോ

ലികളിൽ ഒന്നും സഹായിക്കാതെ മുറിയിൽ കയറിയിരുന്നു പഠനവും ആരംഭിച്ചു. അടുത്ത പരീക്ഷയ്ക്കു് സന്തോഷ് ക്ലാസ്സിലെ ഒന്നാമനാകുമെന്നു് മാതാപിതാക്കാം വിശ്വസിച്ചു. പരീക്ഷാപേപ്പറുകാം അദ്ധ്യാപകർ പരിശോധിച്ചു് നൽകിയപ്പോാം ഫലം പഴയതു പോലെ ആയിരുന്നു. സന്തോഷിനു മാർക്കു വളരെ മോശം.

പഠനശാസ്ത്രത്തെ സംബന്ധിക്കുന്ന പുസ്തകങ്ങാം വായിച്ചാൽ മാർക്കു കൂടുതൽ കിട്ടിയേക്കുമെന്നു കരുതി കുറേ പുസ്തകങ്ങാം വാങ്ങി വായിച്ചു നോക്കി. ''ക്ലാസ്സിൽ ഒന്നാമനാകാനുള്ള മാർഗ്ഗങ്ങാം'' എന്ന പുസ്തകം രണ്ടു പ്രാവശ്യം വായിച്ചു. ''ബുദ്ധിമാന്മാരുടെ വഴികാട്ടി'' എന്ന പുസ്തകവും വായിച്ചു. ഈ പഠനങ്ങാംക്കു ശേഷം അടുത്ത പരീക്ഷയ്ക്കു് എഴുതി. സന്തോഷ് കുമാറിനു് കൂടുതൽ മാർക്കു് കിട്ടിയില്ല.

ഓരോ വിദ്യാത്ഥിക്കുംആവശ്യം വേണ്ട പഠനജാഗ്രത എന്ന ഗുണമാണു് സന്തോഷിനു് അശേഷം ഇല്ലാതെ പോയതു്. പഠിക്കാനുള്ള താല്പര്യം സ്വയം ഉണ്ടാകേണ്ടതാണു്. അല്ലെങ്കിൽ ഉണ്ടാക്കണം. ഗുളിക കഴിച്ചോ, കുത്തിവച്ചോ ജനിപ്പിക്കാവുന്ന ഗുണമല്ല ഇതു്. എല്ലാവരും പുസ്തകക്കെട്ടുമായി സ്കൂളിലേക്കു പോകുന്നു, അതുകൊണ്ടു് ഞാനും പോകുന്നുവെന്ന ചിന്താഗതി പല വിദ്യാത്ഥികാംക്കുമുണ്ടു്. പഠിക്കുന്നതെന്തിനാണു് എന്നുള്ള ചിന്തകളൊന്നും അവർക്കില്ല.

## കള്ളവിദ്യാർത്ഥികൾ

വിദ്യാത്ഥികാംക്കുണ്ടായിരിക്കേണ്ട പ്രധാന ഗുണങ്ങളിലൊന്നാണു് പഠനജാഗ്രത. പഠനത്തിൽ ഉത്സാഹമില്ലാത്തവർ വിദ്യാത്ഥിയെന്ന പേരും പറഞ്ഞു് നടക്കുന്നതിലത്ഥമില്ല. സമരം, സത്യാഗ്രഹം, ബന്തു്, കല്ലേറു്, കശപിശ തുടങ്ങിയ വിഷയങ്ങളിൽ മിടുക്കരായവർ ഒരു നോട്ടുബുക്കും കൈയിൽ പിടിച്ചുകൊണ്ടു് പഠനത്തിനാണെന്നുംപറഞ്ഞു വിദ്യാലയങ്ങളിലേക്കു പോകാ

റുണ്ടു. ബസ്സിലും ട്രെയിനിലും സിനിമാശാലയിലും ഹോട്ടലിലുമൊക്കെ വിദ്യാർത്ഥികൾക്കു കിട്ടാവുന്ന ആനുകൂല്യങ്ങളൊക്കെ അനുഭവിക്കുകയെന്ന ഏക ഉദ്ദേശ്യമേ അവർക്കുള്ളൂ. ഇങ്ങനെ പഠനത്തിൽ ശ്രദ്ധിക്കാതെ ആനുകൂല്യങ്ങളിലും സൗജന്യങ്ങളിലും താത്പര്യം കാണിച്ചു നടക്കുന്നവരെ കള്ളവിദ്യാർത്ഥികൾ എന്നു വിളിച്ചാൽ അവർ പരിഭവിച്ചിട്ടു കാര്യമില്ല.

എത്ര ബുദ്ധിമുട്ടിയാലും വേണ്ടില്ല, പഠിക്കണം എന്ന ഏക വിചാരത്തോടെ ജീവിക്കുന്നവനായിരിക്കണം വിദ്യാർത്ഥി. അധികനാൾ ദീർഘിക്കാത്ത വിദ്യാഭ്യാസകാലം മുഴുവൻ സർവ്വശ്രദ്ധയും ഏകീകരിച്ചു് പാഠങ്ങൾ ആവർത്തിച്ചുവായിച്ചു് ആശയങ്ങൾ ഉള്ളിലുറപ്പിക്കണം. ആദ്യത്തെ വായനകൊണ്ടു പാഠങ്ങൾ പഠിക്കാൻ കഴിയുന്നവർ വളരെ ചുരുക്കമായിരിക്കും. മിക്ക കുട്ടികളും സാമാന്യ ബുദ്ധിക്കാരാണു്. അവർ പാഠഭാഗങ്ങൾ ആവർത്തിച്ചു വായിച്ചാണു് പഠിക്കുക.

ധനം സമ്പാദിച്ചാൽ നഷ്ടമായെന്നു വരാം. അറിവു് ഒരിക്കലും നഷ്ടമാകയില്ല. പണം കൈമാററം ചെയ്യാൻ സാധിക്കും. അന്യക്കു നൽകിയാൽ നമ്മുടെ കൈയിൽ നിന്നും പണം പോകും. എന്നാൽ ജ്ഞാനത്തിൻെറ കാര്യത്തിൽ അങ്ങനെ സംഭവിക്കുന്നില്ല. കൊടുക്കുംതോറും വൎദ്ധിക്കുന്നു. അറിവു് കിട്ടുന്നതിനുവേണ്ടി പണവും സമയവും ചെലവഴിക്കുന്നതു് നഷ്ടമായി കണക്കാക്കരുതു്.

നോവലുകളും മാസികകളും വായിച്ചു് പഠനസമയം മുഴുവൻ ചെലവഴിക്കുന്ന വിദ്യാർത്ഥികളുണ്ടു്. കഴമ്പുള്ള അറിവ് അത്തരം വായനവഴി ലഭിക്കയില്ല. മൂന്നാംതരം കഥകൾ വായിച്ചാൽ അറിവു് കിട്ടുകയില്ല. അറിവിൻെറ നിറകുടങ്ങളായ പാഠ്യപുസ്തകങ്ങൾ സർവ്വശ്രദ്ധയും കേന്ദ്രീകരിച്ചു് പഠിക്കുക. വിദ്യാഭ്യാസ വിദഗ്ദ്ധന്മാരുടെ നേതൃത്വത്തിൽ തയ്യാറാക്കിയവയാണു് പാഠ്യപുസ്തകങ്ങൾ. അതുകൊണ്ടു് അവയിൽ ഓരോ മനുഷ്യനും ആവശ്യം മനസ്സിലാക്കിയിരിക്കേണ്ട നല്ല കാര്യങ്ങൾ ധാരാളം ഉണ്ടായിരിക്കും.

ഭക്ഷണം ദഹിപ്പിച്ച് ശരീരത്തിൻെറ ഭാഗമാകുന്നതുപോലെ, വായിച്ച് ലഭിക്കുന്ന അറിവ് ബുദ്ധിയിൽ അലിയിച്ച് ചേർക്കണം. സാവധാനത്തിലും ആവർത്തിച്ചും വായിക്കണം. പരീക്ഷയടുക്കുമ്പോൾ ബഹളം കൂട്ടി വായിക്കുന്നതിലർത്ഥമില്ല. പഠനവത്സരാരംഭത്തിൽതന്നെ പഠിച്ചു തുടങ്ങുക. ഭക്ഷണം ചവച്ചരച്ചു കഴിക്കുന്നത് ദഹനത്തിനു സഹായിക്കുന്നതുപോലെ, മനസ്സിരുത്തി വായിക്കുന്ന കാര്യങ്ങൾ ഉള്ളിലുറച്ചിരിക്കും.

പഠനത്തെ സ്നേഹിക്കുന്നവനായിരിക്കണം വിദ്യാർത്ഥി. ഓരോ വിഷയവും വളർന്നു വളരെ വികസിച്ചിട്ടുള്ളതുകൊണ്ട് ഏതെങ്കിലും ഒരു വിഷയത്തിൽ പ്രാവീണ്യം നേടുന്നതിന് വളരെ പഠനം ആവശ്യമാണ്. പാഠപുസ്തകത്തിൽ കാണുന്ന വിഷയം മാത്രം പഠിക്കുന്നതുകൊണ്ട് തൃപ്തിപ്പെടരുത്. എത്രയധികം അറിവു സമ്പാദിക്കുവാൻ സാധിക്കുമോ, അത്രയധികം നേടുവാൻ നോക്കുക. അറിവിന് അതിർത്തിവരമ്പുകൾ കെട്ടരുത്. ഇത്രയും പഠിച്ചാൽ മതിയാകുമെന്ന് ചിന്തിക്കുന്നവർ പിന്നോക്കം പോകും. ഓരോ നിമിഷവും കൂടുതൽ അറിവു നേടുവാൻ താത്പര്യപ്പെടുക. പുതിയ പുസ്തകങ്ങൾ വായിക്കുക. അറിവുള്ളവരോട് സമ്പർക്കം പുലർത്തുക.

പണ്ഡിതന്മാരുടെ ലക്ഷണമാണ് പഠനജാഗ്രത. ശിക്ഷണം ലഭിച്ചവർക്കേ ആ ഗുണം ഉണ്ടാവുകയുള്ളു.

## 7 ലക്ഷ്യബോധം

എന്നും രാവിലെ അലക്കി തേച്ച വസ്ത്രങ്ങളും ധരിച്ച് ഒരു ഡയറിയും കക്ഷത്തിലിടുക്കി അരവിന്ദകുമാർ റോഡിലേക്കിറങ്ങും. ഇൻഷ്വറൻസ് ഏജൻസിയോ, പത്രപ്രവർത്തകനോ ആണെന്നേ പരിചയമില്ലാത്തവർ വിചാരിക്കയുള്ളു. ബസ്സ്റ്റോപ്പിനടുത്തുള്ള മാടക്കടെ സന്ദർ

ശിച്ച് കൂട്ടുകാരോടുകൂടി ഒന്നു പുകച്ചു രസിച്ചാണ് കോളേജ് വിദ്യാർത്ഥിയായ അരവിന്ദൻ ദിവസം ആരംഭിക്കുന്നതു്. പുസ്തകവും നോട്ടുബുക്കും എല്ലാമായി ഡയറി ഉപയോഗിക്കുന്നു. ക്ലാസ്സു് നോട്ടുകളൊന്നും ഡയറിയിൽ കാണുകയില്ല. ചില മേൽവിലാസങ്ങൾ, സിനിമാതാരങ്ങളുടെ ചിത്രങ്ങൾ വരച്ചതു് ഇവയാണ് ഡയറിയിലുള്ള വിജ്ഞാനസമ്പത്തു്.

കോളേജ് പഠനം തുടങ്ങിയിട്ടു വർഷങ്ങളായ അരവിന്ദൻ ഇതുവരേയും ബിരുദങ്ങളൊന്നും നേടിയിട്ടില്ല. ഇപ്പോഴത്തെ പഠനനിലവാരം കണക്കാക്കി നോക്കുമ്പോൾ ഉടനെയൊന്നും ബിരുദം കിട്ടാനും സാദ്ധ്യതയില്ല. വെറുതെയങ്ങു പഠിക്കുകയാണ്. എന്തെങ്കിലും ആയാൽ ആകട്ടെയെന്നാണ് അരവിന്ദന്റെ അഭിപ്രായം.

ജീവിതത്തിനും പഠനത്തിനും ലക്ഷ്യമില്ലാതെ അരവിന്ദനെപ്പോലെ നടക്കുന്ന അനേകരുണ്ടു്. എന്തിനാണ് പഠിക്കുന്നതെന്നു് അറിയാതെയും ചിന്തിക്കാതെയും അന്വേഷിക്കാതെയും ജീവിച്ചു പോകുന്നവരുണ്ടു്. സമപ്രായക്കാരായ കുട്ടികളും കൂട്ടുകാരും പുസ്തകവുമായി സ്കൂളിലേക്കും കോളേജിലേക്കും പോകുന്നു. അതുകൊണ്ടു് പഠനത്തിന്റെ മൂടുപടമിട്ടു് വിദ്യാർത്ഥിയുടെ വേഷത്തിൽ ദിവസങ്ങൾ നീക്കിവിടാനാണ് ചിലർക്കെല്ലാം ഉത്സാഹം.

എന്നാൽ ഭൂരിഭാഗം കുട്ടികൾക്കും ജീവിതത്തിനു ലക്ഷ്യബോധം ഉണ്ടായിരിക്കും, പഠിച്ചു മിടുക്കനാകണമെന്നും, ഡോക്ടർ, എൻജിനിയർ, അദ്ധ്യാപകൻ, ഉദ്യോഗസ്ഥൻ തുടങ്ങിയ രംഗങ്ങളിലേതിലെങ്കിലും ഒന്നിൽ പ്രവേശിച്ച് ജീവിതം അർത്ഥപൂർണ്ണവും പ്രയോജനപ്രദവുമാക്കണമെന്നും ഒരു മിനിമം പരിപാടിയും അവർ മനസ്സിൽ കോർത്തിണക്കിയിരിക്കും. എന്നാൽ ഇങ്ങനെയുള്ള ഉദ്ദേശ്യങ്ങൾ അശേഷം ഇല്ലാതെ വിദ്യാലയത്തിലേക്കിറങ്ങുന്നവർ എല്ലാവർക്കും ശല്യവും ഭാരവുമായിത്തീരുകയാണ് പതിവ്.

സ്വഭാവം മോശമായ കുട്ടികളുമായി കൂട്ടുകൂടുന്നതു് ആത്മഹത്യാപരമാണു്. നല്ല ശീലങ്ങൾ പ്രചരിക്കാൻ താമസം ഉണ്ടായേക്കും. എന്നാൽ ദുശ്ശീലങ്ങൾ ഭോപ്പാലിലെ കാർബൈഡ് ഫാക്ടറിയിൽ നിന്നും 1984 ഡിസംബറിൽ പുറത്തേക്കിറങ്ങി ആയിരക്കണക്കിനു മനുഷ്യരെ കൊന്ന വിഷവാതകം പോലെ അതിവേഗം വ്യാപിച്ച് അപകടം വരുത്തി വയ്ക്കും. മനുഷ്യനെ കൊല്ലുന്നതു് മഹാപാപമാണെന്നു് എല്ലാവരും സമ്മതിക്കും. എന്നാൽ അതിലും പാതകമാണ് മനസ്സിനെ നശിപ്പിക്കുക. ചീത്തക്കുട്ടികളുമായുള്ള ബന്ധംവഴി നമ്മുടെ മനസ്സ് ദുഷ്ടവും വികലവും മലിനവുമായിത്തീരും.

വിദ്യാർത്ഥികൾക്കു് സുഹൃത്തുക്കൾ വേണം. സുഹൃത്തുക്കളെക്കൂടാതെ ഒററയാന്മാരായി കഴിയാൻ ആർക്കും കഴിയുകയില്ല. മനുഷ്യൻ സമൂഹജീവിയാകകൊണ്ടു് ഒററപ്പെട്ടുകഴിയുന്നതും ശരിയല്ല. തുല്യപ്രായക്കാരുമായി ബന്ധപ്പെട്ടു കഴിയമ്പോൾ നാം പക്വത പ്രാപിച്ച വളരുന്നു. കുടുംബത്തിൽ സന്തോഷവും സംതൃപ്തിയും അനുഭവിക്കാനിടയാകാത്ത കുട്ടികൾ ചീത്തക്കൂട്ടുകാരിൽ നിന്നും ലഭിക്കുന്ന നിസ്സാരങ്ങളായ സന്തോഷസൗഭാഗ്യങ്ങളിൽ ആമഗ്നരായിപ്പോയെന്നു വരും. നല്ലവരുമായുള്ള സമ്പർക്കം നല്ല സ്വഭാവത്തിൻെറ ഉടമസ്ഥരാക്കുന്നു.

## ജിജ്ഞാസ

പഠനത്തിൽ ഉത്സാഹമുള്ള കുട്ടികളെല്ലാം ജിജ്ഞാസുക്കളായിരിക്കും. ''നൂതനകാര്യങ്ങൾ അറിയണം'' എന്നുള്ള ആവേശമാണ് ജിജ്ഞാസ. ചുററും നടക്കുന്ന കാര്യങ്ങൾ അറിയുവാനുള്ള താത്പര്യം ഓരോരുത്തർക്കും വേണം. ഈ താത്പര്യമാണു് ജിജ്ഞാസയായി തീരുന്നതു്.

പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങളെല്ലാം വായിക്കുന്നതുകൊണ്ടു മാത്രം തൃപ്തിപ്പെടാൻ സാ

ധിക്കയില്ല. പരിസരങ്ങളിൽ നടക്കുന്ന സംഭവങ്ങരം ഓരോന്നും അറിവു വദ്ധിപ്പിക്കുന്നതാണ്. നൂതനങ്ങളായ അനേകം കാര്യങ്ങരം അനുദിനം നമ്മുടെ പരിഗണനു ക്കെത്താറുണ്ട്. അവയിൽ ചിലതെങ്കിലും പഠിക്കാനുള്ള ഉത്സാഹം പ്രദർശിപ്പിക്കണം.

സിനിമാ, റേഡിയോ ടെലിവിഷൻ വായനശാല കരം, ജനസമ്പർക്കം. വിദ്യാത്ഥിസംഘടനകരം തുടങ്ങിയ അനേകം കാര്യങ്ങരം ഇന്നത്തെ വിദ്യാത്ഥികളുടെ അദ്ധ്യാപകരോ, സുഹൃത്തുക്കളോ, പഠനവേദികളോ ആണെന്നു പറയുന്നതിൽ ശങ്കിക്കേണ്ടതില്ല. വിവിധ രീതികളിൽ വിജ്ഞാനം ലഭിക്കാനുള്ള ഉപാധികളായി ഇവ ഇന്നു തീർന്നിട്ടുണ്ട്. ക്ലാസ്സിൽ പഠിപ്പിക്കാൻ ബുദ്ധിമുട്ടുള്ള അനേകം കാര്യങ്ങരം സിനിമാ, റേഡിയോ ടെലിവിഷൻ, എന്നിവവഴി പഠിപ്പിക്കാൻ കഴിയും. ഇതുപോലെ വ്യക്തികളോടു ബന്ധപ്പെടുന്ന അനേകകാര്യങ്ങരം ഉണ്ട്. അവയൊക്കെ വേണ്ടവിധം ഉപയോഗിച്ചു വളരാനും പഠിക്കാനും ഉത്സാഹിക്കുക.

ജിജ്ഞാസുവായ ഓരോ വ്യക്തിക്കുമുള്ള ഗുണമായിരിക്കും പരിശ്രമശീലം. നാം ഓരോരുത്തരും വിദ്യാത്ഥികളും അറിവുകുറഞ്ഞവരുമാണെന്നുള്ള ധാരണയും, അനേകം കാര്യങ്ങരം ഇനിയും ജീവിതത്തിൽ പഠിക്കേണ്ടതായിട്ടുണ്ടെന്നുമുള്ള ബോധവും നമ്മേ അദ്ധ്വാനശീലരാക്കുന്നു. മററു മനുഷ്യരിൽ നിന്നും അനേകം കാര്യങ്ങരം പഠിക്കാനുണ്ട്. അവ സാവധാനത്തിൽ പഠിക്കാൻ ആഗ്രഹിക്കുക; ഉത്സാഹിക്കുക.

വിദ്യാഭ്യാസം അറിവു സമ്പാദിക്കാൻ വേണ്ടി മാത്രമാകരുത്. ഒരു ജോലിക്കുകൂടി അതുപകരിക്കണം. ദീർഘനാരം പഠിച്ചിട്ടും പഠനം ഉപജീവനത്തിനുപകരിക്കുന്നില്ലെങ്കിൽ ജീവിതം പാഴായിപോകുന്നു. പഠനം വഴി എന്തെങ്കിലും ആയിത്തീരണമെന്നൊരാഗ്രഹം ഉണ്ടാകണം. ഉദ്യോഗം ആളുകളെ അന്വേഷിച്ചു വീട്ടിലെത്തുകയില്ല. ഉദ്യോഗം വേണ്ടവർ അതിനുവേണ്ടി അത്യധി

കം പരിശ്രമിക്കേണ്ടതായി വരും. ഏതെല്ലാം രംഗങ്ങളിൽ ജോലികിട്ടുവാനുള്ള സാദ്ധ്യതകൾ ഉണ്ടെന്ന കാര്യം കൂടികണ്ടുപിടിക്കാൻ ഉതകുന്നതായിരിക്കണം ആധുനികവിദ്യാഭ്യാസം. അതുകൊണ്ട് നമുക്കിഷ്ടപ്പെടുന്നതും അഭിരുചിക്കു ചേർന്നതുമായ ഒരു ജോലിക്കുപകരിക്കത്തക്ക വിദ്യാഭ്യാസം ലഭിക്കാൻ നോക്കണം.

കലാസ്വാദനവും കവിതാരചനയും പഠനവുമായി ജീവിതം മുഴവൻ നീക്കിവിടണമെങ്കിൽ അസാമാന്യ സമ്പത്തിനുടമയായിരിക്കണം. കുടുംബസ്വത്തിന്മേൽ ആശ്രയിക്കുന്നതിനേക്കാൾ സ്വന്തശക്തിയിലും ബുദ്ധിവ്യാപാരത്തിലും ആശ്രയിക്കുന്ന ശീലം വളർത്തിയെടുക്കണം. അങ്ങനെ നിശ്ചിത ലക്ഷ്യത്തോടെ പഠിക്കുന്നവർ മിക്കപ്പോഴും ലക്ഷ്യസ്ഥാനത്തെത്താറുമുണ്ട്. പഠിക്കുക. ഉത്സാഹിച്ചുപഠിക്കുക. ലക്ഷ്യബോധത്തോടെ പഠിക്കുക.

# 8 പഠനതത്പരത

വിദ്യ യാചിച്ചു നടക്കുന്നവനാണ് വിദ്യാത്ഥി. എന്നാൽ വിദ്യ യാചിക്കുവാൻ ഉത്സാഹമുള്ള കുട്ടികൾ ചുരുക്കമാണെന്നുള്ളതും ഒരു വസ്തുതയാണ്.

ജീവിതത്തെപ്പററി പ്ലാനും പദ്ധതിയുമില്ലാത്തവർക്ക് പഠനവ്യഗ്രതയുണ്ടാകാൻ പ്രയാസമാണ്. വിദ്യാത്ഥികൾക്ക് ജീവിതലക്ഷ്യമില്ലാതെ വരുന്നതു് ഒരു രോഗവും ശാപവുമാണെന്നു പറയാം. നൂതന കാര്യങ്ങൾ പഠിക്കണമെന്ന താത്പര്യമില്ലാതെ ഒരു തലമുറ വളർന്നുവന്നാൽ അതു് രാജ്യത്തിൻെറ ഭാവിയെ അപകടത്തിലാക്കും.

പഠനോത്സുകത വിദ്യാത്ഥികളുടെ മുഖ്യലക്ഷണമാണ്. അറിവു് ലഭിക്കണമെന്നു് താത്പര്യമുള്ളവർ

പുത്തൻ കാര്യങ്ങൾ പഠിക്കാൻ ഭ്രാന്തിനു തുല്യമായ ആവേശം കാണിക്കും. പരീക്ഷയ്ക്കു നന്നായി ഉത്തരം എഴുതുന്നതിനെപ്പററിയും കൂടുതൽ മാർക്കു സമ്പാദിക്കുന്നതിനെപ്പററിയുമായിരിക്കും അവർ എപ്പോഴും ചിന്തിച്ചു കൊണ്ടിരിക്കുക. ഓരോ പാഠവും ശ്രദ്ധ ചെലുത്തിയും താത്പര്യം കാണിച്ചും പഠിക്കും. അറിവിൻെറ നിറകുടമായ പാഠപുസ്തകം പരിപൂർണ്ണമായി പഠിക്കയും ചെയ്യും.

ഒരു ദീർഘകാല തപസ്യയാണ് പഠനം. ഒന്നോ രണ്ടോ വർഷംകൊണ്ടു പൂർത്തിയാക്കാവുന്ന സംഗ്രഹപദ്ധതികളൊന്നും പഠനത്തിൻെറ കാര്യത്തിലില്ല. പണം നൽകിയോ, ജോലിക്കാരെ നിയമിച്ചോ നമുക്കുവേണ്ടി പഠനം മററുള്ളവർക്കു നടത്തിത്തരാനും സാധിക്കുകയില്ല. അറിവ് ആവശ്യമുള്ളവർ ശ്രദ്ധാപൂർവ്വം തനിയെ പഠിക്കണം. അദ്ധ്വാനിച്ചാൽ ആർക്കും അറിവു ലഭിക്കുകയും ചെയ്യും.

പരീക്ഷ സമീപിക്കുമ്പോൾ രാത്രി മുഴവൻ ഉറക്കമിളച്ചിരുന്നു പഠിക്കുന്ന വിദ്യാർത്ഥികളുണ്ട്. മററവസരങ്ങളിൽ സമയം ദുർവ്യയം ചെയ്യുന്നവരാണ് മിക്കപ്പോഴും പരീക്ഷാദിവസങ്ങളിൽ ഉണ്ണാതെയും വിശ്രമിക്കാതെയും ശ്വാസമമർത്തിപ്പിടിച്ചിരുന്നു പഠിക്കുന്നതു്.

സാവധാനത്തിലും ആവർത്തിച്ചും പഠിക്കുന്ന കാര്യങ്ങളേ, ഓർത്തിരിക്കയുള്ളു. ഒററ രാത്രികൊണ്ടു പഠിക്കുന്നവ അടുത്ത രാത്രിയിൽ മറന്നു പോകും. വിഷയം പൂർണ്ണമായും പിടിയിലൊതുങ്ങണമെങ്കിൽ സാവധാനം പഠിക്കണം. ഒരു വർഷത്തെ സിലബസാണു് ഓരോ ക്ലാസ്സിലേക്കും നിശ്ചയിച്ചിരിക്കുന്നതു്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറ് നിശ്ചയിച്ചിരിക്കുന്ന സമയമത്രയുമെടുത്തു പഠിക്കുന്നതാണ് യുക്തിയും ഭംഗിയും കാര്യക്ഷമതയും. ഹോബികളിലുള്ള താത്പര്യം എത്ര ശക്തമായിരുന്നാലും പഠനത്തിൽ വേണം നമ്മുടെ ശക്തി പായിക്കാൻ.

ചില കാര്യങ്ങളെപ്പററി വിട്ടുവീഴ്ചയില്ലാത്ത തീരുമാനങ്ങൾ എടുക്കാൻ വിദ്യാർത്ഥികൾക്ക് കഴിവുണ്ടാക

ണം. അവയിൽ ഒന്നാണ് പഠിക്കണമെന്നുള്ളതീരുമാനം. എത്ര ''ബുദ്ധിമുട്ടുണ്ടായാലും ശരി ഞാൻ പഠിക്കും, പഠിച്ചുയരും.'' എന്നൊരു തീരുമാനമാണ് നമുക്കാവശ്യം. ഇങ്ങനെ തീരുമാനമെടുക്കുന്നവർ മഹാകാര്യങ്ങൾ ചെയ്യുന്നവരായിരിക്കും. തീരുമാനങ്ങളോടൊപ്പം കഠിനാദ്ധ്വാന മന:സ്ഥിതിയും വേണം.

ആവശ്യത്തിനു പഠിച്ചിട്ടുണ്ട് എന്നൊരു വിചാരം ആർക്കും ഉണ്ടാകരുത്. എല്ലാം അറിയാം എന്നു വിചാരിച്ചും പറഞ്ഞും നടക്കുന്നവർ അല്പബുദ്ധികളാണ്. പഠനം വർദ്ധിക്കുന്തോറും, വളരെക്കുറച്ചേ പഠിച്ചിട്ടുള്ളല്ലോ എന്നുള്ള വിചാരമാണുണ്ടാവുക. വിജ്ഞാനമഹാസമുദ്രത്തിൽക്കൂടെ കളിവള്ളത്തിൽ സഞ്ചരിക്കുന്നവരെയാണ് നാം മഹാപണ്ഡിതന്മാർ എന്നു വിശേഷിപ്പിക്കുന്നതു്. വിജ്ഞാനസമുദ്രത്തിൻെറ മറുകര കണ്ടിട്ടുള്ളവർ ആരുംതന്നെ ഇല്ലെന്നു തറപ്പിച്ചു പറയാം.

ജീവിതത്തിനുള്ള തയ്യാറെടുപ്പാണ് വിദ്യാഭ്യാസമെന്നുപറഞ്ഞാൽ തെററില്ല. ദീർഘമായ ജീവിതത്തിന് ഒരുക്കമായി ഹ്രസ്വമായ വിദ്യാഭ്യാസ കാലത്തു് നാം തയ്യാറാകുന്നു. പഠനത്തിനുവേണ്ടി ചെലവഴിക്കുന്ന പണമോ, സമയമോ ഒരു കാലത്തും നഷ്ടമല്ല. പിൽക്കാലജീവിതത്തിൽ ഏതെങ്കിലും തരത്തിൽ നമ്മുടെ അറിവ് പ്രയോജനപ്പെടുകയും ചെയ്യും.

ചില വിദ്യാൎത്ഥികളെ പരീക്ഷാദിവസങ്ങളിൽ ഭയം ആക്രമിക്കാറുണ്ട്. പഠിച്ചതെല്ലാം മറന്നുപോയെന്നും, കഠിനമായ ചോദ്യങ്ങൾ പരീക്ഷയ്ക്കുണ്ടാകുമെന്നുമുള്ള ഒരു മിഥ്യാധാരണയാണ് ഇതിനെല്ലാം കാരണം. ഭയമുള്ള കുട്ടികൾക്ക് മാതാപിതാക്കളോ അദ്ധ്യാപകരോ ധൈര്യം പകർന്നു കൊടുക്കണം. ധൈര്യപ്പെടുത്തി അയച്ചാൽ സമർത്ഥമായി അവർ പരീക്ഷ തരണം ചെയ്യും.

# 9 ഓർമ്മശക്തി വർദ്ധിപ്പിക്കാം

നേഴ്സറിസ്കൂളിൽ പഠിക്കുന്ന കുട്ടിയാണ് മോഹൻ കുമാർ. അഞ്ചുവയസായി. കുട്ടിയെ പഠിപ്പിച്ചു മിടുക്കനാക്കണമെന്നാണ് മാതാപിതാക്കളുടെ ആഗ്രഹം. മിടുക്കനാക്കുക എന്നു പറയുമ്പോൾ ജില്ലാകളക്ടർ, ഹൈക്കോടതിജഡ്ജി, കോളജ്പ്രിൻസിപ്പൽ തുടങ്ങിയ ഏതെങ്കിലും ഉന്നതോദ്യോഗത്തിൽ ആക്കണമെന്നാണ് ഉദ്ദേശിക്കുന്നതു്. ഇങ്ങനെ ഉന്നതമായ പ്രതീക്ഷകളോടെയാണ് മാതാപിതാക്കൾ മോഹൻകുമാറെന്ന കുട്ടിയെ നേഴ്സറിസ്കൂളിലാക്കിയതു്. ചെറുപ്പംമുതലേ നന്നായി പഠിച്ചാൽ മിടുക്കനായിത്തീരും എന്നു് അവർക്കു പ്രതീക്ഷയുമുണ്ടായിരുന്നു. നല്ല മുഹൂർത്തം നോക്കി, ഈശ്വരപ്രാർത്ഥനയും നടത്തി, വഴിക്കുള്ള ക്ഷേത്രത്തിൽ വഴിപാടും നൽകിയാണ് മോഹൻകുമാറിനെ വിദ്യാഭ്യാസത്തിന്റെ പിള്ളത്തൊട്ടിലായ നേഴ്സറി സ്കൂളിലെത്തിച്ചതു്.

പ്രിയപ്പെട്ട മാതാപിതാക്കളുടെ ഓമനപ്രതീക്ഷകളെല്ലാം മോഹൻകുമാർ ആദ്യദിവസങ്ങളിൽതന്നെ ചവിട്ടിത്തകർത്തു കളഞ്ഞു. അവനു് പഠനത്തിൽ താത്പര്യമില്ല. എപ്പോഴും കളിക്കണം. പിന്നെ ചിരിക്കണം. സൗകര്യം കിട്ടുമ്പോൾ കുസൃതിത്തരങ്ങളും കാണിക്കണം. അവന്റെ മറെറാരു ദുസ്വഭാവമായി മാതാപിതാക്കൾ ചൂണ്ടിക്കാണിക്കുന്നതു് ഓർമ്മക്കുറവാണ്. ഒന്നും അവന്റെ തലയിൽ ഇരിക്കുന്നില്ല. എത്ര നല്ല കാര്യം പറഞ്ഞാലും പെട്ടെന്നങ്ങു മറന്നുപോകുന്നു,

മോഹൻ കുമാറിന്റെ മാതാപിതാക്കളെപ്പോലെ പരാതിയും മനോവേദനയുമായി കഴിഞ്ഞുകൂടുന്ന അനേകരുണ്ടു്. കുട്ടികളുടെ ഓർമ്മശക്തിക്കുറവാണ് അവരുടെ പ്രധാനപ്രശ്നം. മിക്കപ്പോഴും ഇത്തരം പരാതികൾ അസ്ഥാനത്തുള്ളവയാണ്. കുട്ടികളുടെ പ്രായത്തിനു തക്ക ഓർമ്മശക്തിയല്ലേ അവർക്കുകൊണ്ടു നടക്കാൻ പററൂ.

ആറുവയസ്സിനു താഴെയുള്ള കുട്ടികൾക്കു പഠിക്കാനും ഓർത്തിരിക്കാനും തക്ക ബുദ്ധിവികസനം എത്താറില്ല. പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നു കേൾക്കാൻ അവക്കു സാദ്ധ്യമല്ല. നാം എന്തെങ്കിലും പറയുമ്പോൾ അവർ മററെന്തെങ്കിലും ശ്രദ്ധിച്ചു കൊണ്ടിരിക്കും. അതുകൊണ്ടു് പറഞ്ഞകാര്യങ്ങൾ മനസ്സിൽ പതിപ്പിച്ചുവയ്ക്കാൻ അവക്കു സാധിക്കുന്നില്ല. അതുകൊണ്ടു് പഠിപ്പിച്ച കാര്യങ്ങളുടെ മറുപടി ആയിരിക്കുകയില്ല പറയുന്നതു്. ഇതാണു് മാതാപിതാക്കൾ കുട്ടിയുടെ ബുദ്ധിക്കുറവിനു ഉദാഹരണമായി ചൂണ്ടിക്കാണിക്കുന്നതു്.

എന്നാൽ പ്രായമായവർക്കും ബുദ്ധിമാന്മാർക്കും ധാരാളം മറവികൾ സംഭവിക്കുന്നില്ലേ? ചില പ്രധാനപ്പെട്ട വാക്കുകൾ, കണക്കുകൾ, വായ്പമേടിച്ച തുക, എന്നിവ മറന്നുപോകുന്ന എത്രയോ പേരെ നാം അനുദിനം കാണുന്നു. വിവേകികളുടേയും ബുദ്ധിമാന്മാരുടെയും ഗണത്തിൽ പെട്ടവരാണു് അവർ. എങ്കിലും ഇങ്ങനെയൊക്കെ സംഭവിക്കും. ആ മറവികളൊക്കെ ഒരു പോരായ്മയായോ, ബുദ്ധിശൂന്യതയായോ നാം കണക്കാക്കാറില്ല താനും.

അത്യാവശ്യപ്പെട്ട കാര്യങ്ങൾ മറന്നുപോകാതെ എപ്പോഴും ഓർത്തിരിക്കുന്നതിനുവേണ്ടി അനേകം മാർഗ്ഗങ്ങൾ ആദികാലം മുതൽ മനുഷ്യർ അവലംബിച്ചുപോന്നു. എഴുത്തും വായനയും പ്രചാരത്തിൽ വരാതിരുന്ന കാലത്തു് വിദ്യാഭ്യാസം ലഭിക്കാത്ത ആളുകൾ അത്യാവശ്യകാര്യങ്ങൾ ഓർക്കുന്നതിനു് വസ്ത്രത്തിൻെറ അററത്തു്ഒരു കെട്ടു് ഇട്ടിരുന്നു. രണ്ടു കാര്യങ്ങൾ ഓർക്കേണ്ടവർ രണ്ടുകെട്ടിടും. അനന്തരം കെട്ടുകൾ നോക്കി കാര്യങ്ങൾ ഓർക്കയും അവസാനം കെട്ടു് അഴിച്ചു കളയുകയും ചെയ്യും. ഇതായിരുന്നു അന്നത്തെ ഒരു രീതി. വേറെ ചിലർ ഒരു ചരടു് കൂടെ കൊണ്ടുപോകും. അതിൽ കെട്ടുകളിടും. അവ നോക്കിയായിരിക്കും കാര്യങ്ങൾ ഓക്കുന്നതും നിവ്വഹിക്കുന്നതും.

ഇന്നു് പ്രധാനമന്ത്രി മുതൽ പഞ്ചായത്തു് പ്യൂൺവരെയുള്ളവർ കാര്യങ്ങൾ ഓർക്കുന്നതിനു് ഓരോ രീതി അവലംബിക്കാറുണ്ടു്. ഡയറികൊണ്ടു നടക്കുക, പേഴ്സണൽ അസിസ്റ്റൻറ് എന്ന പേരിലറിയപ്പെടുന്ന സെക്രട്ടറിമാരെ നിശ്ചയിക്കുക, ഓർക്കേണ്ടകാര്യങ്ങൾ കമ്പ്യൂട്ടറിൽരേഖപ്പെടുത്തുക തുടങ്ങിയ രീതികൾ അവലംബിക്കുന്നു.

മന്ത്രിമാർക്കും കമ്പനി മാനേജർമാർക്കും ഉള്ള സൗകര്യം സാധാരണക്കാർക്ക് ലഭ്യമല്ല. അതുകൊണ്ടു് ചെറിയ പോക്കററു് ഡയറികൾ വിദ്യാഭ്യാസമുള്ള സാധാരണക്കാർ കൊണ്ടുനടക്കുന്നു. അതിനുള്ളിൽ ഓരോ ദിവസവും ചെയ്യേണ്ട കാര്യങ്ങൾ ചെറിയഅക്ഷരങ്ങളിൽ കുറിച്ചിടുന്നു. അവ നോക്കി പ്രവർത്തനപരിപാടികൾ നിയന്ത്രിക്കുന്നു. മറവിയെപ്പേടിച്ചാണു് ഇക്കാര്യങ്ങളൊക്കെ അവർ ചെയ്യുന്നതു്.

കുട്ടികളുടെ വിദ്യാഭ്യാസ രംഗത്തും ഓർമ്മയ്ക്കുള്ള വിദ്യകൾ നടപ്പാക്കിക്കൊണ്ടിരിക്കയാണു്. ബാലവാടികളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള പാട്ടുകളും പാഠങ്ങളും ശ്രദ്ധിച്ചാൽ ഇക്കാര്യം മനസ്സിലാകും. മിക്കപ്പോഴും ഇംഗ്ലീഷ്–മലയാള അക്ഷരങ്ങൾ ഒരു പാട്ടായിട്ടാണു് കുഞ്ഞുങ്ങളെ പഠിപ്പിക്കുക. എല്ലാ കുഞ്ഞുങ്ങൾക്കും പാടാവുന്ന തരത്തിലുള്ള ലളിതഗാനങ്ങൾ വഴി കുട്ടികളുടെ ഓർമ്മയിൽ ഒതുങ്ങിയിരിക്കേണ്ട കാര്യങ്ങൾ ഉറപ്പിച്ചുവയ്ക്കുന്നു. ഏതാനും പാട്ടുകൾ പഠിച്ചാൽ സിലബസനുസരിച്ചുള്ള അവരുടെ പഠനവും തീരും. 'അ' എന്ന അക്ഷരം പഠിപ്പിക്കാൻ അമ്മ എന്ന സുപരിചിതമായ പദം പറഞ്ഞുകൊടുക്കുന്നു. കുട്ടികൾക്കു് അർത്ഥം പെട്ടെന്നു പിടികിട്ടും. എല്ലാം എളുപ്പം.

വിവിധ നിറത്തിലുള്ള ചായങ്ങൾ ഓർമ്മശക്തിയെ സഹായിക്കുന്നു. പ്രത്യേകം ശ്രദ്ധ ചെലുത്തി പഠിക്കേണ്ട വാക്കിനു് പ്രത്യേകതരം നിറങ്ങൾ നല്കിയിരി

ക്കും. അവ കാണുമ്പോൾ ശ്രദ്ധിച്ചു പഠിക്കേണ്ട കാര്യങ്ങൾ കുട്ടികളുടെ ഓർമ്മയിൽ ഓടിയെത്തും.

അദ്ധ്യാപകർ ക്ലാസ്സിൽ പഠിപ്പിക്കുന്ന വിഷയങ്ങളെല്ലാം ഒരു പ്രാവശ്യം കേൾക്കുന്നതുകൊണ്ടുമാത്രം ആർക്കും ഓർത്തിരിക്കാൻ സാധിക്കയില്ല. അതിനുള്ള ഒരു സഹായിയാണു് നോട്ടുബുക്കുകൾ. പഠിപ്പിക്കുന്ന വിഷയങ്ങളുടെ പ്രധാന ആശയങ്ങൾ നോട്ടുബുക്കിൽ രേഖപ്പെടുത്തിവയ്ക്കുക, വീട്ടിച്ചെല്ലുമ്പോൾ ആ നോട്ടുകൾ വായിച്ചുനോക്കുക. ആവർത്തിച്ചുവായിച്ചു് ആശയങ്ങൾ ഉള്ളിലുറപ്പിക്കുക. ഇതാണു് നോട്ടുബുക്കുകളുടെ പ്രയോജനം.

കാര്യങ്ങൾ ഓർത്തിരിക്കാനുള്ള മറ്റൊരുപാധിയാണു് കാഴ്ച. കണ്ണുകൾകൊണ്ടു കണ്ടുകഴിയുമ്പോൾ പല കാര്യങ്ങളും ഓർമ്മയിൽ പതിയും. താജ്മഹലിനെപ്പററി കേട്ടിട്ടുണ്ടെങ്കിലും, അതു കണ്ടുകഴിഞ്ഞാലേ നമുക്കു തൃപ്തി വരൂ. ആഗ്രായിൽ ചെന്നു താജ്മഹൽ കണ്ടുകഴിയുമ്പോൾ ലേഖനങ്ങളിൽ വായിച്ചവയെക്കാൾ വ്യത്യാസപ്പെട്ടതാണു് യഥാത്ഥ താജ്മഹലെന്നു നമുക്കു ബോദ്ധ്യമാവുകയും ചെയ്യും. നാം നേരിട്ടുകണ്ട താജ്മഹലിനെ നാം ഒരിക്കലും മറക്കുകയുമില്ല.

ഓർത്തിരിക്കേണ്ട അനുദിനകാര്യങ്ങൾ കുറിച്ചിടുന്നതിനു് ഒരു ചെറിയ ഡയറി കൊണ്ടുനടക്കുന്ന കാര്യത്തെപ്പററി വിദ്യാത്ഥികൾക്കുപോലും ചിന്തിക്കാവുന്നതാണു്. രാഷ്ട്രീയസാമൂഹിക പ്രാധാന്യമുള്ള അധികവിഷയങ്ങൾ കൈകാര്യം ചെയ്യുന്നില്ലെങ്കിലും ഓർത്തിരിക്കേണ്ട പല കാര്യങ്ങൾ വിദ്യാത്ഥികളുടെ ജീവിതത്തിലുമുണ്ടു്. പരീക്ഷ, കലാ—കായിക മത്സരങ്ങൾ, വിനോദയാത്ര, സാഹിത്യസമാജം തുടങ്ങിയ കാര്യങ്ങൾ ഏതെല്ലാം ദിവസങ്ങളിൽ നടക്കുന്നുവെന്നുള്ള കാര്യം നിങ്ങളുടെ കൊച്ചു ഡയറിയിൽ കുറിച്ചിടുക. ഇടയ്ക്കു് ഡയറി മറിച്ചുനോക്കുമ്പോൾ അക്കാര്യം ഓർമ്മയിൽ വരികയും ചെയ്യും. ഓരോ ദിവസത്തേയും പ്രവർത്തനങ്ങൾ നന്നായി നടത്തുവാൻ ഇതുപോലുള്ള ഓർമ്മപ്പെടുത്തലുകളും അവലോകനങ്ങളും പരിശോധനകളും സഹായകമാവുകയും ചെയ്യും.

ദിവസവും നിങ്ങഠം കിടക്കുന്നതിനു മുൻപ് അഞ്ചു മിനിട്ടുനേരം അന്നു ചെയ്ത കാര്യങ്ങളെപ്പററിയും പഠിച്ച വിഷയങ്ങളെപ്പററിയും ഒരു പരിശോധന നടത്തുന്നതു് ഓർമ്മശക്തിയെ വളരെ സഹായിക്കും. മാതാപിതാക്കഠം കുട്ടികളോടു് ഓരോ ദിവസവും വൈകുന്നേരം അവർ അന്നുചെയ്ത പ്രധാന കാര്യങ്ങളെല്ലാം പറയാൻ നിർദ്ദേശിക്കുകയാണെങ്കിൽ അതു് ഓമ്മശക്തിയെ ഉണത്തുന്ന ഒരു കമ്മമായിരിക്കും. രാവിലെ മുതൽ വൈകുന്നേരം വരെയുള്ള കാര്യങ്ങളെപ്പററി ചിട്ടയായി ഓക്കാൻ ഇതു സഹായിക്കും.

മന്ദബുദ്ധികളായ കുട്ടികളെ ബുദ്ധിമാന്മാരാക്കുക അസാദ്ധ്യമായ കാര്യമാണു്. എന്നാൽ സാധാരണബുദ്ധികളെ അവരുടെ ഓർമ്മശക്തി വദ്ധിപ്പിച്ചു് അസാധാരണ വ്യക്തികളും മഹാന്മാരുമാക്കിത്തീക്കുക എളുപ്പമാണു്. അക്കാര്യത്തിൽ മാതാപിതാക്കഠംക്കും സഹോദരങ്ങഠംക്കും അദ്ധ്യാപകക്കും വളരെ സഹായവും നൽകാം,

# 10 കൈയക്ഷരം

ഒരു ഡോക്ടർ തൻെറ ഉത്തമസുഹൃത്തിനു് ഒരു കത്തെഴുതി. മകൻെറ വിവാഹത്തിൽ വന്നു സംബന്ധിക്കണമെന്നതായിരുന്നു കത്തിലെ സാരം. ആത്മാത്ഥസുഹൃത്തിനു് അച്ചടിച്ച ക്ഷണക്കത്തു് അയയ്ക്കുന്നതു് ഭംഗിയല്ലല്ലോ എന്നു കരുതിയാണു് എഴുതി അയച്ചതു്. കത്തുകിട്ടിയ സ്നേഹിതൻ ഒരു ദിവസം മുഴവൻ ശ്രമിച്ചിട്ടും അതു വായിച്ചു മനസ്സിലാക്കാൻ കഴിഞ്ഞില്ല. മെഡിക്കൽ ഷോപ്പുകാർ ഡോക്ടർമാരുടെ കുറിപ്പുകഠം വായിക്കാൻ വിദഗ്ദ്ധരാണല്ലോയെന്നു കരുതി ഒരു മെഡിക്കൽ ഷോപ്പിൽ കൊണ്ടുപോയി കാണിച്ചു. മരുന്നു വില്പനക്കാരൻ

കത്തുവായിച്ചശേഷം ഉള്ളിലുള്ള അലമാര തുറന്ന് മുപ്പതുതു പാസ്സുള്ള മരുന്നെടുത്തു കൊടുത്തു. ഇങ്ങനെയൊരു കഥ അടുത്ത ദിവസം വായിക്കാനിടയായി.

ആർക്കും മനസ്സിൽ തോന്നുന്നതുപോലെ എന്തും വായിച്ചെടുക്കാൻ ഉതകുന്ന വിധം വികൃതവും വിരൂപവുമായ രീതിയിൽ എഴുതുന്നയാളുകൾ ഉണ്ട്. എഴുതുന്നയാളിളിൻെറ മനസ്സിൽ ഉദ്ദേശിക്കുന്നവ എഴുതാനും, അവ മററുള്ളവർക്ക് അതുപോലെ വായിക്കാനും സാധിക്കത്തക്ക വിധമുള്ള കൈയക്ഷരം വശമാക്കണം.

ഒരാളുടെ കൈയക്ഷരം നോക്കി സ്വഭാവം കണ്ടുപിടിക്കാമെന്ന് ആധുനിക മന:ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നുണ്ട്. ഒരു വിദ്യാർത്ഥിയുടെ ക്ലാസ്സ്നോട്ട നോക്കി അയാളുടെ വൃത്തി, പഠനശീലം തുടങ്ങിയ കാര്യങ്ങൾ സാധാരണക്കാർക്കു പോലും അനുമാനിക്കാവുന്നതാണ്.

ശരിയായ വിദ്യാഭ്യാസത്തിൻെറ ലക്ഷണമാണ് നല്ല കൈയക്ഷരം. അതുപോലെ മോശമായ കൈയക്ഷരം വിദ്യാഭ്യാസത്തിൻെറ പോരായ്മയും കാണിക്കുന്നു. ഭംഗിയുള്ള അക്ഷരങ്ങളിൽ വൃത്തിയായി എഴുതിയ ഉത്തരക്കടലാസുകൾ കാണുമ്പോൾ അദ്ധ്യാപകർക്ക് സംതൃപ്തി ഉണ്ടാകുന്നു. വായിക്കാൻ സുഖവും എളുപ്പവുമുള്ള ഉത്തരക്കടലാസുകളോട് അദ്ധ്യാപകർക്ക് ഒരു മമതയുണ്ടായെന്നും വരും. കാക്കചികഞ്ഞതുപോലെ മോശമായ കൈയക്ഷരത്തിൽ എഴുതിയ ഉത്തരക്കടലാസുകൾ വായിച്ചു മടുത്തിരിക്കുമ്പോൾ നല്ല കൈയക്ഷരത്തിലുള്ള ഉത്തരക്കടലാസുകൾ ഉള്ളിനു തണുപ്പും സന്തോഷവും നല്കുക സാധാരണമാണ്. നല്ല കൈയക്ഷരമുള്ള വിദ്യാർത്ഥി ആശയങ്ങൾ വല്ലതും എഴുതിയിട്ടുണ്ടെങ്കിൽ നല്ല മാർക്കു കൊടുക്കണമെന്ന പക്ഷപാത ബുദ്ധി പരീക്ഷകനു് ഉണ്ടാവുകയും ചെയ്യും.

ഒരേ തരത്തിലുള്ള ഉത്തരം രണ്ടു പേർ എഴുതിയെന്നു വിചാരിക്കുക. അവയിൽ നല്ല കൈയക്ഷരമുള്ളയാൾക്ക്

അല്പം മാർക്കു് കൂടുതൽ ലഭിക്കാനാണു് എപ്പോഴും സാദ്ധ്യത. സ്ഥാപനങ്ങളിലും ഉദ്യോഗങ്ങളിലും നല്ല കൈയക്ഷരമുള്ളവർ കയറിപ്പററാൻ ആളുകരം ആഗ്രഹിക്കുകയും ചെയ്യും.

ആക്കും വായിക്കാൻ സാധിക്കുന്നവിധം എഴുതാൻ കഴിയുന്നയാരംക്കു് ആത്മവിശ്വാസം ഉണ്ടായിരിക്കും. പാണ്ഡിത്യം തുളുമ്പുന്ന കാര്യങ്ങളായിരുന്നാലും ശരി, വായിക്കാൻ ബുദ്ധിമുട്ടുള്ള രീതിയിൽ എഴുതുന്നയാളിനോടു് എല്ലാവർക്കും അമർഷം തോന്നാനും പാടുണ്ടു്. മിടുക്കരായ വിദ്യാർത്ഥികരം വിരൂപമായ കൈയക്ഷരമുള്ളവരായതുകൊണ്ടു് പരീക്ഷയിൽ തോററുപോയിട്ടുള്ള സന്ദർഭങ്ങളും വിരളമല്ല. പരീക്ഷകരും മനുഷ്യരാണെന്നും അവരുടെ ക്ഷമയ്ക്കും അതിരുണ്ടെന്നും നാം ഓർത്തിരിക്കുന്നതു് നന്നാണു്.

ബാല്യം മുതലേ പരിശ്രമിച്ചാൽ മാത്രമേ നല്ല കൈയക്ഷരം സമ്പാദിക്കുവാൻ സാധിക്കൂ. സ്കൂളുകളിൽ ഇംഗ്ലീഷിനും മലയാളത്തിനും പകർത്തെഴുത്തു വച്ചിരിക്കുന്നതു് ഈ ഉദ്ദേശ്യത്തോടുകൂടിയാണു്. വരയിട്ട കടലാസുകളിൽ എഴുതി ശീലിക്കുന്നതു് വൃത്തിയായും ഭംഗിയായും എഴുതാൻ സഹായിക്കും.

ഉദ്യോഗത്തിനായും കാര്യസാദ്ധ്യത്തിനുവേണ്ടിയും അപേക്ഷകരം അയയ്ക്കുമ്പോരം അതു് എളുപ്പത്തിൽ വായിക്കാൻ പററിയ അക്ഷരങ്ങളിലും ശൈലിയിലും എഴുതിയാൽ അനുകൂലമായ മറുപടി വേഗം കിട്ടുന്നതിനുപകരിക്കും. മററുള്ളവരെ സ്വാധീനിച്ചു് നമ്മുടെ ആവശ്യം സാധിച്ചു കിട്ടുകയാണല്ലോ കത്തുകളുടെയും അപേക്ഷകളുടെയും ഉദ്ദേശ്യം. ആളുകളെ വശത്താക്കാനുള്ള എളുപ്പമാർഗ്ഗങ്ങളിൽ ഒന്നാണു് നല്ല കൈയക്ഷരം.

രുചിപ്രദവും പോഷക നിർഭരവുമായ ഭക്ഷണം കഴിക്കണമെന്നാണു് എല്ലാവരുടേയും ആഗ്രഹം. എന്നാൽ ഭക്ഷണം വൃത്തിയുള്ള പാത്രത്തിൽ വിളമ്പികിട്ടിയാൽ മാ

ത്രമേ ആസ്വാദ്യകരമാകൂ. ഇതുപോലെ നല്ല ഭാഷയിലും വായിക്കത്തക്ക രീതിയിലും എഴുതിയാൽ ആശയങ്ങളുടെ ആകർഷകത കൂടുമെന്നോർത്തിരിക്കാം.

# 11. പഠനവും ആരോഗ്യവും

പഠിക്കാൻ മിടുക്കരെങ്കിലും പരീക്ഷയെഴുതി സാമത്ഥ്യം പ്രകടിപ്പിക്കാൻ അവസരം കിട്ടാതെ പോകുന്ന കുട്ടികൾ അനേകമാണ്. പരീക്ഷയടുക്കുമ്പോൾ ഓരോ വിഷയവും കഠിനാദ്ധ്വാനം നടത്തി പഠിച്ചൊരുങ്ങുന്ന ഹനീഫായ്ക്ക് നന്നായി പരീക്ഷയെഴുതാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പനിയും ജലദോഷവുമാണ് മിക്കപ്പോഴും. എന്നും തലവേദനയുമായി കഴിയുന്ന ഒരു കൊച്ചു മിടുക്കനാണ് ബാബു. എന്തെങ്കിലും കാര്യമായി പഠിക്കാൻ തുടങ്ങിയാൽ ഉടൻ തലവേദന ആരംഭിക്കും. ഏതാനും മണിക്കൂർ കഴിഞ്ഞേ അതൊന്നു ശമിക്കൂ. അതുകൊണ്ടു് പരീക്ഷയ്ക്കു അധികം ശ്രമിച്ചു പഠിക്കാതെ പരീക്ഷാഹാളിൽ ഇരുന്നു തോന്നുന്ന കാര്യങ്ങൾ എഴുതി കഷ്ടിച്ചു ജയിച്ചുപോരാനേ കഴിയുന്നുള്ളു.

വയറുവേദന കാരണം ഒരിക്കലും ശരിയായും ചിട്ടയായും പഠിക്കാൻ കഴിയാത്ത കുട്ടിയാണ് ലളിതാമോൾ. അടങ്ങിയൊതുങ്ങിയിരുന്നു പഠിക്കാൻ തുടങ്ങുമ്പോൾ വയറുവേദനയും ആരംഭിക്കും. പല മരുന്നുകളും കഴിച്ചുനോക്കിയെങ്കിലും ഒന്നും ഫലം ചെയ്തില്ല. ഹൈസ്കൂൾക്ലാസ്സിൽ പഠിക്കുന്ന ലളിതാമോൾ സ്കൂളിൽ വന്നിരുന്നു വയറുവേദന കാരണം കരയുന്നതു കാണുമ്പോൾ അദ്ധ്യാപകർക്കും സഹപാഠികൾക്കും സഹതാപം തോന്നും. സഹതപിക്കുകയല്ലാതെ മറ്റൊന്നും ചെയ്യാൻ അവർക്കു സാധിക്കയില്ലല്ലോ. സമർത്ഥരായ അനേകം കുട്ടികൾക്കു് പഠനം പൂർത്തി

യാക്കാൻ കഴിയാതെ പോയിട്ടുണ്ട്. മിടുക്കരായ കുട്ടികൾ ആരോഗ്യക്കുറവുകൊണ്ട് കുറഞ്ഞ മാർക്കു വാങ്ങി പാസ്സായി പ്പോകയും ചെയ്യാറുണ്ട്. ''ചുവരുണ്ടെങ്കിലേ ചിത്രമെഴുതാൻ സാധിക്കൂ' വെന്നുള്ള തത്വം വിദ്യാർത്ഥികളും മാതാപിതാക്കളും അദ്ധ്യാപകരും ഒരുപോലെ മനസ്സിലാക്കിയിരിക്കേണ്ടതാവശ്യമാണ്. ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സും പ്രവർത്തിക്കയുള്ളു. ശാരീരികാരോഗ്യം പഠനത്തെ കാര്യമായി ബാധിക്കും. പഠനത്തിനു കൊടുക്കുന്നതുപോലെയുള്ള പ്രാധാന്യം ആരോഗ്യസംരക്ഷണത്തിനും നൽകണം.

ഭവനവും വിദ്യാലയവും പുസ്തകങ്ങളുമായി മാത്രം കഴിയുന്നവർക്ക് ആരോഗ്യം ഉണ്ടാകാനും പ്രയാസമാണ്. സ്കൂളുകളിലുള്ള കായികപരിശീലനങ്ങളിൽ ഉദാസീനത പുലർത്തുന്നവർ ആരോഗ്യത്തിൽ തീർത്തും ശ്രദ്ധിക്കാതെ വരുന്നു.

ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്ന ചില ഓമനസന്താനങ്ങളെ വെയിൽ കൊള്ളിക്കാനോ, വ്യായാമം ചെയ്യാനോ അനുവദിക്കാത്ത മാതാപിതാക്കളുണ്ട്. എല്ലാ കുട്ടികളുടേയും കൂടെ ഓടിച്ചാടി നടക്കാൻ അവരെ അനുവദിക്കയില്ല. വെയിൽ കൊണ്ടാൽ കുട്ടികൾ തളർന്നു അവശരായിപ്പോകും എന്നാണ് ചിലരുടെ ഭയം. എന്നാൽ കുട്ടികളെ സ്നേഹിക്കുന്നവർ അവരുടെ ആരോഗ്യത്തെ കൂടി സ്നേഹിക്കണം എന്നോർക്കേണ്ടതാണ്.

ആരോഗ്യവും ബുദ്ധിശക്തിയുമുള്ള കുട്ടികൾ രാജ്യത്തുണ്ടാകുന്നതിനുവേണ്ടിയാണ് വിദ്യാഭ്യാസ പരിപാടിയിൽ കായികപരിശീലനംകൂടി ഉൾപ്പെടുത്തിയിരിക്കുന്നതു് എന്ന കാര്യം അറിവുള്ളവർ എന്നു കരുതപ്പെടുന്ന മാതാപിതാക്കൾപോലും വിസ്മരിക്കാറുണ്ട്.

വോളിബോൾ, ഫുട്ബോൾ, ബാഡ്മിൻറൻ, ടെന്നീസ്, ക്രിക്കററ് തുടങ്ങിയ കളികളിൽ ഏതെങ്കിലും ഒന്നു് വിദ്യാർത്ഥികൾ വശമാക്കിയിരിക്കണം. വല്ലവരും കളിക്കുന്ന ഫുട്ബോളിൻേറയും ക്രിക്കററിൻേറയും

റേഡിയോ കമൻററികഠം കട്ടിലിൽ കിടന്ന കേഠംക്കയോ ടെലിവിഷനിൽ കാണുകയോ ചെയ്യുന്നതുകൊണ്ടു് വിദ്യാൎത്ഥികഠംക്കു് ആരോഗ്യം ഉണ്ടാകയില്ല. കോർട്ടിലിറങ്ങി കളിക്കണം. ആരോഗ്യത്തിലെന്നപോലെ സ്വഭാവരൂപവത്കരണത്തിലും കളികഠംക്കു് വലിയ പങ്കുണ്ടു്. പല സ്വഭാവക്കാരായ കുട്ടികളോടു് ഒത്തു ചേർന്നു പോകുന്നതിനും, ടീംസ്പിരിററും സഹകരണമനഃസ്ഥിതിയും ലക്ഷ്യബോധവും ഉണ്ടാകുന്നതിനും കളികഠം സഹായിക്കുന്നു. കുട്ടികളുടെ നേതൃത്വവാസന വളർത്തിയെടുക്കുന്നതിനും കളിസ്ഥലങ്ങഠം കാര്യമായി സഹായിക്കുന്നുണ്ടു്. ഒരു ടീമിൻെറ ക്യാപ്ററൻ എപ്പോഴും നേതൃത്വവാസന വൎദ്ധിപ്പിക്കുന്നവനായിരിക്കും. മത്സരക്കളികഠം നടത്തുമ്പോഠം ക്യാപ്ററനെയും പരിശീലകനെയും അനുസരിക്കുക വിജയത്തിനുള്ള ഏക വഴിയാണു്. ഓരോരുത്തൎക്കും അപ്പപ്പോഠം തോന്നുന്നതുപോലെ കളിച്ചാൽ ഒരിക്കലും വിജയിക്കയില്ല.

യോഗാഭ്യാസം, ദീർഘമായ നടപ്പു് തുടങ്ങിയവ ആരുടെയും സഹായവും സഹകരണവും കൂടാതെ നടത്താവുന്ന വ്യായാമങ്ങളാണു്. പഠിച്ചിരുന്ന കാലത്തു് കളികളിലൊന്നും ഏൎപ്പെടാതെ കഴിഞ്ഞിരുന്ന വ്യക്തിയായിരുന്നു ഗാന്ധിജി. എന്നാൽ എല്ലാ ദിവസവും ഒരു മണിക്കുറെങ്കിലും നടക്കുന്നതിനു് ഉത്സാഹിച്ചിരുന്നതുകൊണ്ടു് അരോഗദൃഢഗാത്രം സംരക്ഷിക്കുന്നതിനു് അദ്ദേഹത്തിനു സാധിച്ചു.

ശരീരം വൃത്തിയായി സൂക്ഷിക്കുക, വൃത്തിയുള്ള വസ്ത്രം ധരിക്കുക, രാവിലെയും വൈകിട്ടും കുളിക്കുക, ദന്തശുചീകരണം ചെയ്യുക എന്നിവയും ആരോഗ്യത്തിനു് അത്യാവശ്യമാണു്. വൃത്തിയായി നടക്കുന്നതിനു് സുഗന്ധദ്രവ്യങ്ങഠം ശരീരമാസകലം പൂശേണ്ട ആവശ്യമേ ഇല്ല. വിലകൂടിയ വസ്ത്രം ധരിക്കേണ്ട കാര്യവും ഇല്ല. കുളിയിലും വസ്ത്രശുചീകരണത്തിലും അശേഷം ശ്രദ്ധിക്കാതെ നടക്കുന്ന പ്രായമായ ബഹുമാന്യരായ ചില വ്യക്തികളെ ചിലപ്പോഠം നാം കാണാറുണ്ടു്. അടുത്തുനിന്നു് സംസാ

രിക്കാനോ, പെരുമാറാനോ അവരിൽ നിന്നും പുറപ്പെടുന്ന ദുർഗ്ഗന്ധം നമ്മേ അനുവദിക്കയില്ല. എത്രയും വേഗം അകന്നുമാറണം എന്നു് ഉള്ളുകൊണ്ടു് നാം വിചാരിച്ചു പോകുന്നു. വൃത്തിഹീനരോടു് വെറുപ്പു് തോന്നുക സഹജമാണു്.

ഉറക്കം, ജോലി, ശരീരശുചീകരണം എന്നിവയ്ക്കെല്ലാം നമ്മുടെ ജീവിത പരിപാടിയിൽ സമയം കണ്ടെത്തണം. ജോലിത്തിരക്കു് അഭിനയിച്ചുനടക്കുന്ന ചിലർ ഇവയൊക്കെ നിസ്സാരകാര്യങ്ങളായി പറയുകയും, അവയെ പുച്ഛിച്ചു സംസാരിക്കയും ചെയ്യും. എന്നാൽ അശ്രദ്ധരും അലസരും ബോധശൂന്യരുമായ ഇവർ അന്യർക്കുവരുത്തുന്ന ബുദ്ധിമുട്ടുകൾ കുറച്ചൊന്നുമല്ല. മാന്യന്മാരായി നടക്കുന്നവർ മറ്റുള്ളവർക്കു് ഒരു തരത്തിലും പ്രയാസം ഉണ്ടാക്കാൻ പാടില്ലെന്ന കാര്യം സൗകര്യപൂർവ്വം വിസ്മരിക്കരുതു്.

വിദ്യാഭ്യാസകാലം പഠനത്തിനു മാത്രമുള്ള സമയമായി വെട്ടിച്ചുരുക്കരുതു്. ജീവിത പരിശീലനത്തിനുള്ള അവസരമാണു് പഠനകാലം. നമ്മുടെ ജീവിതപരിശീലനത്തിൽ മുൻപു് പറഞ്ഞ കാര്യങ്ങളെല്ലാം ഉൾക്കൊള്ളുകയും വേണം. ഗവണ്മെൻറു് നിർദ്ദേശിക്കുന്ന വിദ്യാഭ്യാസ പദ്ധതിയിൽ ചില കാര്യങ്ങൾ മാത്രം സ്വീകരിക്കയും മറ്റുള്ളവ പൂർണ്ണമായി ഉപേക്ഷിക്കയും ചെയ്താൽ വികലമായ വിദ്യാഭ്യാസമായിരിക്കും നമുക്കു ലഭിക്കുക. വ്യക്തിത്വത്തിന്റെ സമഗ്രമായ വികസനവും ശിക്ഷണവും ആഗ്രഹിക്കുന്നവർ, ആരോഗ്യവും പഠനവും ഒരുപോലെകരുതി രണ്ടിലും ശ്രദ്ധകേന്ദ്രീകരിക്കണം. വ്യായാമം ചെയ്തു് ആരോഗ്യത്തിൽ ശ്രദ്ധിക്കുന്ന കുട്ടികളിൽ നിന്നും രോഗങ്ങളും, രോഗാണുക്കളും പേടിച്ചോടുമെന്ന കാര്യവും ശ്രദ്ധയിലുണ്ടായിരിക്കണം.

CHILDREN'S LIBRARY
ST. ANTONY'S MONASTERY
ALWAYE

# 12. മാനസിക പക്വത

ഏതു കാര്യം ചെയ്യുന്നതിനും പക്വത ആവശ്യമാണ്. പഠനത്തിന്റേയും പരീക്ഷയുടേയും കാര്യത്തിൽ വളരെ പക്വത പ്രദർശിപ്പിക്കണം. പരീക്ഷ സമീപിക്കുമ്പോൾ ചില കുട്ടികൾ കാണിക്കുന്ന പരിഭ്രമവും ബഹളവും തിക്കുമുട്ടലുകളും കാണുമ്പോൾ മാനസിക പക്വതയുടെ കാര്യം നമ്മുടെ ഓർമ്മയിൽ ഓടിയെത്തും. പഠിച്ചിട്ടുള്ള കാര്യങ്ങൾ വിവേകപൂർവ്വം കടലാസ്സിൽ രേഖപ്പെടുത്തി കാണിച്ചാലേ, അതു് മാർക്കായി രൂപാന്തരപ്പെടുകയുള്ളു. പരീക്ഷ സംബന്ധിച്ച എല്ലാ കാര്യങ്ങളും മനസ്സിലിട്ടു തൂക്കിനോക്കി തീരുമാനമെടുക്കാൻ പക്വബുദ്ധിയായ വിദ്യാർത്ഥിക്കേ കഴിയൂ.

സിലബസനുസരിച്ചുള്ള വിഷയങ്ങളെല്ലാം പഠിച്ച കുട്ടികൾപോലും പലപ്പോഴും പരീക്ഷയെ ഭയപ്പെടുന്നു. സിലബസിനു വെളിയിൽനിന്നും തെരഞ്ഞെടുത്ത വിഷമം പിടിച്ച കാര്യങ്ങളായിരിക്കും പരീക്ഷയ്ക്കു് ചോദിക്കുന്നതെന്നു് അവർ കരുതുന്നു. മടിയന്മാരും മണ്ടന്മാരും പരീക്ഷയെപ്പററി പറയുന്ന അഭിപ്രായങ്ങൾ അവഗണിക്കേണ്ടതാണ്. അവശ്യം പഠിച്ചിരിക്കേണ്ടതും, എന്നാൽ അലസതകൊണ്ടു പഠിക്കാതിരുന്നതുമായ വിഷയങ്ങൾ പരീക്ഷയ്ക്കു വരുമ്പോൾ പരീക്ഷ വിഷമകരവും ശല്യവും ഒരു ഭാഗ്യക്കുറിയുമായിത്തീരുന്നു.

പരീക്ഷ അടുക്കാറാകുമ്പോൾ നാലോ അഞ്ചോ ചോദ്യങ്ങൾക്കുത്തരം മാത്രം കഷ്ടിച്ചു പഠിച്ചശേഷം എല്ലാം പഠിച്ചുവെന്നു പറഞ്ഞിരിക്കുന്നവരുണ്ടു്. ഇങ്ങനെ നറുക്കിട്ടുപഠിച്ച വിഷയങ്ങൾ പരീക്ഷയ്ക്കു വരാതിരുന്നാൽ, പരീക്ഷ വിഷമകരവും ഉപദ്രവകരവുമായിത്തീരുന്നു. അക്കാര്യം അവർ നാടുനീളെ വിളിച്ചുപറയുകയും ചെയ്യും. അലസന്മാരോടും ബുദ്ധിശൂന്യരോടും ആലോചന ചോദിച്ചും അഭിപ്രായം ആരാഞ്ഞും നടക്കുന്നവർക്കു് ഇതുപോ

ലെയുള്ള കാര്യങ്ങൾ കേട്ട് പരീക്ഷയെപ്പററി തെററായ ധാരണകൾ രൂപീകരിക്കയും ചെയ്യും,

## പരീക്ഷ രസകരം

സമർത്ഥരായ കുട്ടികളോട് സംസാരിക്കുമ്പോഴാണ് പഠനംപോലെ രസകരമായ കാര്യമാണ് പരീക്ഷയും എന്ന വസ്തുത നമ്മുടെ ശ്രദ്ധയിൽപെടുക. ആഴ്ചതോറും ക്ലാസ്സ്പരീക്ഷ നടത്തിപ്പോരുന്ന സ്കൂളുകളിലെ കുട്ടികൾക്ക് ഒരു പരീക്ഷയും പ്രയാസം നിറഞ്ഞതായിരിക്കയില്ല. പരീക്ഷയെപ്പററി സന്തോഷം നിറഞ്ഞ അനുഭവങ്ങളായിരിക്കും അവർക്കുള്ളത്. പരീക്ഷയെ പേടിക്കരുതെന്നും, മറിച്ച് അതിനെ സ്നേഹിക്കണമെന്നും അവർ മററു കുട്ടികളെ ഉപദേശിക്കും.

പരീക്ഷ സമീപിക്കുമ്പോൾ പല കുട്ടികൾക്കും ഉണ്ടാകുന്ന വയറുവേദന. തലവേദന, പനി, വയററിളക്കം തുടങ്ങിയ രോഗങ്ങൾക്കെല്ലാം കാരണം അനാവശ്യമായ പരീക്ഷാഭയമാണ്. അമിത ഭയമുള്ള കുട്ടികൾക്ക് ആത്മധൈര്യം പകരുന്നതിന്ന് ഓരോ വിഷയത്തിന്റേയും ഒരു നിശ്ചിത ഭാഗമെടുത്ത് ആഴ്ചതോറും ക്ലാസ്സിലോ വീട്ടിലോ പരീക്ഷ നടത്തണം. ഇങ്ങനെ കൊച്ചുകൊച്ചു പരീക്ഷകൾക്കുവേണ്ടി പഠിക്കുമ്പോൾ സാവധാനത്തിലും എന്നാൽ ക്രമമായും ഓരോ വിഷയവും പഠിക്കും. പഠിച്ചു കഴിഞ്ഞാൽ പരീക്ഷയെ അശേഷം ഭയപ്പെടേണ്ട ആവശ്യവും ഇല്ല. എല്ലാ പരീക്ഷകൾക്കും ധാരാളം മാർക്കും കിട്ടും.

## പഠനവും സാമൂഹിക പ്രശ്നങ്ങളും

നാട്ടിൽ നടക്കുന്ന എല്ലാ സാമൂഹിക—സാമ്പത്തിക പ്രശ്നങ്ങളിലും ശ്രദ്ധ പായിച്ചു് നടക്കുന്ന വിദ്യാർത്ഥികളുണ്ട്. വിലക്കയററം, തൊഴിലില്ലായ്മ, പഞ്ചാബിലെ ക്രമസമാധാന നില, വർണ്ണവിവേചനം, ലോക

വ്യാപകമായ പട്ടിണി തുടങ്ങിയ പ്രശ്നങ്ങരം പരിഹരിക്കാൻ പാഞ്ഞുനടക്കുന്ന ഹൈസ്കൂരം വിദ്യാൎത്ഥികരം ഇന്നാട്ടിലുണ്ട്. അവരുടെ മാനവികതയും, വിശപ്രശ്ന ങ്ങളെത്തന്നെയും അപഗ്രഥിക്കുവാനുമുള്ള കഴിവും അംഗീകരിച്ചുകൊടുക്കേണ്ട കാര്യങ്ങളാണു്.

വിവിധ വിഷയങ്ങളുടെ അടിസ്ഥാനതത്വങ്ങരം പഠിക്കാനുള്ള വിദ്യാഭ്യാസകാലം സാമൂഹിക പ്രശ്നങ്ങളുടെ ഊരാക്കുടുക്കുകരം അഴിക്കുന്നതിനുവേണ്ടി വിദ്യാൎത്ഥികരം ചെലവഴിക്കണമോ എന്നുള്ളതു് സംഗതമായ ഒരു ചോദ്യമാണു്. രാഷ്ട്രീയനേതാക്കരംക്കുപോലും പരിഹരിക്കാൻ പററാതെ കിടക്കുന്ന വൻ പ്രശ്നങ്ങളുടെ എടുത്താൽ പൊങ്ങാത്ത ഭാണ്ഡക്കെട്ടുകളുമായി വിദ്യാൎത്ഥികരം നടക്കേണ്ട കാര്യമില്ല. രാഷ്ട്രീയത്തിൽ ശ്രദ്ധ ചെലുത്തി നടക്കുന്ന കുട്ടികരം പഠനത്തിൽ വിമുഖന്മാരായിട്ടാണു് കണ്ടുവരുന്നതു്.

സിനിമാ, നാടകം, കായികവിനോദങ്ങരം എന്നിവയിലുള്ള താത്പര്യം നല്ലതാണെങ്കിലും അമിതാവേശം എപ്പോഴും അപകടകരമാണു്. മനസ്സിനെ നിയന്ത്രിച്ചു നിർത്തുവാനുള്ള കഴിവ് പലപ്പോഴും ദുർബലമായിപ്പോകും. വികാര വിചാരങ്ങളെ വേണ്ടവിധം നിയന്ത്രിച്ചു നിറുത്താൻ കഴിഞ്ഞാലേ പഠനം സാദ്ധ്യമാകൂ.

## പഠനത്തിനു ശത്രുക്കരം

ബുദ്ധിശൂന്യരും, ആഡംബരഭ്രമക്കാരുമായ സതീൎത്ഥ്യർ പഠനത്തിനു ശത്രുക്കളാണു്. വൃത്തിഹീനരും അലസന്മാരുമായിട്ടുള്ളവരോടുള്ള സമ്പർക്കവും ഇതുപോലെ നമ്മുടെ ഭാവിയെ അപകടത്തിലാക്കും. ഭക്ഷണക്കൊതിയന്മാരും പുകവലിരാജന്മാരും ഒരിക്കലും ബുദ്ധിജീവികളായിത്തീർന്നിട്ടില്ലെന്നോർത്തിരിക്കാം.

മനസ്സിനേയും ശരീരത്തെയും നിയന്ത്രിക്കുവാനുള്ള കഴിവ് ഒരു പരിധിവരെ പഠനത്തെ സഹായിക്കുന്നു. പ്രായ

മായവരുടേയും, പഠിച്ചു മിടുക്കരായവരുടേയും അഭിപ്രായങ്ങളും ഉപദേശങ്ങളുമാണു് നാം ശ്രവിക്കേണ്ടതു്. എല്ലാ പരീക്ഷകൾക്കും പരാജയമടഞ്ഞു്, ടൂട്ടോറിയൽ കോളേജുകൾ തോറും കയറിയിറങ്ങുന്നവർ വളരെപ്പരീക്ഷകളിൽ പരാജയമടഞ്ഞു എന്ന വിശേഷണത്തിൻെറ ഉടമകളാണു്. അവരെയൊക്കെ ബഹുമാനിച്ചു നടക്കുന്നവർ മിടുക്കരാവുക അസാദ്ധ്യമാണു്.

ഓരോ ദിവസവും രാവിലെയും വൈകിട്ടും നാം വിദ്യാർത്ഥികളാണെന്നും അനേകം കാര്യങ്ങൾ കണ്ടും കേട്ടും വായിച്ചുമായി പഠിക്കാനുണ്ടെന്നും ഓർമ്മയിൽ കൊണ്ടുവരണം. ഭാവിയിൽ രാഷ്ട്രീയ സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടുവാനുള്ള സന്ദർഭം നമ്മുടെ ജീവിതത്തിലും ലഭിക്കുമെന്നുള്ള വിചാരം ഉണ്ടാവുകയാണെങ്കിൽ ഇളംപ്രായത്തിലേ എല്ലാക്കാര്യങ്ങളിലും നാം എടുത്തുചാടുകയില്ല.

വിദ്യാലയംപോലെ പഠനത്തിനുള്ള സ്ഥലമാണു് ഭവനവും. വിദ്യാർത്ഥികൾ ഉള്ള ഭവനങ്ങളിൽ പഠനത്തിന്നുപററിയ സാഹചര്യങ്ങളും സജ്ജീകരണങ്ങളും വേണം. ക്ലാസ്സിൽ ശ്രവിച്ച കാര്യങ്ങൾ ആവർത്തിച്ചുള്ള വായന വഴി മനസ്സിലുറപ്പിക്കേണ്ടത് വീട്ടിലിരുന്നാണു്. അദ്ധ്യാപകരെപ്പോലെ മാതാപിതാക്കളും ഉത്സാഹിച്ചാൽ മാത്രമേ കുട്ടികളുടെ പഠന താത്പര്യം വർദ്ധിക്കുകയുള്ളു.

## 13. ഗുരുശിഷ്യ ബന്ധം

കച്ചവടമനഃസ്ഥിതി ഇന്നു് സാംസ്കാരിക രംഗത്തേക്കും വ്യാപിച്ചു കൊണ്ടിരിക്കുകയാണു്. വിദ്യാഭ്യാസം, കല, തുടങ്ങിയവ ഇന്നു് വില്പനച്ചരക്കുകളായി മാറിക്കഴിഞ്ഞു. തലമുറ തലമുറകളായി ഗുരുനാഥന്മാരി

ലൂടെ ശിഷ്യഗണത്തിലേയ്ക്കു് അറിവിന്റെ ചാലുകരം ഒഴകികൊണ്ടിരുന്നതായി നാം കാണകയും, അറിവിന്റെ ഉറവിടങ്ങളായ ഗുരുക്കന്മാരെ ബഹുമാനിക്കയും ചെയ്തിരുന്നു.

പിതൃപുത്ര ബന്ധംപോലെ പാവനവും മോഹനവും വന്ദനീയവുമായിട്ടാണ് ഗുരുശിഷ്യബന്ധത്തെയും ഭാരതീയാചാര്യന്മാർ വിഭാവനം ചെയ്തിട്ടുള്ളതു്. ഗുരുകുലവിദ്യാഭ്യാസത്തിന് മുൻതൂക്കമുണ്ടായിരുന്ന അക്കാലത്ത് ഋഷിതുല്യജീവിതം നയിച്ചവരായിരുന്നു അദ്ധ്യാപകർ. സന്താനതുല്യം ശിഷ്യന്മാരെ സ്നേഹിക്കാൻ പററിയ ഹൃദയത്തിന്റെ ഉടമസ്ഥരുമായിരുന്നു അദ്ധ്യാപകർ.

അദ്ധ്യാപകരെ ആത്മാർത്ഥമായി ബഹുമാനിക്കയും സ്നേഹിക്കയും ചെയ്യുക ശരിയായ വിദ്യാഭ്യാസത്തിന്റെ ലക്ഷണമാണ്. അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിൽ ആത്മാർത്ഥത നിറഞ്ഞ ഒരു ബന്ധം വേണം. അദ്ധ്യാപകന് പഠിപ്പിക്കുന്ന വിഷയങ്ങളെപ്പററി ശരിയായ ജ്ഞാനം ഉണ്ടെന്നും, വിശ്വവിജ്ഞാനത്തിന്റെ തേൻതുള്ളികരം അദ്ദേഹത്തിന്റെ നാവിൻതുമ്പത്തുകൂടെയാണ് ശിഷ്യന്മാരുടെ മനസ്സിലേക്കു് ഇററിററു വീഴുന്നതെന്നും ബോധമുണ്ടാകണം. ജാതി മത വർഗ്ഗ വർണ്ണഭേദമെന്യേ അദ്ധ്യാപകരെ ബഹുമാനിച്ചാദരിക്കുന്ന ശീലം ശിഷ്യന്മാർ പഠിക്കണം. ഗുരുജനങ്ങളെ ആദരിച്ചു ബഹുമാനിക്കുന്നതിൽ അദ്വിതീയരാണ് സമർത്ഥരായ വിദ്യാർത്ഥികളെല്ലാമെന്നു് നമുക്കു് അറിവുള്ള കാര്യവുമാണ്.

ശിഷ്യന്മാരാണ് തന്റെ ഏററവും വലിയ സമ്പത്തെന്നു കരുതി, പരീക്ഷാ വിജയത്തിനും ജീവിത വിജയത്തിനും ആവശ്യമായ കാര്യങ്ങരം അവരുടെ മനസ്സിൽ പകർന്നൊഴിക്കുവാൻ അദ്ധ്യാപകർ ഒരുങ്ങണം.

ഓരോ കുട്ടിയുടെയും ജീവിത പശ്ചാത്തലത്തെപ്പററി അദ്ധ്യാപകന് അറിവു് വേണം. വിശ്രമസമയങ്ങരം നോക്കി കുട്ടികളെ വിളിച്ചു് തനിച്ചുകണ്ടു് സ്വാതന്ത്ര്യമായി സംസാരിക്കാനും പഠനത്തിന് വിഘാതമായി

നിൽക്കുന്ന ഘടകങ്ങൾ നീക്കം ചെയ്യാൻ മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊടുക്കാനും അദ്ധ്യാപകർ ശ്രദ്ധിക്കണം.

ഭാരതീയ പാരമ്പര്യത്തിൽ പരിശീലിച്ചുവരുന്ന വിദ്യാർത്ഥികൾക്ക് മാതാപിതാക്കളോടും ബന്ധുക്കളോടും പല കാര്യങ്ങളും തുറന്നുപറയാൻ ധൈര്യമില്ലാതെ പോകാറുണ്ട്. ബന്ധപ്പെട്ടവരോട് പറയാൻ മടപ്പുള്ള കാര്യങ്ങളും പ്രശ്നങ്ങളും അദ്ധ്യാപകരോട് വിദ്യാർത്ഥികൾ തുറന്നു പറഞ്ഞുവെന്നു വരാം. പഠനത്തിൽ ശ്രദ്ധിക്കാതെ നടക്കുന്ന പല കുട്ടികളേയും വിളിച്ചന്വേഷിക്കുമ്പോഴാണ് അവരുടെ ജീവിതപ്രയാസങ്ങളും പ്രശ്നങ്ങളും നമുക്കു മനസ്സിലാകുക. എതിർപ്പുകൾ നിറഞ്ഞ ജീവിതത്തെ ധൈര്യപൂർവ്വം നേരിടാൻ വിദ്യാർത്ഥികളെ സന്നദ്ധരാക്കുവാൻ അദ്ധ്യാപകനുള്ള കടമ അവഗണിക്കാൻ പാടില്ല. കുട്ടികളുമായി ഉൾബന്ധം പുലർത്താൻ കഴിയുന്നയാളിനേ, അദ്ധ്യാപന രംഗത്ത് വിജയിക്കാനും കഴിയൂ.

പാഠ്യവിഷയങ്ങൾ രസകരമായും ലളിതമായും പഠിപ്പിക്കുന്ന അദ്ധ്യാപകരോട് എല്ലാവർക്കും മതിപ്പുണ്ടായിരിക്കും. വിഷയങ്ങൾ പഠിച്ചൊരുങ്ങാതെ വരിക, ക്ലാസ്സിൽ വന്നു വല്ലതും വായിച്ചശേഷം ജോലിത്തിരക്കഭിനയിച്ചു പോവുക, ക്ലാസ്സിൽ അച്ചടക്കം പാലിക്കാൻ അശേഷം ശ്രദ്ധിക്കാതിരിക്കുക തുടങ്ങിയ പോരായ്മകൾ പ്രകടിപ്പിക്കുന്ന അദ്ധ്യാപകരെ പുച്ഛഭാവത്തോടെയായിരിക്കും വിദ്യാർത്ഥികൾ വീക്ഷിക്കുക.

മോശമായ വിഷയങ്ങളില്ല; മോശമായ അദ്ധ്യാപകരുണ്ടാകാം. അദ്ധ്യാപനകല മനസ്സിലാക്കുന്നയാൾ ഏതു വിഷയവും ലളിതമായും കുട്ടികളുടെ മനസ്സിലേക്കിറങ്ങിച്ചെല്ലത്തക്ക വിധത്തിലും പഠിപ്പിക്കാൻ കഴിവുള്ളവനായിരിക്കും.

ഓരോ വർഷവും അദ്ധ്യാപകനു ലഭിക്കുന്ന വിദ്യാർത്ഥികളുടെ ബുദ്ധിനിലവാരം തമ്മിൽ വ്യത്യാസമുണ്ടായിരിക്കും. ഈ ബുദ്ധിനിലവാരം ശരിക്കും ഗ്രഹിക്കാൻ അദ്ധ്യാപകൻ ആത്മാർത്ഥമായി ശ്രമിക്കണം. ശിഷ്യരെ

ചിരിപ്പിക്കയും. ചിന്തിപ്പിക്കയും, വിജ്ഞാനധന്യരാക്കുകയും ചെയ്യുന്ന അദ്ധ്യാപകൻ ശിഷ്യരുടെ മനസ്സിൽ മായാത്ത മുദ്ര പതിപ്പിക്കും. ഓരോ ക്ലാസ്സിലും പ്രതിഭാശാലികളായ കുറേ കുട്ടികൾ ഉണ്ടായിരിക്കും. പാഠവിഷയങ്ങളെപററി സംശയങ്ങളുണ്ടാകുന്നതു് മിക്കപ്പോഴും മിടുക്കരായ കുട്ടികൾക്കാണു്. ചോദ്യങ്ങൾ ചോദിക്കാൻ അവരെ പ്രോത്സാഹിപ്പിക്കയും സംതൃപ്തികരമായ ഉത്തരം നൽകി അവരുടെ വിജ്ഞാനതൃഷ്ണ ശമിപ്പിക്കയും വേണം.

അദ്ധ്യാപകരെക്കാൾ അറിവു് തങ്ങൾക്കുണ്ടെന്നു വിചാരിക്കുന്ന വിദ്യാർത്ഥികളുണ്ടു്. അഹന്തയുടെയും അധഃപതനത്തിൻെറയും ആരംഭത്തിലാണു് അത്തരം ചിന്തകൾ മുളയ്ക്കുന്നതു്. അദ്ധ്യാപകരിൽ കഴിവു കുറഞ്ഞവരും കൂടിയവരും കാണും. ആരെയും വിദ്യാർത്ഥികൾ നിന്ദിക്കയോ അവഹേളിക്കുകയോ ചെയ്യരുതു്. അദ്ധ്യാപകരും മനുഷ്യരാണെന്നുംബലഹീനതകൾ അവരുടെ ഭാഗത്തും ഉണ്ടാകാമെന്നും നാമോർത്തിരിക്കണം. കുട്ടികളോടു് ദേഷ്യപ്പെടുകയും, അമിതമായി ശകാരിക്കയും, ചിലപ്പോൾ കഠിനമായിശിക്ഷിക്കയുംചെയ്യുന്ന അദ്ധ്യാപകരേയും ബഹുമാനിക്കാൻ പഠിക്കണം.

വിദ്യാഭ്യാസരംഗം ഒരു കലാപരാഷ്ട്രീയ മേഖലയായി ഇന്നു മാറിയിട്ടുണ്ടു്. അറിവും ജീവിത പരിജ്ഞാനവുമുള്ള അദ്ധ്യാപകരിൽനിന്നും ഉപദേശങ്ങൾ സ്വീകരിക്കാൻ വിദ്യാർത്ഥികൾക്കിന്നു വൈമനസ്യമാണു്. രാഷ്ട്രീയ പ്രവർത്തകരും അക്ഷരവൈരികളായ തൻകാര്യപ്രസക്തരും ഇന്നു വിദ്യാർത്ഥികളുടെ ഉപദേശക സമൂഹത്തിൽപ്പെടുന്നു.

പാഠത്തെപ്പററിയും ജീവിതത്തെപ്പററിയും അദ്ധ്യാപകൻ നൽകുന്ന അനർഘങ്ങളും പ്രായോഗികങ്ങളുമായ നിർദ്ദേശങ്ങൾ അക്ഷരംപ്രതി അനുസരിക്കുവാൻ ഓരോ വിദ്യാർത്ഥിയും ഉത്സാഹിക്കേണ്ടതാണു്. സാമാന്യം തൃപ്തികരമായ രീതിയിൽ പാസ്സായി സ്കൂളിൽനിന്നും പുറത്തു പോകണമെന്നുള്ള ഉദ്ദേശ്യത്തെക്കാൾ, സ്കൂളിലെ മികച്ച

വിദ്യാർത്ഥിയായി പുറത്തിറങ്ങണമെന്ന ആഗ്രഹമാണ് നമുക്ക വേണ്ടതു്. പരീക്ഷയ്ക്കു ജയിക്കുന്നതിനാവശ്യമായതിനെക്കാരം അധികം അറിവു് ഗുരുമുഖത്തുനിന്നും നേടാനും ഉത്സാഹിക്കണം.

അദ്ധ്യാപകരെ ബഹുമാനിക്കയും സ്നേഹിക്കയും ചെയ്യുന്നതും വിദ്യാഭ്യാസമാണെന്നോർത്തിരിക്കാം.

# 14. വായനാശീലം

വായന മനുഷ്യനെ അറിവുള്ളവനാക്കുന്നു എന്ന തത്വം മിക്കവർക്കും അറിയാമെങ്കിലും വായിക്കാതെ അറിവു സമ്പാദിക്കാനുള്ള മാർഗ്ഗങ്ങളാണ് പലരും ചിന്തിച്ചുപോകുന്നതു്. കുട്ടിക്കാലം മുതൽ ശ്രദ്ധിച്ചുപോന്നില്ലെങ്കിൽ അറിവുസമ്പാദിക്കാനുള്ള മുഖ്യ ഉപാധിയായ വായനാശീലം നമുക്ക ലഭിക്കാതെ പോയെന്നു വരും.

പുസ്തകങ്ങരം വായിക്കാൻ മിക്ക കുട്ടികരംക്കും താല്പര്യമില്ലെന്നുള്ളതാണ് വാസ്തവം. എന്നാൽ വിജ്ഞാനസമ്പാദനത്തിനുള്ള വിശിഷ്ടോപാധിയായ വായനാശീലം കുട്ടികരംക്കില്ലാതെ പോകുന്നതു് വലിയ നഷ്ടവുമാണ്. അതുകൊണ്ടു് എങ്ങനെയും കുട്ടികളെ വായനയിൽ തത് പരരാക്കുക എന്നുള്ളതു് പ്രധാന കാര്യമാണ്. കഥകരം വായിക്കാൻ കുട്ടികരംക്കെല്ലാം ആഗ്രഹമുണ്ട്. അതുകൊണ്ട് കുട്ടികളുടെ അറിവിനും പദജ്ഞാനത്തിനും പററിയ രീതിയിലുള്ള കഥാഗ്രന്ഥങ്ങരം തെരഞ്ഞെടുത്തുവായിക്കാൻ കൊടുക്കണം. അടുത്ത കാലത്തായി ഇറങ്ങുന്ന ചിത്രകഥകരം കുട്ടികളെ വായനാശീലത്തിൽ ഉത്സുകരാക്കാൻ പററിയവയാണ്.

വീരസാഹസിക കഥകൾ വായിക്കാൻ കുട്ടികൾക്ക താല്പര്യം കൂടും. അറബിക്കഥകൾ, ഈസോപ്പുകഥകൾ, പഞ്ചതന്ത്രകഥകൾ, ഗലിവറിൻെറ കഥ, ആലീസിൻെറ അത്ഭുതലോകം തുടങ്ങിയ പുസ്തകങ്ങളൊക്കെ ഇഷ്ടംപോലെ വായിക്കാൻ കുട്ടികളെ പ്രേരിപ്പിക്കണം. എന്നാൽ ഇങ്ങനെയുള്ള പുസ്തകങ്ങൾ വായിച്ചു വായനയിൽ ശീലവും താത്പര്യവും വന്ന കഴിഞ്ഞാൽ, മററു പുസ്തകങ്ങൾ തെരഞ്ഞെടുത്തു കൊടുക്കുന്നതിൽ മാതാപിതാക്കളും അദ്ധ്യാപകരും ശ്രദ്ധിക്കണം. കുട്ടികൾ ആവശ്യപ്പെടുന്ന പുസ്തകങ്ങളേക്കാൾ കുട്ടികൾക്കാവശ്യമുള്ള ഗ്രന്ഥങ്ങൾ തെരഞ്ഞെടുത്തു കൊടുക്കണം. രക്ഷകർത്താക്കൾ ക്ഷമയും ശ്രദ്ധയും പ്രദർശിപ്പിക്കേണ്ട രംഗമാണിതു്. നല്ല പുസ്തകങ്ങൾ നോക്കിയെടുത്തു വായിക്കാനുള്ളപരിശീലനവുംകുട്ടികൾക്കു് നല്കേണ്ടതായിട്ടുണ്ടു്. ഒരുവൻെറ ജീവിതകാലം മുഴുവൻ വായിക്കേണ്ട പുസ്തകങ്ങൾ തെരഞ്ഞെടുത്തു നല്കാൻ അദ്ധ്യാപകരെ ഏർപ്പെടുത്തുക സാദ്ധ്യമല്ല. സ്വയം തെരഞ്ഞെടുക്കാനുള്ള ശീലവും രീതിയും കുട്ടികൾ അഭ്യസിച്ചിരിക്കണം.

## കുട്ടികളുടെ അഭിരുചികൾ

പഠനവും പ്രായവും വദ്ധിക്കുന്നതനുസരിച്ചു് കുട്ടികൾക്കു് വിവിധങ്ങളായ അഭിരുചികളും ഉണ്ടാകുന്നു. അഭിരുചിയനുസരിച്ചു് വായനാശീലവും മാറിക്കൊണ്ടിരിക്കും. ശാസ്ത്രം, സാഹിത്യം, കല, ചരിത്രം തുടങ്ങിയ വിഷയങ്ങളിൽ കുട്ടികൾക്കു് അഭിരുചി ഉണ്ടായിക്കഴിയുമ്പോൾ അതനുസരിച്ചുള്ള ഗ്രന്ഥങ്ങൾ വായിക്കാനാണു് അവർ ഉത്സുകരാവുക. കാലിനു പാകമാകുന്ന ചെരിപ്പുകൾ കുട്ടികൾക്കു് നാം വാങ്ങിച്ചുകൊടുക്കുന്നതുപോലെ ബുദ്ധിക്കു് ഇണങ്ങിയ ഗ്രന്ഥങ്ങൾ നിർദ്ദേശിച്ചു കൊടുക്കണം.

കുട്ടികൾക്കുള്ള സർവ്വവിജ്ഞാനകോശം വാങ്ങിക്കുകയും അവ വായിക്കാൻ കുട്ടികളെ നിർബന്ധിക്കുകയും ചെ

യ്യുന്നവരുണ്ട്. വലിയ പുസ്തകങ്ങൾ വായിക്കാൻ കുട്ടികൾക്ക താത്പര്യമില്ലെന്നുള്ളതാണ് സത്യം. സർവ്വവിജ്ഞാനകോശങ്ങൾ ഗൃഹത്തിലെ അലമാരയിൽ സസുഖം വിശ്രമിക്കുന്നതായി പലപ്പോഴും കണ്ടുവരുന്നു.

പുസ്തകങ്ങൾ വായിച്ചു തള്ളുവാൻ കുട്ടികളെ പരിശീലിപ്പിക്കാൻ പാടില്ല. വായനയോടൊപ്പം ചിന്തിക്കാനും കൂടി കുട്ടികൾ പഠിക്കണം. അതുകൊണ്ട് വായിച്ച ഓരോ പുസ്തകത്തെപ്പററിയും അഭിപ്രായം ആരായണം. അല്ലെങ്കിൽ പുസ്തകത്തെപ്പററിയുള്ള ചർച്ചയ്ക്ക് അവരെ ഒരുക്കണം. ചിലപ്പോൾ പുസ്തകത്തെപ്പററി ഒരു വിമർശനക്കുറിപ്പെഴുതാൻ അവരെ നിർബ്ബന്ധിക്കുന്നതും നല്ലതാണ്.

വായിച്ച പുസ്തകത്തെപ്പററി കുട്ടികളോട് മാതാപിതാക്കളോ അദ്ധ്യാപകരോ അഭിപ്രായം ചോദിച്ച് അവരുടെ വിമർശമനോഭാവവും പഠനതപരയും വികസിപ്പിച്ചെടുക്കുകയും വേണം. മാതാപിതാക്കളേയും അദ്ധ്യാപകരേയും അത്ഭുതപ്പെടുത്തുന്ന തരത്തിലുള്ള അഭിപ്രായങ്ങളും വിമർശനങ്ങളും കുട്ടികളിൽനിന്നും പലപ്പോഴും കേൾക്കാനും സാധിക്കും.

## വായനയുടെ ശത്രുക്കൾ

റേഡിയോയും ടെലവിഷനും കുട്ടികളുടെ വായനാശീലത്തിനു വിഘാതം സൃഷ്ടിക്കുന്നു. വായനയെക്കാൾ എളുപ്പമാണല്ലോ വല്ലതും കണ്ടും കേട്ടുംകൊണ്ടിരിക്കുക. അതുകൊണ്ട് റേഡിയോ ശ്രവിക്കാനും ടെലവിഷൻ കാണാനുമായി കുട്ടികൾ വളരെസമയം ചെലവഴിക്കുന്നതു നന്നല്ല. അറിവു സമ്പാദിക്കുന്നതിന് അദ്ധ്വാനം ആവശ്യമാണ്. വായന തപസ്യയാണ്. ഓരോരുത്തരും വായിക്കുമ്പോഴാണ് വ്യക്തിപരമായി അറിവു നേടുന്നത്.

വായനാശീലം പണം കൊണ്ടു സമ്പാദിക്കാവുന്നതോ നേടാവുന്നതോ അല്ല. എഴുത്തുംവായനയും പഠിക്കുന്നതോടുകൂടി ഈ ശീലം സമ്പാദിക്കുകയാണെങ്കിൽ ജീവിത

ത്തിൽ സൗഭാഗ്യവും സന്തോഷവും സംതൃപ്തിയും ഉണ്ടാ കും. ബുദ്ധിപരമായ വികസനത്തിനും വിശ്രമസമയം പ്രയോജനപ്രദമായി ചെലവഴിക്കാനുമുള്ള ഉത്തമമായ ശീലങ്ങളിൽ ഒന്നാണ് വായന.

ഒരു നിശ്ചിത പ്രായമെത്തുമ്പോഠം നമ്മുടെ ശരീര ത്തിന്റെ വളർച്ച അവസാനിക്കുന്നു. എന്നാൽ മനസ്സ് എപ്പോഴും വളർന്നു കൊണ്ടിരിക്കും മനസ്സിന്റെ വളർച്ച യ്ക്കുള്ള ഭക്ഷണസാധനമാണല്ലോ ഗ്രന്ഥങ്ങഠം. ഏതു പ്രായ ക്കാർക്കും ഏതുകാലാവസ്ഥയിലും വിശ്രമവും വിനോദ വും വിജ്ഞാനവും പകർന്നുതരുന്ന സുഹൃത്തുക്കളായ ഗ്രന്ഥ ങ്ങളെ സ്നേഹിക്കാനും ഉപയോഗിക്കാനും ഉത്സാഹിക്കണം.

# 15. ഇംഗ്ലീഷ് പഠനം

അടുത്ത കാലത്ത് സ്കൂഠം സിലബസിലും പഠനത്തി ലും തീർത്തും അവഗണിക്കപ്പെട്ട ഒരു വിഷയമാണ് ഇംഗ്ലീഷ്. മലയാളഭാഷയാണ് ലോകത്തിലെ നല്ല ഭാഷ യെന്നും സർവ്വ ജ്ഞാനവിജ്ഞാനങ്ങളും മലയാളപുസ്തക ങ്ങഠം വായിച്ചാൽ കിട്ടുമെന്നും ആവേശത്തോടെ പ്രസംഗി ച്ചു നടക്കുന്നവരുണ്ട്. എന്നാൽ ഈ ആവേശക്കാർ ഇംഗ്ലീ ഷുപത്രങ്ങളും പുസ്തകങ്ങളും വായിക്കുന്നവരും അവരുടെ സന്താനങ്ങഠം ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ അല്ലലും അലച്ചിലും കൂടാതിരുന്നു ഇംഗ്ലീഷുഭാഷ പഠിക്കുന്നവരു മായിരിക്കും.

ഒരു കാര്യം തീർച്ച, ഇംഗ്ലീഷിനെ അവഗണിച്ചും ഉപേക്ഷിച്ചും വിദ്യാഭ്യാസം നടത്തിയാൽ ഈ കേരളീയ യുവാക്കഠംക്ക് ഗതി കിട്ടാൻ പ്രയാസമാണ്. ഇംഗ്ലീഷ് ഭാഷയിലൂടെ നൂതന കാര്യങ്ങഠം വായിച്ചറിഞ്ഞവരാ

ണ് ബ്രിട്ടീഷുകാർക്കെതിരായി സ്വാതന്ത്ര്യസമരത്തിനു നേതൃത്വം വഹിച്ച ഇന്ത്യക്കാരെന്നകാര്യം ഓത്തിരിക്കാം.

ഇംഗ്ലീഷ് ഒരു വിശ്വഭാഷയാണ്. ലോകത്തിൻെറ ഏതുഭാഗത്തു സഞ്ചരിക്കുന്നതിനും ഇംഗ്ലീഷ് ഭാഷാജ്ഞാനം ഉപകരിക്കും. വിശ്വഭാഷകരം പഠിച്ചിട്ടുള്ള ജനസമൂഹങ്ങരം മാത്രമേ വികസിച്ചിട്ടുള്ളു. അല്ലാത്തുള്ളവ ആശയസമ്പർക്ക സൗകര്യമില്ലാതെ മുരടിച്ചു പോയിട്ടുണ്ട്,

ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ ഇംഗ്ലീഷ് ഭാഷാപഠനം ത്വരിതപ്പെടുത്തിക്കൊണ്ടിരിക്കുന്ന അവസരത്തിൽ, വിദേശഭാഷയാണെന്നുപറഞ്ഞു് നാം ഇംഗ്ലീഷ് പഠിക്കാതിരുന്നാൽ ഇംഗ്ലീഷ് ഭാഷയ്ക്കു് ഒരു കുഴപ്പവും വരികയില്ല. നമുക്കു തന്നെയാണു് അതുകൊണ്ടുള്ള നഷ്ടം ഉണ്ടാവുക.

അറിവു സമ്പാദിക്കുന്നതിനും അതു് കാലോചിതമായരീതിയിൽ വികസിപ്പിച്ചെടുക്കുന്നതിനും ഇംഗ്ലീഷ് പഠനം കൂടിയേതീരൂ. ഇക്കാര്യം ഉറപ്പിച്ചു പറയുന്നതിന് ആക്കും മടി തോന്നേണ്ടതില്ല.

ഏതു ഭാഷയാണെങ്കിലും പഠിക്കുക ബുദ്ധിമുട്ടുള്ള കാര്യമാണ്. അറിവുള്ള അദ്ധ്യാപകരുടെ കീഴിൽ പഠിച്ചാലേപ്രയോജനമുള്ളുവെന്നതു് ഒരു സത്യമാണ്. വ്യാകരണത്തെററു കൂടാതെ എഴുതാനും ഉച്ചാരണശുദ്ധിയോടെ സംസാരിക്കുവാനും കഴിവുള്ള അദ്ധ്യാപകരുടെ കീഴിൽ വേണം പഠനം തുടങ്ങുവാൻ. രണ്ടാം തരം അദ്ധ്യാപകർ മൂന്നാം തരം വിദ്യാത്ഥികളെയാണു് സൃഷ്ടിക്കുക.

സാധാരണ പ്രയോഗത്തിലിരിക്കുന്ന വാക്കുകരം, അവയുടെ അത്ഥം, അവ ചേർന്നുള്ള ശൈലികളുടെ നാനാത്ഥങ്ങരം എന്നിവയൊക്കെ പഠിച്ചിരിക്കണം. ലളിതപദങ്ങരം ഉപയോഗിച്ചു് തെററു കൂടാതെ ഉള്ളിലുള്ള ആശയങ്ങരം കടലാസിൽ രേഖപ്പെടുത്താനും കഴിയണം,

ഇംഗ്ലീഷ് ഭാഷയെ സംബന്ധിച്ചിടത്തോളം ഉള്ള പ്രത്യേകത എഴുതുന്നതുപോലെയല്ല അതു് വായിക്കുന്നതു് എന്നതാണു്. ചുരുക്കത്തിൽ ശബ്ദത്തിൽ പ്രത്യേ

കം ശ്രദ്ധിക്കണം. ഉച്ചാരണത്തിൽ പിശകും അശ്രദ്ധയും വന്നാൽ ഭാഷാജ്ഞാനം പരിമിതമാണെന്നു തെളിയുക യും ചെയ്യും.

അഖിലേന്ത്യാറേഡിയോയിൽകൂടിവരുന്ന ഇംഗ്ലീഷ് വാൎത്തകൾ ശ്രദ്ധിക്കുന്നതും, ബി. ബി. സി. വാൎത്ത കൾ ഏതാനും മിനിട്ടു കേൾക്കുന്നതും ഭാഷാപഠനത്തെ എളു പ്പമാക്കും. നിങ്ങൾക്കറിയാവുന്ന വാക്കുകൾ ഉപയോഗി ച്ച് കൂട്ടുകാരോട് ഇംഗ്ലീഷിൽ സംസാരിച്ചുനോക്കുക. ആദ്യം അല്പം പ്രയാസം തോന്നും. ഒന്നുരണ്ടാഴ്ചകൾ കഴി യുമ്പോൾ എങ്ങനെ ഇതുപോലെ സംസാരിക്കാൻ കഴിയു ന്നുവെന്നു് വിചാരിച്ച് അത്ഭുതവും തോന്നാം.

മാതാപിതാക്കൾക്കു് ഇംഗ്ലീഷ് അറിയാമെങ്കിൽ നി ങ്ങളുടെ പഠനം കുറേക്കൂടെ എളുപ്പമായി. മാതാപിതാക്ക ളോട് ഇംഗ്ലീഷിൽ സംസാരിക്കുക. അവൎക്കതു് സന്തോ ഷമായിരിക്കും. മാത്രമല്ല നിങ്ങൾ വരുത്തുന്ന തെറ്റുകൾ തിരുത്തുകയും ചെയ്യും. തെറ്റുകൾ അപ്പപ്പോൾ തിരുത്തു ന്നതുകൊണ്ടു് കൂടുതൽ പ്രയോജനവും ലഭിക്കും.

''ഇംഗ്ലീഷ് നന്നായി എഴുതാനും വായിക്കാനും ഞാൻ പഠിക്കും'' എന്നു നിങ്ങളൊരു തീരുമാനമെടുത്താൽ അതു് ഇംഗ്ലീഷ്പഠനത്തിനു് ഏററവും വലിയ സഹാ യമായിരിക്കും.

# 16. ഹിന്ദി ആവശ്യമോ?

മാതൃഭാഷയായ മലയാളവും വിശ്വഭാഷയായ ഇംഗ്ലീ ഷും പഠിച്ചാൽ പോരേ, ഉത്തരേന്ത്യാക്കാരുടെ ഹിന്ദികൂടി പഠിച്ച് എന്തിനു് തല പൊട്ടിക്കണം എന്നു പല കുട്ടി കളും ചിന്തിച്ചുപോകുന്നുണ്ടു്. ഭാഷയ്ക്കുള്ള മിനിമം

മാക്കു് മററു ഭാഷകരം പഠിച്ചു് വാങ്ങിക്കൊള്ളാം, ഹിന്ദി ഞാൻ വിടുകയാണു് എന്നു് പറയുന്നവരുണ്ടു്. ഉണങ്ങാനിടുന്ന വസ്ത്രങ്ങരംപോലെ ഒരു വരയ്ക്കു താഴെ കെട്ടിത്തൂക്കിയിരിക്കുന്ന ഹിന്ദി അക്ഷരങ്ങരം ചിലർക്കു് തീർത്തും ഇഷ്ടമില്ലത്രേ. വ്യത്യസ്തങ്ങളായ ന്യായങ്ങരംകൊണ്ടു് ഹിന്ദി പഠനം ഉപേക്ഷിക്കുന്ന വിദ്യാൎത്ഥികളെ മിക്കസ്കൂളുകളിലും കാണാം,

ഇൻഡ്യയിൽ അനേകം ഭാഷകരം ഉണ്ടെങ്കിലും ഹിന്ദിയാണു് നമ്മുടെ രാഷ്ട്രഭാഷയായി അംഗീകരിക്കപ്പെട്ടിരിക്കുന്നതു്. ഇൻഡ്യയിൽ ഏററവും കൂടുതൽ ആളുകരം സംസാരിക്കുന്നതും ഹിന്ദിയാണു്. ഒരുവനു് അവൻെറ രാഷ്ട്രഭാഷ അറിഞ്ഞുകൂടായെന്നു വരുന്നതു് വളരെ അപമാനകരമായ കാര്യമാണു്.

ഏതൊരു രാജ്യത്തിൻേറയും സംസ്കാരം അവിടുത്തെ സംസാരഭാഷയോടു് വളരെ ബന്ധപ്പെട്ടാണു് കിടക്കുന്നതു്. പുരാതനമായ നമ്മുടെ സംസ്കാരത്തെപ്പററി പഠിക്കുമ്പോരം ഹിന്ദി ഭാഷയെ അവഗണിക്കാൻ വയ്യ. ആഷ് സംസ്കാരത്തെപ്പററി അടിസ്ഥാനപരമായി മനസ്സിലാക്കണമെങ്കിൽ ഹിന്ദിയും നന്നായി പഠിച്ചിരിക്കണം.

ഇൻഡ്യയിലെ പ്രാചീനവും നൂതനവുമായ അനേകം ഭാഷകളുടെ ലിപി ഹിന്ദിയുടെ ലിപിതന്നെയാണു്, വാക്കുകരം, വ്യാകരണം, എന്നിവയുടെ കാര്യത്തിൽ ഉത്തരേന്ത്യൻ ഭാഷകളെല്ലാം പരസ്പരം ബന്ധപ്പെട്ടാണു് കിടക്കുന്നതു്. നന്നായി ഹിന്ദി പഠിച്ചാൽ ഉത്തരേന്ത്യയിലെ മിക്ക ഭാഷകളും പഠിക്കാൻ എളുപ്പമായിരിക്കും. വിവിധ ഭാഷകളുടെ താക്കോലാണു് ഹിന്ദിയെന്നു പറഞ്ഞാലും അസ്ഥാനത്താകയില്ല.

ഇൻഡ്യയിൽ കൂടുതൽ ആളുകരം സംസാരിക്കുന്ന ഈ ഭാഷയുടെ സാഹിത്യസമ്പത്തു് വിലയേറിയതും വിപുലവുമാണു്. ശതക്കണക്കിനു പ്രശസ്തരായ സാഹിത്യകാരന്മാരും ചിന്തകരും ഹിന്ദി സാഹിത്യത്തെ പോഷിപ്പി

ച്ചിട്ടുണ്ട്. അവരുടെ സാഹിത്യഗ്രന്ഥങ്ങരം വായിക്കുന്ന തിനുവേണ്ടിയാണെങ്കിൽ പോലും ഹിന്ദി പഠിക്കുന്ന തിൽ അപാകതയില്ല.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങരം തമ്മിൽ സമ്പർക്കവും ആശയവിനിമയവും അനുദിനം വദ്ധിച്ചാണ് വരുന്നതു്. ഭാഷയിൽ കൂടിയേ ആശയവിനിമയം നടത്താനും സാധിക്കൂ. ഇൻഡ്യയിലെ ജനങ്ങരംക്കു് ആശയവിനിമയത്തിനു് ഉത്തമമായ ഉപാധി ഹിന്ദിഭാഷയല്ലാതെ മററൊന്നുമല്ല.

ഹിന്ദി സംഗീതവും സിനിമയും ഇന്ത്യയെ സാംസ്കാരികമായി കീഴ്പ്പെടുത്തിയിട്ടുണ്ടെന്നുള്ളതു് നിഷേധിക്കാനാവാത്ത സത്യവും വസ്തുതയുമാണു്. കോടിക്കണക്കിനാളുകളിൽ സ്വാധീനം ചെലുത്തുന്ന ആധുനിക സംസ്കാരത്തിൻെറ സംഭാവനയായ സിനിമ എന്ന കലാരൂപം പൂർണ്ണമായുംമനസ്സിലാക്കി ആസ്വദിക്കണമെങ്കിൽ ഹിന്ദി പഠിച്ചേ മതിയാവൂ. ഒരു ഹിന്ദി സിനിമ കണ്ടു് ആസ്വദിക്കുവാനുള്ള കഴിവില്ലാതെ പോകുന്നതു് സാംസ്കാരികമായ പോരായ്മയായേ ആളുകരം പരിഗണിക്കയുള്ളൂ. വിശ്വകോകിലമായി ബഹുമാനിക്കപ്പെടുന്ന ലതാ മങ്കേഷ്ക്കറുടെ ഗാനങ്ങരം അത്ഥം മനസ്സിലാക്കി ശ്രവിക്കുവാൻ കഴിയുന്നതു് ഒരു ഭാഗ്യം തന്നെയാണ്. പ്രസിദ്ധരായ നടീനടന്മാരുടെ കാര്യമാണെങ്കിൽ ഇനിയും വളരെ എഴുതാൻ കിടക്കുന്നു.

ഇൻഡ്യയുടെ ഭരണം തിരിയുന്നതു് വടക്കെ ഇൻഡ്യയിലാണല്ലോ. ജോലി തേടിയും അല്ലാതെയും വടക്കേ ഇൻഡ്യയിലേക്കു് നല്ലൊരു ഭാഗം തെക്കേ ഇൻഡ്യാക്കാർക്കു പോകേണ്ടതായി വരും. പട്ടാളസേവനം, നേഴ്സിംഗ്, ഓഫീസു് ജോലി തുടങ്ങിയ വിവിധ രീതികളിൽ വടക്കേ ഇൻഡ്യയിൽ ജീവിക്കുന്ന കേരളീയർ അനേകമുണ്ടു്. ഇന്നത്തെ സ്കൂരം വിദ്യാത്ഥികളിൽ ഒരു വിഭാഗം ഭാവിയിൽ ഇൻഡ്യയുടെ സേവനത്തിനു് വിവിധ സ്ഥലങ്ങളിലേക്കു് പോകേണ്ടതായും വരും.

ദേശസഞ്ചാരം ഇന്നു് ഒരാഡംബരമല്ല, വിദ്യാഭ്യാസത്തിന്റേയും ജീവിത പരിശീലനത്തിന്റേയും ഒരു ഭാഗമാണു്. ഇൻഡ്യയിലെ പ്രധാനപട്ടണങ്ങളും സംസ്കാരകേന്ദ്രങ്ങളും ചരിത്രസ്മാരകങ്ങളും കാണുക ഒരു ശരാശരി ഇന്ത്യക്കാരനായിരിക്കുന്നതിനു് ആവശ്യമാണു്. ജനങ്ങളെപ്പററിയും ജനജീവിത രീതിയെപ്പററിയും നേരിട്ടു സമ്പർക്കം പുലർത്തി നേടുന്ന അറിവു് കൂടുതൽ പ്രായോഗികവും പ്രയോജനപ്രദവുമായിരിക്കും. ആദിവാസികൾ കർഷകർ, തൊഴിലാളികൾ, കലാകാരന്മാർ, വിദ്യാത്ഥികൾ തുടങ്ങിയ വിവിധ നിലകളിലും തലങ്ങളിലുമുള്ള ഇൻഡ്യക്കാരുമായി ബന്ധപ്പെടുവാൻ ഹിന്ദിഭാഷാജ്ഞാനം ഉപകരിക്കും.

ഏതു ഭാഷയും ചെറുപ്പത്തിലേ പഠിക്കുന്നതാണു് ഉത്തമം. പ്രായമായി ജോലി ലഭിച്ചു് ഉത്തരേന്ത്യയിൽ ചെന്നിട്ടു് ഹിന്ദി പഠിച്ചുകൊള്ളാം എന്നു വിചാരിച്ചാൽ നടക്കുകയില്ല. സമത്ഥരായ അദ്ധ്യാപകർ താത്പര്യപൂർവ്വം പഠിപ്പിക്കാനുള്ള അവസരത്തിൽ ഭാഷ നന്നായി പഠിക്കുക.

## 17. അക്ഷരത്തെററുകൾ

റാണിമോൾ പഠിക്കാൻ മിടുക്കിയാണു്. പാട്ടുകാരിയാണു്. എങ്കിലും റാണിമോളുടെ കൈയക്ഷരമാണു് ക്ലാസ്സിലും സ്കൂളിലും പ്രസിദ്ധം. ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീ ഭാഷകൾ വശമുള്ള അവൾ ഓരോഭാഷയും എഴുതുമ്പോൾ വായിക്കാൻ നല്ല ശേലുണ്ടു്. സ്കൂൾ ജൂബിലിക്കു നടത്തിയ വിവിധ സമ്മേളനങ്ങൾക്കെല്ലാം കാര്യപരിപാടി എഴുതിയതു് റാണിയാണു്. മനോഹരമായ

ആ കൈയക്ഷരം കണ്ടു് അദ്ധ്യക്ഷനായ മന്ത്രി അവളെ സ്റ്റേജിൽ വിളിച്ചു കയററി പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു.

ഇത്ര ആകർഷകമായ കൈയക്ഷരം അവൾ എങ്ങനെ സമ്പാദിച്ചുവെന്ന ചോദ്യത്തിനു് കൃത്യമായി ഒരുത്തരം പറയാൻ ആർക്കും കഴിയുന്നില്ല. ചെറുപ്പം മുതലേ പകർത്തെഴുത്തു നടത്തി ഭംഗിയുള്ള കൈയക്ഷരം സമ്പാദിച്ചുവെന്നാണു് അദ്ധ്യാപകരുടെ അഭിമതം. എന്നാൽ അതത്ര ശരിയല്ല. കൈയക്ഷരം ജന്മസിദ്ധമായ ഒരു വാസനയാണെന്നു പറഞ്ഞാൽ അതായിരിക്കും ശരി.

എന്നാൽ റാണിയുടെ ഉത്തരക്കടലാസ്സു നോക്കുന്ന അദ്ധ്യാപകർക്കു് വല്ലാത്ത അരിശമാണുണ്ടാവുക. ചുവന്ന മഷിയുപയോഗിച്ചു മാർക്കിടുന്ന അരവിന്ദാക്ഷൻ സാർ റാണിയുടെ ഉത്തരക്കടലാസ്സുകൾ മുഴുവൻ കുത്തിവരച്ചിടും. ചുവന്ന മഷിയുടെ ഒരു പ്രളയം. മാർജിനിൽ കുറേ മാർക്കും കാണും.

വടിവൊത്ത അക്ഷരത്തിൽ എഴുതുമെങ്കിലും അവളുടെ അക്ഷരത്തെറററുകൾ ആർക്കും സഹിക്കാവുന്നതല്ല. മൂന്നു ഭാഷകളിലേയും മിക്ക പദങ്ങളും തെററായിട്ടേ അവൾ എഴുതൂ. നല്ല കൈയക്ഷരത്തിൽ തെറെറഴുതി പിടിപ്പിക്കുന്നതു കാണുമ്പോഴാണു് അദ്ധ്യാപകർക്കു പ്രയാസം തോന്നുക. അവർ ചുവന്ന മഷികൊണ്ടു് അടയാളപ്പെടുത്തി ഉത്തരക്കടലാസു് വികൃതമാക്കുകയും ചെയ്യും.

വായിക്കുന്ന പേജുകളിൽ അക്ഷരതെററുകൾ വന്നാൽ അരോചകമായി. കത്തുകളിൽഅക്ഷരത്തെററുകൾ വന്നാൽ ഉദ്ദേശിക്കാത്ത അർത്ഥം വരികയും ആളുകൾ തമ്മിൽ പിണങ്ങാൻ ഇടയാവുകയും ചെയ്യും. പരീക്ഷാപേപ്പറുകളിൽ വിദ്യാർത്ഥികൾ തെററായി പദങ്ങൾ എഴുതിയാൽ അദ്ധ്യാപകർക്കു് അമർഷവും സങ്കടവും ഉണ്ടാകും. മാർക്കിനെ അതു കാര്യമായി ബാധിക്കുമെന്നതിൽ സംശയമില്ല.

വിദ്യാഭ്യാസത്തിലുള്ള അപൂർണ്ണതയാണു് അക്ഷരത്തെററുകൾ കാണിക്കുന്നതു്. ഒരക്ഷരമോ, വള്ളിയോ, പുള്ളി

യോ എന്തെങ്കിലും മാറിയാൽ അത്ഥത്തിൽ അനല്പമായ വ്യത്യാസം വരുന്ന അനേകം പദങ്ങഠം മലയാളത്തിൽ ഉണ്ടു്. രാമൻ എന്ന പദത്തിൽ ഒരക്ഷരം മാറിയാൽ അതു രാജനായിത്തീരും. കേമൻ കേളനുമാകും. ഇതുതന്നെയാണു് മിക്ക പദങ്ങളുടെയും സ്ഥിതി.

ഇംഗ്ലീഷും ഹിന്ദിയും ദക്ഷിണേന്ത്യൻ വിദ്യാത്ഥികഠം കൈകാര്യം ചെയ്യേണ്ട ഭാഷകളാണല്ലോ. അവയിൽ അക്ഷരത്തെററുകഠം വരുത്താതിരിക്കാൻ ശ്രമിക്കണം.

ഉച്ചാരണശുദ്ധിയുള്ളവർക്കു് അക്ഷരത്തെററുകഠം കുറവായിട്ടാണു കണ്ടുവരുന്നതു്. പ്രാഥമിക വിദ്യാലയത്തിൽ നിന്നും ഓരോ വാക്കും ശരിയായ രീതിയിൽ ഉച്ചരിക്കാൻ പഠിക്കുക. ഉച്ചാരണം ശരിയായാൽ ദ്രാവിഡഭാഷകളുടെ എഴുത്തും ശരിയാകും. എന്നാൽ ഇംഗ്ലീഷിനെ സംബന്ധിച്ചിടത്തോളം ഉച്ചാരണവും എഴുത്തും തമ്മിൽ അത്ര ബന്ധമില്ല. എങ്കിലും ഉച്ചാരണത്തെ അവലംബമാക്കി അക്ഷരത്തെററുകഠം ഇല്ലാതാക്കാൻ പരിണതപ്രജ്ഞർക്കു സാദ്ധ്യമാണു്.

ഓരോ ഭാഷയിലും നിസ്സാരമായ അക്ഷരവ്യത്യാസങ്ങളുള്ള അനേകം പദങ്ങഠം ഉണ്ടു്. അവയുടെ അത്ഥത്തിൽ വലിയ അന്തരവും കാണും. ഇത്തരം പദങ്ങഠം ഏവയെന്നു പഠിച്ചുവച്ചിരുന്നാൽ തെററു കൂടാതെ എഴുതാനും സംസാരിക്കാനും വാക്കുകഠം പ്രയോഗിക്കാനും കഴിയും. പ്രായംകൊണ്ടും പാണ്ഡിത്യംകൊണ്ടും മികച്ചവർപോലും സാമാന്യവാക്കുകഠം ഉച്ചരിക്കുന്നതിലും എഴുതുന്നതിലും തെററുകഠം വരുത്തുന്നതു് അവമാനകരമായി തോന്നാറുണ്ടു്. പ്രായമായവരുടെ കൊച്ചുതെററുകഠം തിരുത്താൻ ആരും തുനിയാറില്ല. തന്നിമിത്തം ആ തെററുകളോടെ അവർ ശിഷ്ടായുസ്സു ചെലവഴിക്കുന്നു. മുഖത്തുള്ള കറുത്ത പാടുകഠംപോലെ, ഭാഷാവൈകല്യങ്ങഠം പണ്ഡിതന്മാരെ എന്നും കളങ്കപ്പെടുത്തിക്കൊണ്ടിരിക്കും.

സ്കൂഠം വിദ്യാഭ്യാസം പല കുട്ടികഠംക്കും അരോചകമായി തോന്നുമെങ്കിലും അടിസ്ഥാന വിദ്യാഭ്യാസം അ

തായതുകൊണ്ടു് ഏററവും പ്രധാനപ്പെട്ടതു് ഉച്ചാരണമാണെന്നു് അടിവരയിട്ടു പറയാം. എല്ലാ ഭാഷകളുടെയും അടിസ്ഥാനതത്വങ്ങൾ ശരിയായി പഠിച്ചാൽ ഒരിക്കലും തെററുണ്ടാവുകയില്ല.

തെററുകൂടാതെ എഴുതുന്ന ഉത്തരക്കടലാസ്സും, കത്തുകളും വായിക്കാൻ രസവും സുഖവുമുണ്ടു്. പഠനത്തിൽ പക്വത വന്നവർക്കേ, തെററുകളിൽനിന്നും വിമുക്തരാകാൻ കഴിയൂ. ഭക്ഷണത്തിൽ കല്ലു കടിക്കുന്നതുപോലെയും, റ്റ്പ്രഷർ കാർ ഗട്ടറിൽവീഴുന്നതുപോലെയുമുള്ള അസ്വസ്ഥതയാണു് അക്ഷരത്തെററുകളുള്ള എഴുത്തുകളും ഉത്തരങ്ങളും വായിക്കുമ്പോഴുണ്ടാവുക. ഈ വൈകല്യം നീങ്ങണമെങ്കിൽ ഓരോ വാക്കും വായിച്ചും എഴുതിയും തഴങ്ങണം. വായനപോലെയുള്ള ഒരഭ്യാസമാണു് എഴുത്തു്. വായിച്ചു് ധാരാളം അറിവു് സമ്പാദിച്ചിട്ടുള്ള പണ്ഡിതന്മാർപോലും എന്തെങ്കിലും എഴുതേണ്ടതായി വരുമ്പോൾ വാക്കുകളുടെ അക്ഷരങ്ങൾ ഏതാണെന്നു് സംശയിച്ചു നടക്കുകയും ഒടുവിൽ മണ്ടത്തരങ്ങൾ എഴുതിവയ്ക്കുകയും ചെയ്യും.

വായനയോടൊപ്പം എഴുതുന്ന ശീലം കൂടി സമ്പാദിക്കണം. പുതിയ വാക്കുകൾ പഠിക്കുമ്പോൾ അതിൻെറ മൂലാർത്ഥം സഹിതം പഠിക്കാനുത്സാഹിക്കുക. വായിച്ചുപഠിക്കുന്നതിനേക്കാൾ എഴുതി പഠിക്കുന്നതു മനസ്സിലുറച്ചിരിക്കും. അക്ഷരത്തെററുകളിൽ നിന്നും പൂർണ്ണമായും വിമുക്തരാകാനുദ്ദേശിക്കുന്നവർ എന്നും എന്തെങ്കിലും എഴുതുന്ന ശീലം സമ്പാദിക്കണം.

# 18. പരീക്ഷകൾ

എല്ലാ പരീക്ഷകളുടേയും ലക്ഷ്യം വിദ്യാർത്ഥികളുടെ അറിവു പരിശോധനയാണു്. വ്യാപകാർത്ഥത്തിൽ അങ്ങ

നെ പറയാമെങ്കിലും അറിവിനേക്കാരം ഉപരിയായി വി ദ്യാത്ഥിയെ സംബന്ധിച്ച അനേകം കാര്യങ്ങരം പരീക്ഷ യിൽ കൂടി അറിയാൻ കഴിയുമെന്നുള്ളതു് വാസ്തവമാണു്.

നിശ്ചിത ചോദ്യങ്ങളുടെ ഉത്തരം മാത്രമല്ല പരീ ക്ഷാകടലാസിൽനിന്നും വായിക്കുവാൻ കഴിയുന്നതു്. വിദ്യാത്ഥികളുടെ കഴിവുകളും കഴിവുകേടുകളും ഉത്തരക്കട ലാസിൽ ദൃശ്യമാണു്. ആദ്യത്തെ ഒന്നുരണ്ടു് പേജ് വാ യിച്ചുകഴിയുമ്പോരം കുട്ടികളുടെ വിദ്യാഭ്യാസനിലവാരം അളന്നുനോക്കാനും സാധിക്കും.

കൈയക്ഷരം, ഉത്തരം എഴുതിയിരിക്കുന്ന രീതി, ഉത്തരങ്ങളുടെ നമ്പർ രേഖപ്പെടുത്തിയിരിക്കുന്ന സമ്പ്രദാ യം, വൃത്തി, മാർജിൻ ഇട്ടിരിക്കുന്നതു് ഇവയൊക്കെയും നോക്കി പരീക്ഷകൻ വിദ്യാർത്ഥികളെ വിലയിരുത്തു മെന്നുള്ളതു് തീർച്ചയാണു്. ഇങ്ങനെ നോക്കുമ്പോരം വി ദ്യാർത്ഥികളുടെ പഠനം, സ്വഭാവം, വ്യക്തിത്വം തുട ങ്ങിയ നിരവധി കാര്യങ്ങരം മനസ്സിലാക്കാനുള്ള മാർഗ്ഗമാ ണു് പരീക്ഷ.

ജീവിതത്തെ നേരിടുന്നതിനു് കുട്ടികരക്കു നൽകുന്ന പരിശീലനമാണ് പരീക്ഷയെന്നകാര്യം അധികം പേർ മനസ്സിലാക്കിയിട്ടില്ല. പകലും രാത്രിയിലും അദ്ധ്വാനിച്ചു വായിച്ചു പഠിക്കുന്ന വിദ്യാർത്ഥി, കാ യികമായും മാനസികമായും ദൃഢത പ്രാപിക്കയാണു ചെയ്യുന്നതു്, ഉറക്കമിളച്ചു് ശീലിക്കുന്നതു് പ്രതികൂല സാഹചര്യങ്ങളെ നേരിടാൻ അവനെ പ്രാപ്തനാക്കുന്നു. ഉത്തരവാദിത്തബോധമുള്ള പൗരനായിത്തീരാൻ വിദ്യാർ ത്ഥികളെ സഹായിക്കുന്നതാണ് പരീക്ഷ.

## പലവിധ പരീക്ഷകരം

പരീക്ഷയെന്നു കേരക്കുമ്പോരം സ്കൂളുകളിൽ നടക്കു ന്ന പഠനപരിശോധനാപരീക്ഷയാണ് ആദ്യമായി ഓർമ്മ യിലെത്തുക. എന്നാൽ പരീക്ഷകരം പലവിധമുണ്ടു്. ഏ റ്റവും അധികം നടക്കുന്നതും സർവ്വസാധാരണമായതും പഠ

നപരീക്ഷകളാണ്. സാധാരണ വിഷയങ്ങളിലുള്ളതെന്നും സാങ്കേതികവിഷയങ്ങളിലുള്ളതെന്നും ഇതിനു് രണ്ടു് വിഭാഗങ്ങളുണ്ടു്.

മത്സരപ്പരീക്ഷകളാണ് അടുത്ത ഇനം. ഐ, എ, എസ്;ഐ.എഫ്.എസ്. തുടങ്ങിയവ പ്രതിഭാശാലികളെ തെരഞ്ഞെടുക്കുവാനുള്ള മത്സരപ്പരീക്ഷകളാണ്. ഉയർന്ന ഉദ്യോഗങ്ങളിലേക്ക് മത്സരപ്പരീക്ഷകളുടെ കടമ്പകൾ കടന്നേ കയററിപ്പററാൻ മാർഗ്ഗമുള്ളൂ.

സ്കോളർഷിപ്പ്, പ്രത്യേക സമ്മാനങ്ങൾ തുടങ്ങിയവയ്ക്കു വേണ്ടിനടത്തുന്നപരീക്ഷയെ ഒരു പ്രത്യേകവിഭാഗമായിപരിഗണിക്കണം. എഴുത്തുപരീക്ഷകൾക്ക് അനുബന്ധമായി നടത്തുന്ന വാചാപ്പരീക്ഷ (അഭിമുഖപ്പരീക്ഷ) നാലാമത്തെ വിഭാഗത്തിൽപ്പെടുന്നു. ഉയർന്നബിരുദങ്ങൾ നല്കാനുള്ള പരീക്ഷകളോട് അനുബന്ധമായി വാചാപരീക്ഷ നിർബ്ബന്ധമായും ഉണ്ടായിരിക്കും. വിദ്യാർത്ഥിയുടെ സംസാരസാമർത്ഥ്യം, ജീവിതപ്രശ്നങ്ങളുടെ കുരുക്കഴിക്കാനുള്ള യോഗ്യത തുടങ്ങിയവയൊക്കെ ഈ പരീക്ഷാവസരത്തിലാണ് പരിശോധിക്കുന്നതു്.

വിവിധങ്ങളായ പരീക്ഷകൾ ഓരോന്നിനും വ്യത്യസ്ഥങ്ങളായ സമീപനങ്ങളാണുള്ളതു്. സ്കൂളുകളിലും കോളേജുകളിലുമുള്ള പരീക്ഷക്ക് നിശ്ചിത സിലബസ്സും പാഠ്യപ്പുസ്തകങ്ങളും ഉണ്ടായിരിക്കും. വിദ്യാർത്ഥികളുടെ പ്രായത്തിനും ബുദ്ധിനിലവാരത്തിനും സമയത്തിനും തക്ക വിഷയങ്ങളും പുസ്തകങ്ങളുമേ സിലബസിൽ ഉണ്ടായിരിക്കയുള്ളൂ. ഈ വിഷയങ്ങളെല്ലാം ഒന്നിലധികം പ്രാവശ്യം ക്ലാസ്സിൽ പഠിപ്പിച്ചിട്ടുണ്ടായിരിക്കും. എളുപ്പത്തിൽ പഠിക്കുന്നതിനുവേണ്ടി നോട്ടുകൾനല്കിയിട്ടുമുണ്ടായിരിക്കും. അവ അനേക പ്രാവശ്യം വായിച്ച് ആശയങ്ങൾ ഓർമ്മയിൽ പതിപ്പിച്ചെടുത്താൽ പരീക്ഷ ഉന്നതനിലവാരത്തിൽ വിജയിക്കുക എളുപ്പമാണ്.

എന്നാൽ മത്സരപ്പരീക്ഷകൾ ഈ രീതിയിലുള്ളവയല്ല. വളരെ നിഷ്കൃഷ്ടമായ സിലബസ് മത്സരപ്പ

രീക്ഷയ്ക്കു് ഉണ്ടായിരിക്കയില്ല. വിഷയങ്ങൾ ഏവയെന്നു സൂചിപ്പിച്ചിരിക്കും. ആ വിഷയങ്ങളോടു ബന്ധപ്പെട്ട കാര്യങ്ങളെല്ലാം പഠിച്ചുകൊള്ളണം. മത്സരപ്പരീക്ഷയ്ക്കു തോററുപോകുന്നവരെപ്പററിയുള്ള ഉത്തരവാദിത്വം ആർക്കും ഇല്ലാത്തതുകൊണ്ടു് വിഷയത്തിൻെറ ഏതു ഭാഗത്തുനിന്നും, ഏതു വിധത്തിലുമുള്ള ചോദ്യങ്ങൾ ഉണ്ടാകും. ഉപന്യാസം, സംഗ്രഹരചന പൊതുവിജ്ഞാനപരിശോധന തുടങ്ങിയവ ഇത്തരം പരീക്ഷകളിൽ എന്നും ഉണ്ടായിരിക്കും. അറിവിൻെറ ആഴം, ഉത്സാഹശീലം ഭാഷാ നിപുണത, എഴുതിഫലിപ്പിക്കുന്നതിനുള്ള ശക്തി എന്നിവയുടെ പരിശോധനയും ഈ ലക്ഷ്യങ്ങളിൽ പെടുന്നു.

ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ നടക്കുന്ന സംഭവങ്ങളെപ്പററി സമയബന്ധിതജ്ഞാനമുണ്ടോയെന്നും മത്സരപ്പരീക്ഷകളിൽ പരിശോധന ഉണ്ടാകും. പ്രതിഭാശാലികൾ പുസ്തകപ്പുഴുക്കളായിരുന്നാൽ മതിയാകയില്ല. ചുററുമുള്ള ലോകത്തു നടക്കുന്ന കാര്യങ്ങളെപ്പററി വിവേകപൂർണ്ണമായ തീരുമാനങ്ങളെടുക്കാൻ ഉതകുന്ന അറിവുള്ളവരായിരിക്കണം. ഇവയുടെ വിലയിരുത്തലും മത്സരപ്പരീക്ഷാവേദികളിലുണ്ടായിരിക്കും.

മത്സരപ്പരീക്ഷകൾക്കു് മാർക്കിടുന്നതും ഒരു പ്രത്യേകരീതിയിലാണു്. എത്ര ശതമാനം മാർക്കു കിട്ടുമെന്നുള്ളതു് ഒരു പ്രശ്നമല്ല. പരീക്ഷക്കു് എഴുതിയവരിൽ ഏററവും മിടുക്കന്മാർ ആരാണെന്നുള്ള അന്വേഷണമാണു നടക്കുന്നതു്. ഉദ്യോഗത്തിനു് എത്ര പേരെ ആവശ്യമുണ്ടോ അത്രയും പേരെ തെരഞ്ഞെടുക്കുന്നതിനാണു് പരീക്ഷ. സമർത്ഥന്മാർ അധികം പേരില്ലെങ്കിൽ തെരഞ്ഞെടുപ്പു് പ്രായേണ എളുപ്പമാണു്. സമർത്ഥരായ വിദ്യാർത്ഥികൾ വളരെപ്പേർ പരീക്ഷക്കെഴുതുമ്പോൾ ഓരോ ഉത്തരക്കടലാസും സശ്രദ്ധം വായിച്ചുനോക്കും. ഒന്നാമൻെറയും രണ്ടാമൻെറയും ഉത്തരങ്ങൾ തമ്മിൽ വളരെ നിസ്സാരകാര്യങ്ങളിലായിരിക്കും വ്യത്യാസപ്പെട്ടിരിക്കുന്നതു്. ആ വ്യത്യാസങ്ങൾ കാണണമെങ്കിൽ നല്ല ശ്രദ്ധയും ആവശ്യമാണു്.

മത്സരപ്പരീക്ഷകളുടെ ഫലത്തിലും ചില പ്രത്യേകതകൾ ഉണ്ടായിരിക്കും. സമത്ഥരായ വിദ്യാത്ഥികൾ മത്സരിക്കാൻ കുറവുള്ള വർഷം സാധാരണ വിദ്യാത്ഥികൾ പോലും ഉയർന്ന മാക്ക്വാങ്ങി ജയിച്ചുപോകും. എന്നാൽ മിടുക്കരായ വിദ്യാത്ഥികൾ ധാരാളമുള്ള വർഷം സമത്ഥന്മാരെ പിന്തള്ളിക്കൊണ്ട് അതിസമത്ഥന്മാർ മാത്രം വിജയം വരിക്കും. മത്സരപരീക്ഷകളിൽ വിദ്യാത്ഥികളെ ഭാഗ്യംകടാക്ഷിക്കുമെന്നു പറയുന്നതു് ഇങ്ങനെയുള്ള അവസരങ്ങളിലാണ്.

മത്സരപ്പരീക്ഷകളിൽ ഏററവും നല്ലതും പ്രായോഗികവുമായ ഉത്തരങ്ങളാണ് നല്കേണ്ടതു്. ചോദ്യങ്ങൾ പലപ്പോഴും പ്രശ്നങ്ങളുടെ രൂപത്തിലാകാനാണ് സാദ്ധ്യത. രണ്ടു സമൂഹം ആളുകൾ തമ്മിൽ ശണ്ഠകൂടിക്കൊണ്ടിരിക്കുകയാണെങ്കിൽ അതു് കഴിവതും വേഗം ശമിപ്പിക്കുന്നതിനു് നിങ്ങൾ എന്തു ചെയ്യും എന്ന ചോദ്യത്തിനു് അല്പം ആലോചിച്ചേ ഉത്തരമെഴുതാൻ കഴിയൂ. സങ്കീർണ്ണ പൂർണ്ണമായ പ്രശ്നങ്ങൾ അവസാനിപ്പിക്കാൻ ഗ്രന്ഥജ്ഞാനത്തേക്കാൾ പ്രായോഗിക ബുദ്ധിയാണ് ആവശ്യം.

സിവിൽ ഭരണം, വിദേശകാര്യവകുപ്പ് എന്നിങ്ങനെ ഉന്നത രംഗങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് മത്സരപ്പരീക്ഷകൾ വഴി നടത്തുക സാധാരണമാണ്. ഉദ്യോഗാത്ഥികളുടെ എണ്ണം വദ്ധിച്ചിരിക്ക കൊണ്ടു് താരതമ്യേന താഴ്ന്നതെന്നു കരുതുന്ന ഉദ്യോഗങ്ങളിലേക്ക പോലും മത്സരപ്പരീക്ഷകൾ നടത്തിയാണ് തെരഞ്ഞെടുപ്പ് നടത്തുന്നതു്.

# 19. ഉത്തരം എഴുതേണ്ടവിധം

പി. ഡി. സി. പരീക്ഷയ്ക്കു നാലാം പ്രാവശ്യം എഴുതുന്നതിനുവേണ്ടി ഒരുങ്ങിക്കൊണ്ടിരുന്ന വിനോദ്കുമാറുമായി ഞാൻ ആദ്യം പരിചയപ്പെട്ടതു് ബസ്സിൽവച്ചാണ്. എന്റെ തൊട്ടടുത്ത സീററിൽ പുസ്തകവുമായി വന്നിരുന്ന വിനോദ് പട്ടണത്തിലുള്ള ട്യൂട്ടോറിയൽ കോളേജിൽ നിന്നും വീട്ടിലേക്കു മടങ്ങുകയായിരുന്നു. ഗ്രാമത്തിലുള്ള ട്യൂട്ടോറിയൽ കോളേജുകളിലൊക്കെ പഠിച്ചിട്ടും ജയിക്കാത്ത വിനോദ് അററകൈക്കാണ് പട്ടണത്തിലേക്കു പഠനത്തിനു തിരിച്ചതു്.

സിലബസിലുള്ള എല്ലാ വിഷയങ്ങളെപ്പററിയും നല്ല അറിവ് വിനോദിനുണ്ട്. എന്നാൽ പരീക്ഷക്കുത്തരമെഴുതുമ്പോൾ ആകെ കുഴച്ചിൽ മറിച്ചിലുണ്ടാകുന്നു. ചോദ്യങ്ങൾ പൂർണ്ണമായും വായിച്ചശേഷം ആലോചിച്ചു മറുപടി എഴുതുന്ന ശീലം വിനോദിനില്ല. സിലബസിന്റെ ഏതെങ്കിലും ഭാഗത്തു നിന്നു ചോദ്യം വന്നാൽ ആ വിഷയത്തെപ്പററി അറിയാവുന്നതെല്ലാം എഴുതിവയ്ക്കും. പരീക്ഷകർ അതെല്ലാം വെട്ടിക്കളയും. ശരിയായ ഉത്തരത്തിനു മാത്രം മാർക്കുനൽകും. ഓരോ വിഷയത്തെപ്പററിയും വളരെപ്പേജുകൾ ഉത്തരമെഴുതിയശേഷം ഫസ്റ്റ് ക്ലാസ്സിൽ പാസ്സാകുമെന്നു പറഞ്ഞു് നടന്ന അവസരങ്ങളുണ്ട്. തോൽവി ആവർത്തിക്കുവാനല്ലാതെ വിജയം ഘോഷിക്കുവാൻ വിനോദിനു് തരപ്പെട്ടിട്ടില്ല.

പരീക്ഷയ്ക്കു് ബുദ്ധിപൂർവ്വം ഉത്തരങ്ങളെഴുതുന്ന കുട്ടികളാണ് വിജയശ്രീലാളിതരാവുക. സിലബസിൽ കാണിച്ചിരിക്കുന്ന ഭാഗങ്ങളെല്ലാം പഠിച്ചവർക്കേ, എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതാൻ സാധിക്കൂ. എന്തെങ്കിലും ഉത്തരമെഴുതുക എന്നതിനേക്കാൾ ഉചിതമായ ഉത്തരമെഴുതുക എന്നതായിരിക്കണം നയം. ശരിയായ ഉത്തരത്തിനാണ് മാർക്കുകൾ ലഭിക്കുന്നതും.

പരീക്ഷാഹാളിലെത്തി ചോദ്യക്കടലാസ് കിട്ടിക്കഴിയുമ്പോഠം അതുമുഴുവനായും വായിച്ചു നോക്കുക. എളുപ്പമുള്ളതും മാർക്കു് കൂടുതൽ കിട്ടുന്നതുമായ ചോദ്യങ്ങഠക്കുള്ള ഉത്തരം ആദ്യമാദ്യം എഴുതുക. പ്രയാസം കൂടിയ ചോദ്യങ്ങളുടെ ഉത്തരം ഏററവും അവസാനമാണു് എഴുതേണ്ടതു്.

പരീക്ഷയ്ക്കു് എത്ര സമയം നിശ്ചയിച്ചിട്ടുണ്ടെന്നു മനസ്സിലാക്കി, ഓരോ ചോദ്യത്തിനും മനസ്സുകൊണ്ടു് സമയം നിർണ്ണയിക്കണം. എഴുതേണ്ട എല്ലാ ചോദ്യങ്ങഠക്കും സമയം നിശ്ചയിക്കുയും വേണം. നിശ്ചിത സമയത്തിനുള്ളിൽ ആ ഭാഗങ്ങഠം എഴുതിത്തീർക്കാൻ ഉത്സാഹിക്കണം. ചോദ്യങ്ങഠംക്കു നമ്പരിടുക, ആവശ്യമായ മാർജിൻ ഇടുക, തുടങ്ങിയവ അപ്രധാന കാര്യങ്ങഠം അല്ലെന്നു് ഓർത്തിരിക്കണം.

പരീക്ഷാഹാളിൽ ചെന്നിരുന്നാൽ ഏററവും കുറഞ്ഞ സമയം കൊണ്ടു് ഏററവും നല്ല ഉത്തരം എഴുതാൻ സാധിക്കും എന്നുള്ള വിചാരം മൗഢ്യമാണു്. പരീക്ഷയ്ക്കു വരാൻ സാദ്ധ്യതയുള്ള പ്രധാനപ്പെട്ട ചോദ്യങ്ങളുടെ ഉത്തരം തെററു കൂടാതെയും ഭംഗിയായ ഭാഷയിലും നേരത്തേ മുതലേ എഴുതി നോക്കണം. അങ്ങനെ ശീലിച്ചിട്ടുള്ളവർക്കു് പരീക്ഷയടുക്കുമ്പോഠം ധാരാളം മാക്കു കിട്ടത്തക്കവിധം ഉത്തരമെഴുതാൻ കഴിയും.

ക്ലാസ്സിൽ പഠിപ്പിച്ചിട്ടുള്ളതു പോലെയോ, ടെക്സ്റ്റുബുക്കിൽ അച്ചടിച്ചിരിക്കുന്നതു പോലെയോ ചോദ്യങ്ങഠം ഉണ്ടായെന്നു വരികയില്ല. എന്നാൽ ടെക്സ്റ്റുബുക്കിലുള്ള വിഷയങ്ങളെ മുഖ്യമായും അടിസ്ഥാനമാക്കിയായിരിക്കും ചോദ്യങ്ങഠം ഉണ്ടാവുക. ടെക്സ്റ്റുബുക്കിലുള്ള വിഷയവും ചോദ്യവും തമ്മിലുള്ള ബന്ധം കണ്ടുപിടിക്കാനുള്ള കഴിവാണു് വിവേകം. പഠിച്ച കാര്യങ്ങഠം ചോദ്യത്തിനു ചേർന്ന രീതിയിൽ പാകപ്പെടുത്തി എഴുതാനുള്ള പാടവവും ഉണ്ടായിരിക്കണം.

അറിയാവുന്ന കാര്യങ്ങളെല്ലാം എഴുതി ഉത്തരക്കടലാസ് വിപുലമാക്കുന്നതിനർത്ഥമില്ല. ആവശ്യമായ കാര്യങ്ങളാണ് എഴുതേണ്ടതു്. ഒരു ചോദ്യത്തിനു് വിപുലമായ ഉത്തരവും അടുത്തതിനു് ഹ്രസ്വമായ ഉത്തരവും എഴുതുന്നവർ പരീക്ഷയിൽ ബാലൻസ് പാലിക്കാത്തവരാണ്. ആവശ്യത്തിലധികം കാര്യങ്ങൾ എഴുതിയതിന്റെ പേരിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിലും കൂടുതൽ മാർക്ക് കിട്ടുകയില്ല. ആവശ്യത്തിൽ കുറവു് വിവരങ്ങൾ എഴുതിയാൽ മാർക്കു് തീർച്ചയായും കുറയുകയും ചെയ്യും.

പല വിദ്യാർത്ഥികളും പറയുന്നതു പോലെ പരീക്ഷ ഒരു ഭാഗ്യക്കുറിയല്ല. നന്നായി പഠിച്ചെഴുതുന്നവർക്കു് നല്ല മാർക്കും ബഹുമാനവും ലഭിക്കും.

# 20. ചോദ്യങ്ങളും ഉത്തരങ്ങളും

പരീക്ഷയ്ക്കു ഗണ്യമായ മാർക്കു് വാങ്ങിക്കാൻ ഒരിക്കലും സാധിക്കാത്ത വിദ്യാർത്ഥിയാണു് രവികുമാർ. മാർക്കു് അധികം കിട്ടാറില്ലെങ്കിലും ഒരിക്കലും പരീക്ഷയെപ്പററി അവനു് പരാതിയില്ല. വിഷമം പിടിച്ച പരീക്ഷകൾ കഴിഞ്ഞു വീട്ടിലെത്തുന്ന രവികുമാറിനോടു് മാതാവ് രാധാമണിയമ്മ ചോദിക്കും,

'മോനേ, എങ്ങനെയിരുന്നു പരീക്ഷ?'

''ചോദ്യങ്ങളെല്ലാം വളരെ നന്നായിരുന്നു.'' രവികുമാർ ഉത്തരം നൽകും. എന്നാൽ ഉത്തരക്കടലാസ് നോക്കി വരുമ്പോൾ പഴയതുപോലെ മാർക്കു് തുച്ഛമായിരിക്കും.

രവികുമാറിനെപ്പോലെ പരീക്ഷയുടെ ചോദ്യങ്ങളെല്ലാം നല്ലതാണെന്നു പറഞ്ഞുനടക്കുന്ന അനേകം കുട്ടികളു

ണ്ടു്. എന്നാൽ അവരുടെ ഉത്തരങ്ങളെല്ലാം വളരെ മോശമായിരിക്കും. മാർക്കു വളരെ കുറവുമായിരിക്കും. ചിലപ്പോൾ തോററുപോയെന്നും വരും.

ചോദ്യക്കടലാസ് കൈയിൽ കിട്ടിയാലുടൻ ഉത്തരമെഴുതാൻ തുടങ്ങുന്നവരുണ്ടു്. ചോദ്യങ്ങൾ ഒരാവർത്തി വായിച്ചുനോക്കാൻകൂടി അവർ മിനക്കെടാറില്ല. ഇതു് നല്ലൊരു ശീലമേ അല്ല. ഏതു പരീക്ഷയുടേതായാലും ചോദ്യക്കടലാസിൻെറ മുഴുവൻ ഭാഗവും വായിച്ചുനോക്കണം. ചോദ്യങ്ങൾ എത്രയുണ്ടെന്നും, അവയിൽ എത്രയെണ്ണത്തിനു് ഉത്തരം വേണമെന്നുമുള്ള കാര്യവും ശ്രദ്ധയുന്നി വായിച്ചു മനസ്സിലാക്കണം.

ഏററവും നന്നായി ഉത്തരം അറിയാവുന്ന ചോദ്യങ്ങൾ കണ്ടുപിടിച്ചു് അവ അടയാളപ്പെടുത്തി വയ്ക്കുക. ഉദാഹരണത്തിനു് ഒരു ചോദ്യക്കടലാസിൽ ഏഴു ചോദ്യങ്ങൾ ഉണ്ടെന്നു കരുതുക. അവയിൽ അഞ്ചെണ്ണത്തിനായിരിക്കും നാം ഉത്തരമെഴുതേണ്ടതായി വരിക. അപ്പോൾ നന്നായി പഠിച്ചിട്ടുള്ള അഞ്ചെണ്ണം പരീക്ഷയുടെ ആദ്യംതന്നെ തെരഞ്ഞെടുക്കണം. ചോദ്യക്കടലാസിൻെറ വശത്തു് എന്തെങ്കിലും അടയാളം കൊടുക്കുക. ഇങ്ങനെ അടയാളപ്പെടുത്തിയവയിൽ ഏററവും കൂടുതൽ അറിയാവുന്നതു് ആദ്യം എന്ന ക്രമത്തിൽ എഴുതിത്തുടങ്ങുകയും വേണം.

ഉത്തരമെഴുതാൻ തെരഞ്ഞെടുത്തിരിക്കുന്ന ചോദ്യം സാവധാനത്തിൽ വായിച്ചുനോക്കി അതിൽ എന്താണു് ആവശ്യപ്പെട്ടിരിക്കുന്നതെന്നു ഗ്രഹിക്കണം. ഏതെങ്കിലും വിഷയത്തെപ്പററി ചോദിച്ചാൽ ആ വിഷയത്തെപ്പററി അറിയാവുന്നതെല്ലാം എഴുതിവയ്ക്കുന്ന കുട്ടികളുണ്ടു്. ഒരു പേജ് ഒരു നിശ്ചിത വിഷയത്തെപ്പററി എഴുതാൻ പറഞ്ഞാൽ, അറിയാവുന്ന കാര്യങ്ങളെല്ലാം ഒരു ക്രമവും ചിട്ടയുമില്ലാതെ അഞ്ചു പേജ് എഴുതിവയ്ക്കുന്നവരുമുണ്ടു്. ഇത്തരക്കാർക്കു് അധികം മാർക്കു് കിട്ടാറില്ലെന്നുള്ളതാണു് വാസ്തവം.

ഓരോ പാഠത്തിൻേറയും ഒരു നിശ്ചിതഭാഗം മാത്രമേ ചോദ്യത്തിൽ സ്പർശിക്കയുള്ളു. ആ നിശ്ചിതഭാഗമാണ് നാം ഉത്തരമായി എഴുതേണ്ടതും. പാഠം നന്നായി പഠിച്ചവർക്ക് മാത്രമേ ശരിയായ ഉത്തരം എഴുതാൻ സാധിക്കൂ. അറിയാവുന്ന കാര്യങ്ങൾ ഉത്തരക്കടലാസിൽ എഴുതാതെ പോകുന്നവരുണ്ട്. അനാവശ്യകാര്യങ്ങൾ എഴുതിചേർക്കുന്നവരും ഉണ്ട്. ഇവർക്കെല്ലാം പററുന്ന അബദ്ധം ചോദ്യക്കടലാസിൻെറ ഒരററം വായിച്ചശേഷം ഉത്തരം എഴുതാൻ പുറപ്പെടുന്നുവെന്നതാണ്.

ഓരോ ചോദ്യത്തിൻേറയും ഉത്തരത്തിൽ ഇന്നയിന്ന കാര്യങ്ങളൊക്കെ ഉണ്ടായിരിക്കണമെന്നൊരു ആശയം വേണം. പ്രധാനപ്പെട്ട കാര്യങ്ങളൊക്കെ ഉത്തരക്കടലാസിൽ രേഖപ്പെടുത്തുകയും വേണം. ആശയങ്ങളെഴുതാതെ വാചകഭംഗികൊണ്ട് മാർക്ക് കിട്ടുമെന്ന് വിചാരിക്കരുത്. പാഠവിഷയം ശ്രദ്ധിച്ചു വായിച്ചിട്ടുണ്ടോയെന്ന് അറിയുന്നതിനുംകൂടിയാണ് പരീക്ഷ നടത്തുന്നത്. അതുകൊണ്ട് പാഠ്യപുസ്തകത്തെ അടിസ്ഥാനമാക്കിയായിരിക്കണം ഉത്തരം എഴുതേണ്ടതും. പൊതുവിജ്ഞാനം രേഖപ്പെടുത്തുന്നതിനേക്കാൾ പാഠപുസ്തകജ്ഞാനമായിരിക്കണം മുൻപന്തിയിൽ നിൽക്കേണ്ടത്.

ഉത്തരത്തിൻെറ മർമ്മഭാഗം മനസ്സിൽ കരുതി, ലഘുവായ വിശദീകരണത്തോടുകൂടി അതു് നല്ല വാചകങ്ങളിൽ കടലാസിൽ രേഖപ്പെടുത്തുക. പ്രാധാന്യമർഹിക്കുന്ന മുൻഗണനാക്രമത്തിൽ വേണം എഴുതാൻ. പരീക്ഷാഹാളിലിരുന്നു ദീർഘമായി ആലോചിക്കാൻ സമയം കിട്ടുകയില്ല. ഉള്ള സമയംകൊണ്ട് ആലോചന നടത്തി എഴുതണം. ദീർഘമായിട്ടാലോചിക്കുന്നവർ ഒന്നോ രണ്ടോ ചോദ്യങ്ങൾക്കുത്തരമെഴുതിക്കഴിയുമ്പോൾ സമയം തീർന്നിരിക്കും. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതാത്തതുകൊണ്ട് അവർക്ക് മാർക്കും കുറഞ്ഞുപോകും. ശരാശരി ഉത്തരമെഴുതുന്നവർക്ക് ശരാശരി മാർക്ക് കിട്ടാനാണ് സാദ്ധ്യത. കൂടുതൽ മാക്ക് വേണ്ടവർ നല്ല ഉത്തരമെഴുതാൻ പരിശ്രമിക്കണം.

ഇന്ത്യയിലെ പ്രാചീന സംസ്കാരത്തെപ്പററി വിവരിക്കുക എന്നൊരു ചോദ്യം സ്കൂളുകളിലേയും കോളേജുകളിലേയും പരീക്ഷകളിൽ ചോദിക്കുക സാധാരണമാണ്. യു. പി. സ്കൂഠം കുട്ടികളുടെ നിലവാരത്തിലല്ല ഹൈസ്കൂഠം വിദ്യാത്ഥികഠം അതിനു് ഉത്തരമെഴുതേണ്ടതു്. ബിരുദപ്പരീക്ഷയ്ക്കു് ഇതുപോലെയൊരു ചോദ്യമുണ്ടെങ്കിൽ അതിൻെറ ഉത്തരം തീർച്ചയായും ഉയർന്ന നിലവാരം പുലർത്തുന്നതായിരിക്കണം.

പരീക്ഷയ്ക്കു് തയ്യാറാകുന്ന അവസരത്തിൽ വേണ്ടവിധം പഠിച്ചിട്ടുള്ള മൂന്നോ നാലോ കുട്ടികഠം ഒരുമിച്ചിരുന്നു്, ഓരോ ചോദ്യത്തിൻെറയും ഉത്തരങ്ങളെപ്പററി ചർച്ച ചെയ്യുന്നതു് നല്ല ഒരു പഠനരീതിയാണ്. പ്രധാനപ്പെട്ട ആശയങ്ങഠം ഓരോരുത്തരും എടുത്തുപറയുന്നതുകൊണ്ടു് അതു് ഓർമ്മയിൽ തറച്ചിരിക്കുവാൻ സഹായകമാകുന്നു. സർവ്വകലാശാലാതലത്തിൽ ഇതുപോലുള്ള ചർച്ചകളും പഠനങ്ങളും സഹായകരമാണെങ്കിലും, സ്കൂഠംതലത്തിൽ പലപ്പോഴും സമയം നഷ്ടപ്പെടുന്നതിനും അനാവശ്യകാര്യങ്ങളുടെ സംഭാഷണത്തിലുമേ ഈ രീതിയിലുള്ള പഠനം ചെന്നെത്തു.

ഒരു മാസത്തേക്കുള്ള ഭക്ഷണം ഒന്നാകെ കഴിക്കാൻ നിവൃത്തിയില്ലാത്തതു പോലെ, ഒരു മാസത്തെ പഠനം ഒരു ദിവസംകൊണ്ടു് സാധിക്കയില്ലെന്ന കാര്യവും വിദ്യാത്ഥികഠം എപ്പോഴും ഓർത്തിരിക്കണം.

# 21. ഫസ്റ്റ് ക്ലാസ്സോടുകൂടി തോൽവി

എസ്. എസ്. എൽ. സി പരീക്ഷക്ക് ഫസ്റ്റ്ക്ലാസ്സോടുകൂടി തോററ കുട്ടിയാണ് ബിനുമോൻ. എല്ലാവിഷയത്തിനും കൂടി കിട്ടിയ മാർക്കുകൾ കൂട്ടിനോക്കിയാൽ ബിനുമോനു് ഫസ്റ്റ്ക്ലാസ്സ് കിട്ടും. എന്നാൽ ഒരു വിഭാഗത്തിനു് മിനിമം കിട്ടേണ്ട മാർക്ക് ലഭിക്കാതെ പോയതുകൊണ്ടാണ് അവൻ തോററുപോയതു്. ഫസ്റ്റ്ക്ലാസ്സോടുകൂടി ബിനുമോൻ ജയിക്കുമെന്ന് എല്ലാവരും കരുതി. പരീക്ഷകഴിഞ്ഞപ്പോൾ തന്നെ പലരും ഫസ്ററ്ക്ലാസ്സിന്റെ ആശംസകൾ നല്കുകയും ചെയ്തു. പരീക്ഷാഫലം വന്നപ്പോൾ തോററുപോയതുകൊണ്ടു് മാർക്കുലിസ്ററെടുപ്പിച്ചു നോക്കി. അപ്പോഴാണ് പഠനത്തിൽ പററിയ പാളിച്ച മനസ്സിലായതു്. ശാസ്ത്രവിഷയത്തിനും സാമൂഹികപാഠത്തിനും തൊണ്ണൂറു ശതമാനത്തോളം മാർക്കുണ്ടു്. ഭാഷയുടെ കാര്യത്തിലാണ് പിശകുപററിയതു്. മാർക്ക് പത്തിലും താഴെ മാത്രമേ ഉള്ളു.

''താൻ പാതി, ദൈവം പാതി'' എന്നൊരു പഴഞ്ചൊല്ലുണ്ടു്. സ്വയം സഹായിക്കുന്നവനെ, ദൈവവും സഹായിക്കും എന്നു പറയുന്നതിന്റെ അർത്ഥവും മറെറാന്നല്ല. നിശ്ചിതവിഷയം പഠിക്കണമെന്നു നീക്കുപോക്കില്ലാത്ത തീരുമാനവും, പഠനത്തിൽ വിശ്രമമില്ലാത്ത ശ്രമവും ഓരോ വിദ്യാർത്ഥിക്കും വേണം. പഠനം എന്നതു് തനിയേ നടത്തേണ്ട അഭ്യാസമാണ്. അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും പഠനത്തിനു് പ്രോത്സാഹനവും സഹായവും ചെയ്തുകൊടുക്കാൻ കഴിയും. വിദ്യാർത്ഥികൾക്കുവേണ്ടി പഠിച്ചുകൊടുക്കാനോ, പരീക്ഷക്കെഴുതാനോ അവർക്കു സാധിക്കയില്ല. ആൾ മാറാട്ടം നടത്തി പരീക്ഷക്കെഴുതിയാൽ പോലീസു പിടിച്ചു് കോടതിയിലാക്കും. ശിക്ഷ ലഭിച്ചെന്നും വരാം.

ബുദ്ധിമുട്ടി ഓരോവിഷയവും പഠിക്കുന്നതാണ് ഏററവും മെച്ചപ്പെട്ട പഠനരീതി. തനിയേ പഠിക്കുന്നതിനുള്ള തീരുമാനമെടുത്താൽ അതു നടപ്പാക്കാനുള്ള ഉറച്ച മനസ്സും കൂടി പ്രദർശിപ്പിക്കണം. പഠനത്തിനുള്ള മുഖ്യ ഉപാധിയെന്നോ, ഏക ഉപാധിയെന്നോപറയാവുന്നതാണ് കഠിനമായ പ്രയത്നം.

നിശ്ചിതമായ ഒരു ലക്ഷ്യമുള്ളവർക്കേ കാര്യമായി പഠിക്കാൻ സാധിക്കൂ. പഠനത്തിനു പ്രയാസം തോന്നുമ്പോരം പിന്തിരിഞ്ഞോടുകയും പഠനം ഉപേക്ഷിക്കുയും ചെയ്യുന്ന വിദ്യാത്ഥികളുണ്ട്. ചിലകുട്ടികളെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ള വിഷയങ്ങളും വിഷമമുള്ള വിഷയങ്ങളും കാണും. എല്ലാവിഷയങ്ങളും ഒരു പോലെ എളുപ്പമായവരാണ് അതിബുദ്ധിമാന്മാർ. എല്ലാവിഷയങ്ങളും ഒരു പോലെ ബുദ്ധിമുട്ടായവരാണ് ബുദ്ധിശൂന്യന്മാർ. കഷ്ടിച്ച ജയിക്കുന്നതിനാവശ്യമായ മാർക്കിനുവേണ്ടി അവർക്ക് കഠിനമായി ബുദ്ധിമുട്ടേണ്ടി വരും. എന്നാൽ ഭൂരിഭാഗം വിദ്യാത്ഥികളും ഈ രണ്ടു വിഭാഗങ്ങളിലും പെടാത്ത ഇടത്തരക്കാരാണ്. കുറേ വിഷയങ്ങരം എളുപ്പവും ഏതാനും വിഷയങ്ങരം പഠിക്കാൻ വളരെ വിഷമവുമാണ് അവരെ സംബന്ധിച്ചിടത്തോളം.

ഏതാനും പ്രാവശ്യം വായിച്ചു നോക്കിയിട്ടു പാഠങ്ങരം മനസ്സിലാകുന്നില്ലെന്നും, ഓർമ്മയിൽ നില്ക്കുന്നില്ലെന്നും പറഞ്ഞ് പഠനം ഉപേക്ഷിക്കരുതു്. മുഴവൻസമയവും എളുപ്പവും ഇഷ്ടവുമുള്ള വിഷയങ്ങരം മാത്രം പഠിക്കയും വിഷമവും ഇഷ്ടവുമില്ലാത്ത വിഷയങ്ങരംഒട്ടും വായിക്കാതെ ഉപേക്ഷിക്കയും ചെയ്യുന്ന വിദ്യാത്ഥികളുണ്ട്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറ് സിലബസിൽ നിർദ്ദേശിച്ചിരിക്കുന്ന വിഷയങ്ങളൊക്കെ പഠിക്കണം. വിദ്യാത്ഥികളുടെ അഭിരുചിക്കനുസരണം ഏകപക്ഷീയമായി മാററം വരുത്താൻ പാടില്ല. എളുപ്പമുള്ള വിഷയങ്ങരം പഠിക്കയും അല്ലാത്തവ ഉപേക്ഷിക്കയും ചെയ്യുന്നവരാണ് നല്ല മാർക്കോടുകൂടി തോല്ക്കുന്നവർ.

കുറേ പാഠഭാഗങ്ങരം മാത്രം തെരഞ്ഞെടുത്തു പഠിക്കുന്ന കുട്ടികളുണ്ട്. കേരളാഗവണ്മെൻറ് ഭാഗ്യക്കുറി ടിക്കററെടുത്തവരെപ്പോലെയാണവർ. ചിലപ്പോരം പഠിച്ചതൊക്കെ പരീക്ഷയ്ക്കു ചോദിച്ചെന്നുവരാം. അതിനുള്ള സാദ്ധ്യതകരം വളരെ വിരളമാണു താനും. പഠനവും പരീക്ഷയും ഭാഗ്യക്കുറിപോലെയാകരുതു്. സമത്ഥരായ കുട്ടികരം പാഠഭാഗങ്ങരം ഒന്നും ഉപേക്ഷിക്കയില്ല. പാഠഭാഗങ്ങരം ഉപേക്ഷിക്കുന്നവർ സമത്ഥരാകാനും പ്രയാസമുണ്ട്.

''ഞാൻ എല്ലാം പഠിച്ചിട്ടുണ്ട്. എനിക്കെല്ലാം അറിയാം'' എന്നു് ആരും പറയരുതു്. പഠനത്തിനു് അതിർവരമ്പു നിർമ്മിക്കുക സാദ്ധ്യമല്ല. ഓരോ വിഷയവും തുടരെത്തുടരെ വായിച്ചുകൊണ്ടിരുന്നാൽ അതിൽ ആഴമേറിയ ജ്ഞാനം ലഭിക്കും.

ഭാവിയെപ്പററി ഒരു കരടു രേഖയുമായിട്ടു വേണം പഠിക്കുവാൻ. വിദ്യാഭ്യാസം ഏതാനും വഷം നടത്തിയശേഷം ജീവിതത്തിലേക്കു പ്രവേശിക്കണം. ഭാവിയെപ്പററിയുള്ള നിശ്ചിത പരിപാടിയനുസരിച്ചു് മുന്നേറുകയും വേണം. ജീവിതലക്ഷ്യമില്ലാത്ത കുട്ടികളേക്കാരം, അവയുള്ള കുട്ടികരം സമത്ഥരും പ്രായോഗികബുദ്ധിയുള്ളവരുമായിരിക്കും.

പഠനം ജീവിതത്തിനുള്ള ഒരുക്കമാണല്ലോ. അതുകൊണ്ടു് സമത്ഥരായ വിദ്യാത്ഥികരം ഉന്നതമായ ഉദ്യോഗങ്ങളിൽ കയറിപ്പററി സേവനം ചെയ്യാൻ ഉത്സാഹിക്കണം. പഠനത്തിൽ ഉറച്ച തീരുമാനവും അവിശ്രമമായ അദ്ധ്വാനവും പ്രദർശിപ്പിക്കുന്നവർ ജീവിതത്തിലും അവയൊക്കെ കാണിക്കും.

ഉയന്ന ഉദ്യോഗങ്ങളിൽ പ്രവേശിച്ചു് രാജ്യസേവനം ചെയ്യണമെന്നുള്ള തീവ്രമായ ആഗ്രഹം ഉള്ളിൽ കൊണ്ടുനടക്കണം. ഇപ്പോഴുള്ളതിൽ അല്പം ഉയർന്ന സ്ഥാനത്തെത്തണം എന്ന ആഗ്രഹം ഉത്ക്കർഷേച്ഛയുള്ളവർക്കു് മാത്രമേ ഉണ്ടാകൂ.

ഉയരണമെന്ന ആഗ്രഹം ഉത്തമമാണെങ്കിലും മാന്യവും നീതിയുക്തവുമായ മാർഗ്ഗങ്ങളിലൂടെ ഉയരാനാണു്

ഉത്സാഹിക്കേണ്ടതു്. അധാർമ്മികമാർഗ്ഗങ്ങൾ അവലംബിച്ചും, പരീക്ഷയിൽ കൃത്രിമം കാണിച്ചും ജയിക്കാൻ ശ്രമിക്കുന്നവർ പലപ്പോഴും അവഹേളന പാത്രങ്ങളായിത്തീരും. സത്യസന്ധരും, നീതിബോധമുള്ളവരുമായ പൗരന്മാർ രാജ്യത്തുണ്ടാകണമെങ്കിൽ സദ്ഗുണങ്ങളുള്ള വിദ്യാർത്ഥികൾ നമ്മുടെ സ്കൂളുകളിൽനിന്നും പഠിച്ചുയർന്നു വരണം. മാർക്കുലിസ്റ്റു തിരുത്തി മെഡിക്കൽകോളജിലും എൻജിനിയറിംഗ് കോളജിലും പോയി പഠനം തുടങ്ങിയവർ ഇന്നു കോടതിത്തിണ്ണകളിൽ ജാമ്യത്തുകയും കെട്ടിവച്ച് കാത്തിരിക്കുന്നു. വഞ്ചകരുടെ ലിസ്റ്റിൽ അവരുടെ പേരു പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഇവയൊക്കെ നമ്മുടെ കാര്യത്തിലും ഉണ്ടാകാതിരിക്കുവാൻ ഉത്സാഹശീലത്തോടെ പഠിച്ചുകൊള്ളുക.

# 22. പരീക്ഷയും പരാതികളും

പരീക്ഷ കഴിയുമ്പോൾ പരാതിയുമായി വീട്ടിലെത്തുന്ന കുട്ടിയാണ് പ്രവീൺ. പഠനത്തിൽ ശ്രദ്ധ ചെലുത്താറുള്ള ആ കുട്ടിക്കു് മാർക്കു കുറഞ്ഞുപോകുന്നതിൻെറ കാരണം അന്വേഷിച്ച് മാതാവായ പത്മാവതി സ്കൂളിൽ ചെന്നു. ക്ലാസ്സ്ടീച്ചറുമായി സംസാരിച്ചശേഷം കുട്ടിയുടെ ഉത്തരക്കടലാസുകൾ വാങ്ങി വായിച്ചുനോക്കി. അഞ്ചു ചോദ്യങ്ങൾക്കുത്തരമെഴുതാനാണാവശ്യപ്പെട്ടിരിക്കുന്നതു്. അഞ്ചിൽ കൂടുതൽ ചോദ്യങ്ങൾക്കുത്തരം വെള്ളം പോലെ പഠിച്ചിട്ടുള്ള പ്രവീണിനുള്ള പ്രശ്നം സമയം ഇല്ലായെന്നുള്ളതാണു്. രണ്ടു മണിക്കൂറിനുള്ളിൽ അഞ്ചു ചോദ്യങ്ങൾക്കുത്തരം എഴുതാൻ സമയമില്ലെന്നാണു് പ്രവീണിൻെറ വാദം. രണ്ടു ചോദ്യങ്ങൾക്കുത്തരം എഴുതിക്കഴിയുമ്പോൾ പ്യൂൺ മണിയടിച്ച് പരീക്ഷാസമയം തീർന്നതായി

പ്രഖ്യാപിക്കുന്നു. രണ്ടു ചോദ്യങ്ങൾക്കുത്തരം നന്നായി എഴുതിയിരിക്കകൊണ്ടു് അതിൻെറ മുഴുവൻ മാർക്കും കിട്ടും. എന്നാൽ ആ മാർക്കു് വലിയ മാർക്കാവുകയില്ലല്ലോ.

ഇതുപോലെ പരീക്ഷയ്ക്കു പാകമായ ഉത്തരം എഴുതാൻ അറിഞ്ഞുകൂടാതെ വിഷമിക്കുന്ന മിടുക്കരായ കുട്ടികളുണ്ടു്. ഒരു ചോദ്യം ചോദിച്ചാൽ അതിനുത്തരമായി അറിയാവുന്നതെല്ലാം എഴുതിവയ്ക്കുന്ന ശീലമാണു് ചിലക്കുള്ളതു്. വേറെയും ചോദ്യങ്ങൾ ഉണ്ടെന്ന കാര്യം അവർ മറന്നുപോകുന്നു. പത്തു മാർക്കിനുള്ള ചോദ്യത്തിനും രണ്ടു മാർക്കിനുള്ള ചോദ്യത്തിനും ഒരുപോലെ ഉത്തരമെഴുതുന്നവരുണ്ടു്. നാലോ അഞ്ചോ പേജ് എഴുതിയാലും രണ്ടു മാർക്കുള്ള ചോദ്യത്തിനു് അത്രയുമേ മാർക്കു് ലഭിക്കയുള്ളു.

പരീക്ഷയ്ക്കുള്ള നിശ്ചിതസമയത്തിനുള്ളിൽ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതാനും പഠിച്ചിരിക്കണം. പലപ്പോഴും സംഗ്രഹമായും വിവേചനാബുദ്ധിയുപയോഗിച്ചും എഴുതിയാൽ മാത്രമേ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതാൻ സാധിക്കൂ. പരീക്ഷകനു് സംതൃപ്തിയും സന്തോഷവും തോന്നത്തക്കവിധം ഉത്തരം എഴുതാൻ കഴിയണം. മുഖ്യാശയങ്ങൾ എല്ലാം ഉത്തരക്കടലാസ്സിൽ വേണം. വർണ്ണനകളും വ്യാഖ്യാനങ്ങളുമേ കുറയ്ക്കാൻ സാധിക്കൂ. പ്രധാനാശയമേതു്, വർണ്ണനയേതു് എന്നു് മനസ്സിലാക്കാനുള്ള കഴിവു് വിദ്യാത്ഥികൾ നേടണം.

പരീക്ഷകന്മാർ അറിവും പരിചയവും ഉള്ളവരാണ്. എത്രയോ ഉത്തരക്കടലാസ്സുകൾ അവർ പരിശോധിച്ചിരിക്കുന്നു. പല വിധത്തിലുള്ള കടലാസ്സുകൾ വായിച്ചിട്ടുള്ള അവരെ നമ്മുടെ വാചകക്കസർത്തുകൾകൊണ്ടു് വെട്ടിലാക്കാമെന്നു വിചാരിക്കുന്നതു് മൗഢ്യമാണ്. കുട്ടികളുടെ വിജ്ഞാനം അളന്നു നോക്കാൻ ഉതകുന്ന ഉത്തമമായ ശാസ്ത്രമായിട്ടാണ് ഓരോ അദ്ധ്യാപകനുമിരിക്കുന്നതു്. അതുകൊണ്ടു് എഴുതിയ കാര്യം തിരിച്ചും മറിച്ചും എഴുതി പേജു നിറയ്ക്കുന്നതിലത്ഥമില്ല. വിഷയത്തോടു ബന്ധ

പ്പെടാത്ത കാര്യങ്ങറം എഴുതുന്നതു് ഉത്തമമായ ഉത്തരമായിത്തീരുന്നില്ല.

ശാസ്ത്രവിഷയങ്ങറംക്കു് ശാസ്ത്രീയമായിത്തന്നെ ഉത്തരമെഴുതണം. ഫോർമുലകറം എഴുതാൻ ആവശ്യപ്പെട്ട മ്പോറം കൃത്യമായിത്തന്നെ എഴുതാൻ ശ്രമിക്കുക. പേരെഴുതുക, ഒററവാക്കിൽ ഉത്തരമെഴുതുക തുടങ്ങിയവ ലഘു ചോദ്യങ്ങളായി തോന്നാമെങ്കിലും, കുട്ടികളുടെ അറിവ് പരിശോധിക്കാൻ ഇതിൽ കൂടുതൽ എളുപ്പമായ മാർഗ്ഗമില്ല.

ഉപന്യാസ രീതിയിലുള്ള ഉത്തരങ്ങളുടെ ആദ്യഭാഗവും അവസാനഭാഗവും ഭംഗിയായി എഴുതി ചേർക്കണം. വല്ലവരും എഴുതിയ വാചകങ്ങറം കാണാതെ പഠിച്ചു് സാഹിത്യചെണ്ടകളാകാതെ, നിങ്ങറംക്കറിയാവുന്നതും അത്ഥനിശ്ചയമുള്ളതുമായ വാക്കുകറം ചേർത്തെഴുതുന്ന കൊച്ചുകൊച്ചു വാചകങ്ങളാണു് അഭികാമ്യമായിട്ടുള്ളതു്. ഉത്തരം എഴുതിയിരിക്കുന്നതു് സ്വന്തമാണോ, പരീക്ഷാസഹായികളിൽനിന്നും ചോത്തിയെടുത്തതാണോയെന്നു് അദ്ധ്യാപകർ വേഗത്തിൽ മനസ്സിലാക്കും. പാഠ്യപുസ്തകത്തെ അടിസ്ഥാനമാക്കിയാണു് സ്കൂറം വിദ്യാത്ഥികറംക്കുള്ള ചോദ്യങ്ങളെല്ലാം തയ്യാറാക്കുന്നതു്. അതുകൊണ്ടു് പാഠ്യപുസ്തകം മുഴുവനായി മനസ്സിരുത്തിപ്പഠിക്കുവാൻ ഉത്സാഹിക്കുക. ഉത്തരങ്ങറംക്കെല്ലാം മേമ്പൊടിയെന്ന നിലയിൽ പൊതുവിജ്ഞാനം പ്രകടിപ്പിക്കുന്നതും ഉത്തമമാണു്.

വ്യാകരണസംബന്ധിയായ ചോദ്യങ്ങറം കൂടുതൽ മാർക്കു കിട്ടാൻ സഹായകമാണു്. ഒന്നോ രണ്ടോ വാക്കിൽ സംഗ്രഹമായി വ്യാകരണം എഴുതണമെങ്കിൽ ആ വിഷയം നിശ്ചയമുണ്ടാകണം. വ്യാകരണത്തിനു് നിശ്ചിത ശതമാനം മാക്കുകറം വാങ്ങിക്കാൻ കഴിയും..

പഠിക്കുന്നതുപോലെ പരീക്ഷ എഴുതുന്നതും മനസ്സുറപ്പിച്ചും, ശ്രദ്ധ തറപ്പിച്ചും ചെയ്യേണ്ടതാണു്. മനസ്സിൽ തോന്നുന്ന കാര്യങ്ങറം പേനാത്തുമ്പിലൂടെ കടലാസി

ലേക്ക പകൎത്തുക എളുപ്പമുള്ള കാര്യമല്ല. എത്ര ബുദ്ധിമു ട്ടി പഠിച്ചാലും ഭംഗിയായി എഴുതാൻ അറിഞ്ഞുകൂടായെ ങ്കിൽ വിദ്യാൎത്ഥികൾക്ക് അതു് മാർക്കായി രൂപാന്തര പ്പെടുത്താൻ സാധിക്കയില്ല.

പ്രയോജനപ്രദമായ രീതിയിൽ പരീക്ഷയ്ക്കുത്തര മെഴുതാൻ പഠിച്ചിരിക്കേണ്ടതും വിദ്യാഭ്യാസത്തിൻെറ ഭാഗമായി പരിശീലിക്കണം.

# 23. പരീക്ഷാ ക്രമക്കേടുകൾ

പരീക്ഷയിൽ കൃത്രിമം കാണിക്കുന്നവരെപ്പററിയുള്ള വാർത്തകൾ മിക്കദിവസങ്ങളിലും പത്രങ്ങളിൽ വായി ക്കാം. പണം കൊടുത്തു ബിരുദം വാങ്ങാൻ ശ്രമിച്ച ഒരു സംസ്ഥാന മുഖ്യമന്ത്രി അടുത്തകാലത്തു് രാജിവച്ച് ഭര ണം ഒഴിയുകയുണ്ടായി. വയസ്സ് തിരുത്തുക, മാർക്കു തി രുത്തുക, സുപ്രധാനരേഖകൾ തിരുത്തുക· കേസുകെട്ടുകൾ മോഷ്ടിച്ചുകൊണ്ടുപോവുക തുടങ്ങിയവയൊക്കെ ആദാ യകരമായ ഹോബികളായി ഇന്നു കരുതപ്പെടുന്നു. ധനശ ക്തിയനുസരിച്ച് ഏതു ബിരുദവും സമ്പാദിക്കാമെന്ന നി ലപാട് ചില സംസ്ഥാനങ്ങളിലൊക്കെ ഉണ്ടത്രേ.

അംഗീകാരം കിട്ടിവരുന്ന ഒരു ശീലമാണെങ്കിലും മാ ൎക്ക് വെട്ടിപ്പും തട്ടിപ്പും അതിനു സഹകരിക്കുന്നവരുടെ സ്വഭാവ ദൂഷ്യത്തെയാണ് കാണിക്കുന്നതു്. ഓരോ പ രീക്ഷയും ജീവിതത്തിൻെറ കോവണിയിലൂടെയുള്ള നമ്മു ടെ കയററത്തെയാണു സൂചിപ്പിക്കുന്നതു്. കോപ്പിയടി ക്കുക, ചോദ്യങ്ങൾ മോഷ്ടിക്കുക, പരീക്ഷാഹാളിൽ വരുന്ന അദ്ധ്യാപകരെ ഭയപ്പെടുത്തുക, പരീക്ഷാപേപ്പറു കൾ നോക്കുന്നവരെ പ്രീണിപ്പിക്കുകയോ ഭയപ്പെടുത്തുക

യോ ചെയ്യുക തുടങ്ങിയവയൊക്കെ ക്രമക്കേടുകളുടെ ഭാഗങ്ങളാണ്.

പഠനത്തിലുള്ള ഒരു പരിശോധനയായിരിക്കുന്നതുപോലെ സ്വഭാവത്തിന്റെ ഒരു പരിശോധനകൂടിയാണ് പരീക്ഷ. പരീക്ഷാഹാളിൽ അടുത്തിരിക്കുന്ന കുട്ടികളുടെ ഉത്തരം നോക്കി എഴുതുന്നതും, എഴുതാനായി ഉത്തരക്കടലാസ്സുകൾ കാണിച്ചു കൊടുക്കുന്നതും കൈമാറി കൊടുക്കുന്നതും ഒരു പോലെ ആഭിജാത്യമില്ലാത്ത പണിയാണ്. പഠിക്കാതെ നടക്കുന്ന അലസന്മാരായ സുഹൃത്തുക്കളെ ഉത്തരകടലാസ്സ് കാണിച്ചുകൊടുക്കുന്നതു് വാസ്തവത്തിൽ ഒരു സഹായമല്ല, ഉപദ്രവം തന്നെയാണ്. പരീക്ഷാവേളയിൽ ഇത്തരത്തിലുള്ള ഒരു ക്രമക്കേടു പിടിക്കാനിടയായാൽ നല്ലവനും ഉത്സാഹിയുമായ ഒരു കുട്ടിയുടെ വിദ്യാഭ്യാസഭാവി പൂർണ്ണമായും ഇരുളടഞ്ഞതായി തീരുന്നതു് നമുക്ക് കാണേണ്ടതായി വരുന്നു. താന്തോന്നിയും തല്ലുകൊള്ളിയുമായ ഒരു വിദ്യാർത്ഥിക്കു് വിദ്യാഭ്യാസം നിലച്ചുപോകുന്നതുകൊണ്ടു് കാര്യമായ കുഴപ്പമൊന്നും സംഭവിക്കുന്നുമില്ല.

സ്വഭാവ സംസ്കരണത്തിന്റെ വേദിയാണ് പരീക്ഷ. നല്ല സ്വഭാവമുള്ളവർ നന്നായി പെരുമാറുന്നു. വേണ്ടവണ്ണം ഒരുങ്ങിയിട്ടില്ലെങ്കിൽ അടുത്തവർഷത്തേയ്ക്കു പരീക്ഷ നീട്ടിവയ്ക്കുന്നതായിരിക്കും വക്രമാർഗ്ഗങ്ങളിലൂടെ ജയിച്ചു കയറുന്നതിലും ഉത്തമമായ മാർഗ്ഗം. പുഴക്കുത്തു വീണ സ്വഭാവത്തിന്റെ ഉടമസ്ഥരായാൽ നാമെന്നും അധഃപതിച്ചവരായി കിടക്കും. പൊട്ടിയ പിഞ്ഞാണം ഒട്ടിച്ചെടുക്കുക ദുഷ്കരമായതുപോലെ സ്വഭാവ വൈകല്യങ്ങളും മായാത്ത പോറലുകളായി അവശേഷിക്കും.

## അദ്ധ്വാനവും സ്വഭാവശുദ്ധിയും

അത്യദ്ധ്വാനവും സ്വഭാവശുദ്ധിയുമുള്ളവർ മാത്രമേ ജീവിതത്തിൽ വിജയിക്കാറുള്ളു. പരീക്ഷയിൽ തിരിമറി നടത്തി ജയിച്ചു വരുന്നവർ ഉദ്യോഗരംഗത്തു ദുഷ്

പ്രവണതകൾ പ്രകടിപ്പിക്കുന്നതു കൊണ്ട് മിക്കപ്പോഴും പരാജയമടയുന്നു. മിടുക്കന്മാരായി പഠിച്ചുവന്ന എത്രയോ ആളുകൾ ഉന്നതസ്ഥാനത്തു കയറിപ്പററിയശേഷം സ്വഭാവവൈകല്യങ്ങൾ കാണിച്ച് അവഹേളിതരായി രംഗം വിടുന്നു. പ്രശസ്തവിജയം നേടിയവരുടെ ഫോട്ടോകൾ പത്രത്തിൽ വരുന്നതുപോലെ കുപ്രസിദ്ധ വ്യക്തികൾ പത്രങ്ങളിലൂടെ അവമാനിതരായിത്തീരാറുണ്ട്. അന്താരാഷ്ട്ര കുററവാളിയായ ശോഭാരാജ് ഒരു ഐ. പി. എസ് കാരനെക്കാൾ അധികം കഴിവുള്ളയാളാണ്. കഴിവും ബുദ്ധിശക്തിയും കുററ കൃത്യങ്ങൾ ചെയ്യുന്നതിനു വേണ്ടി വിനിയോഗിക്കുന്നുവെന്നു മാത്രം. ആത്മാത്ഥത സത്യസന്ധത, സ്നേഹം തുടങ്ങിയ ഗുണങ്ങൾക്ക് ഒരിക്കലും വിലയിടിയുകയില്ല. പഠനത്തിൽ തിളങ്ങുന്നവർ ഉദ്യോഗത്തിൽ തിളങ്ങാത്തതിൻെറ കാരണം സ്വഭാവക്കേടല്ലാതെ മറെറാന്നുമല്ല.

## ബുദ്ധിയും കുതന്ത്രവും

അനുചിത മാർഗ്ഗങ്ങളിലൂടെ മാർക്കു സമ്പാദിക്കയും ഉദ്യോഗങ്ങളിൽ കയറുകയും ചെയ്തവർക്ക് എപ്പോഴും ഒരു പോരായ്മക്കുറവ് തോന്നും. തൻെറ ഒപ്പം ഇരിക്കുന്നവർ ബുദ്ധിബലം കൊണ്ട് അവിടെ എത്തിയപ്പോൾ കുതന്ത്രം ഉപയോഗിച്ചാണല്ലോ താനെത്തിയതു് എന്ന ചിന്ത വേദനയായി ഉള്ളിൽ ആളിക്കത്തിക്കൊണ്ടിരിക്കും. അനഭിഗമ്യ മാർഗ്ഗങ്ങൾ അവലംബിച്ച് വിജയിക്കുന്നതിലും നല്ലതു് തോൽക്കുന്നതാണ്. രണ്ടാമതു് നന്നായി പഠിച്ച് വിജയിക്കുമ്പോൾ തോൽവിയുടെ വേദന മാറുകയും ആത്മാത്ഥതയുടെ സന്തോഷം മുഖത്തു് സ്ഫുരിക്കയും ചെയ്യും.

പരീക്ഷാഹാളിൽ പന്തികേടുകൾ കാണിക്കാനുദ്ദേശിക്കുന്നവർ പ്രകടിപ്പിക്കുന്ന തിക്കുമുട്ടലുകളും പരിഭ്രമങ്ങളും, പിടിക്കപ്പെടാതിരിക്കാൻ വേണ്ടി കാണിക്കുന്ന പരാക്രമങ്ങളും കാണുമ്പോൾ, ഇതിലെത്രയോ ഭേദമാ

ണ്ട് പഠിക്കേണ്ട വിഷയങ്ങരം വേണ്ട സമയത്തു് പഠി ച്ചാലുണ്ടാകുന്ന സമാധാനമെന്നു് നാം ഓൎത്തുപോകുന്നു.

എല്ലാ പരീക്ഷകരംക്കും നല്ല മാൎക്കുകരം വാങ്ങി ക്ലാസ്സിൽ നല്ല നിലവാരം പുലൎത്തുന്ന കുട്ടികരംക്കു് ചില പ്പോരം ആകസ്മികമായി വന്നെത്തുന്ന പരീക്ഷ അമ്പര പ്പുണ്ടാക്കും. എങ്ങനെയും നല്ല പേരു് നില നിൎത്തുന്നതിനു വേണ്ടിയുള്ള നെട്ടോട്ടത്തിൽ അനുചിതമാൎഗ്ഗങ്ങളും അവ ലംബിച്ചുപോകുന്നു. മാൎക്കിനേയും, അതുവഴി ലഭിക്കുന്ന ബഹുമാനത്തേയുംകാരം ഉന്നതമാണു് സ്വഭാവശുദ്ധിയെന്നു മനസ്സിലാക്കിയിട്ടുള്ളവർ സദ്ഗുണങ്ങരംക്കു് കളങ്കം ചാ ൎത്തുന്ന ഒരു കൃത്യത്തിലും ഏൎപ്പെടുകയില്ല.

അന്യരുടെ പണംകൊണ്ടു് ആൎഭാടജീവിതം നയി ക്കുന്നവൎക്കു് അധികം നാരം പിടിച്ചു നിൽക്കാൻ കഴിയാ ത്തതുപോലെ അന്യരുടെ അറിവിനേയും, അനുകമ്പയേ യും ആശ്രയിച്ചു് കഴിയുകയും അസാദ്ധ്യമാണു്. സ്വന്ത മായിട്ടുള്ളതിൽ പിടിച്ചുനിൽക്കാൻ ശ്രമിക്കണം. അതേ ശാശ്വതവുമായിരിക്കയുള്ളു. വിജ്ഞാനത്തിൻെറ നിൎമ്മല ജലാശയത്തിൽ വിഷം കലൎത്താതിരിക്കാൻ ശ്രദ്ധിക്കുക.

# 24. അഭിമുഖപ്പരീക്ഷ

ഏതാനും വൎഷങ്ങരം മുമ്പു് അമേരിക്കയിൽ വാഷിം ഗ്ടണിലെ ഒരു പരീക്ഷാ ബോൎഡു്, ആ നഗരത്തി ലെ പോലീസു്കമ്മീഷണറെ തെരഞ്ഞെടുക്കുന്നതിനുവേ ണ്ടി ഒരു അഭിമുഖപ്പരീക്ഷ നടത്തി. ധാരാളംപേർ ഉദ്യോ ഗാൎത്ഥികളായി എത്തിയിരുന്നു. പരീക്ഷാബോൎഡു് ഓരോരുത്തരേയും പരീക്ഷിച്ചു് വിലയിരുത്തിവിട്ടു.

സുമുഖനും സരസനുമായ ഒരുദ്യോഗാൎത്ഥിയോട്ട് പരീക്ഷാബോർഡിലെ ഒരാറം ഇങ്ങനെ ഒരു ചോദ്യം ചോദിച്ചു. 'പ്രക്ഷുബ്ധരായ ഒരു ജനസമൂഹം നിങ്ങളുടെ മുൻപിലുണ്ടെന്നു കരുതുക. അവരെ ശാന്തരായി പിരിച്ചയയ്ക്കാൻ നിങ്ങരം എന്തു തന്ത്രം ഉപയോഗിക്കും.'

യുവാവായ ഉദ്യോഗാൎത്ഥി ഒരു നിമിഷം ചിന്തിച്ചു. അതിനുശേഷം ഊറിച്ചിരിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു. ''ഞാൻ എന്റെ തൊപ്പിയെടുത്തു നീട്ടിക്കാണിച്ചു പാവങ്ങരംക്കുവേണ്ടി ഒരു പണപ്പിരിവു നടത്തും. ജനങ്ങരം ശാന്തരായി പോയ്ക്കൊള്ളും.'' പരീക്ഷാബോർഡിലുള്ളവൎക്കെല്ലാം ചിരിവന്നു. ആ ഉദ്യോഗാർത്ഥിയെ അവർ ജോലിക്കു ശുപാർശ ചെയ്തു. ജോലി ലഭിക്കയും ചെയ്തു.

മിക്ക മത്സരപ്പരീക്ഷകളോടും ഉന്നത ബിരുദപ്പരീക്ഷകളോടും അനുബന്ധമായി അഭിമുഖപ്പരീക്ഷകരം (വാചാപ്പരീക്ഷകരം) നടത്താറുണ്ട്. മാന്യമായി സംസാരിക്കുവാനും പെരുമാറുവാനുമുള്ള കഴിവ് ഏതൊരുദ്യോഗസ്ഥന്റേയും അടിസ്ഥാനഗുണമായിരിക്കണം. ദിനന്തോറും അനേക ശതമാളുകളോട്ട് ഇടപെടേണ്ട ഉദ്യോഗസ്ഥന്മാർ ഓരോരുത്തരോടും വിവേകത്തോടെ സംസാരിക്കുകയും പെരുമാറുകയും ചെയ്യേണ്ടതാവശ്യമാണ്. ആഫീസുകളിലും പൊതുജീവിതരംഗങ്ങളിലും ഓരോ അവസരത്തിൽ പൊന്തിവരുന്ന പ്രശ്നങ്ങരം സമാധാനപരമായും വിദഗ്ദ്ധമായും കൈകാര്യം ചെയ്യാനുള്ള കഴിവും പ്രകടിപ്പിക്കേണ്ടതാവശ്യമാണ്. ഒരാളെ ഉദ്യോഗത്തിൽ നിയമിച്ച ശേഷം കഴിവില്ലെന്നു കണ്ടുപിടിച്ചു മാററുന്നതിലും ഭേദം, കഴിവുള്ള ആളിനെ തെരഞ്ഞെടുത്തു് ഉദ്യോഗത്തിൽ നിയമിക്കയാണ്.

തൊഴിൽസമരങ്ങരം തീൎക്കുക, ക്രമസമാധാനനില സ്ഥാപിക്കുക, മതസൗഹാർദ്ദം പുലൎത്തുക, സമ്മേളനങ്ങരം നടത്തുക, ഗവണ്മെൻറിന്റേയും, കമ്പനികളുടേയും, സ്ഥാപനങ്ങളുടെയും പ്രതിനിധിയായി വിവിധ സ്ഥലങ്ങളിലും രാജ്യങ്ങളിലും പോവുക, പ്രസ് കോൺഫ്രൻസുകരം

നടത്തുക എന്നിവയൊക്കെ ഉദ്യോഗസ്ഥന്മാരുടെ ചുമതല യാണ്. നന്നായി പ്രസംഗിക്കാൻ പഠിച്ചിരിക്കേണ്ടതും ഉദ്യോഗവിജയത്തിനാവശ്യമായ ഘടകമാണ്. ഉദ്യോഗാത്ഥിക്കു് ഇതിനൊക്കെയുള്ള കഴിവുകൾ ഉണ്ടോയെന്നു മൂന്നോ, അഞ്ചോ പേരടങ്ങുന്ന ഒരു ബോർഡ് നടത്തുന്ന അഭിമുഖപ്പരീക്ഷകളിലൂടെയാണ് പരിശോധിക്കുന്നതു്. ഉദ്യോഗാത്ഥിയെ തനിമയോടെ കണ്ടെത്താനുള്ള ശ്രമവുമാണിവിടെ നടക്കുന്നതു്.

ഉന്നതബിരുദങ്ങൾ നൽകുന്നതിനു മുൻപും അഭിമുഖപ്പരീക്ഷകൾ നടത്താറുണ്ടു്. മാസ്റ്റർ ബിരുദങ്ങളും, ഡോക്ടറേററു ബിരുദവും നൽകുന്നതിനു മുൻപ് നിലവാരമുള്ള സവ്വകലാശാലകൾ ബിരുദാത്ഥിയെ നേരിട്ടു പരീക്ഷിക്കുക സാധാരണമാണ്. ഉന്നതബിരുദങ്ങൾ സ്വീകരിക്കുന്നവർ സമർത്ഥരും പ്രാപ്തരും ആയിരിക്കുക സവ്വകലാശാലയുടെ അന്തസ്സ് ഉയത്തിപ്പിടിക്കുന്നതിനാവശ്യവുമാണ്. അറിവും സാമർത്ഥ്യവുമില്ലാത്തവർ കലാശാലാ ബിരുദങ്ങളും കൈയിൽപ്പിടിച്ച് നടക്കുന്നതു് എല്ലാവർക്കും അവമാനകരമാണ്.

വിദ്യാർത്ഥിയുടെ ഇരിപ്പ്, നടപ്പ്, പെരുമാററം, ആചാരമര്യാദകൾ എന്നിവയെല്ലാം അഭിമുഖപ്പരീക്ഷയിൽ പരിശോധിക്കും. ചോദ്യങ്ങൾക്കു നൽകുന്ന ഉത്തരങ്ങൾപോലെ പ്രാധാന്യമേറിയതാണ് ഈ കാര്യങ്ങളും. വിദ്യാർത്ഥി ശുണ്ഠിക്കാരനോ, തൊട്ടാവാടിയോ, വിവേകമതിയോ, ബുദ്ധിമാനോ എന്നൊക്കെ പരീക്ഷിച്ചു നോക്കും. സിലബസ്സിനു പുറത്തുള്ള കാര്യങ്ങളും ചോദിച്ചുനോക്കും. പരീക്ഷകന്മാർ പലവിധത്തിലുള്ള ചോദ്യങ്ങൾ ചോദിക്കുമെന്നു കരുതിപ്പോവുകയാണെങ്കിൽ സമചിത്തതയോടെ പരീക്ഷ നേരിടാൻ സാധിക്കും.

ചോദ്യകത്താക്കൾ ആവശ്യപ്പെടുന്ന കാര്യങ്ങൾക്കു മാത്രം ഉത്തരം പറയുക. അറിവു് പ്രകടിപ്പിക്കാനുള്ള ബദ്ധപ്പാടുണ്ടാകരുതു്. സന്തോഷവാനും സമചിത്തനുമായി അഭിമുഖപ്പരീക്ഷയെ നേരിടുക. വക്രതയും അഭിന

യവും ഉപേക്ഷിച്ച് തനിക്കറിവുള്ള കാര്യങ്ങൾ തികഞ്ഞ ആത്മാർത്ഥതയോടെ പറയുക.

വിഷയങ്ങൾ പഠിച്ചൊരുങ്ങിപ്പോകുന്നതുപോലെ പ്രധാനമാണ് വൃത്തിയുള്ള വസ്ത്രങ്ങളും ധരിച്ച് മാന്യമായി പ്രത്യക്ഷപ്പെടുകയെന്നതും. വില കൂടിയ വസ്ത്രങ്ങളെക്കാൾ വൃത്തിയുള്ള വസ്ത്രങ്ങൾക്കാണ് പ്രാമുഖ്യം നൽകേണ്ടതു്. ''മുഖം മനസ്സിൻെറ കണ്ണാടി'' യെന്ന തത്വം ഓർത്തിരിക്കുകയും വേണം. നമ്മുടെ മുഖം വൃത്തിയായും ഭംഗിയായും സന്തോഷനിർഭരമായും മററുള്ളവരെ കാണിക്കാൻ ഉത്സാഹിക്കുക.

ചുണ്ടിൽ പുഞ്ചിരി തിരുകി നടക്കുന്ന വിദ്യാത്ഥികളെ ഒരു പരീക്ഷകനും വിഗണിക്കാൻ സാധിക്കയില്ല. ശാന്തവും കുലീനവുമായ പെരുമാററം മാതാപിതാക്കളിൽനിന്നും ലഭിക്കേണ്ട ഒരു പരിശീലനമാണ്. എടുത്തുചാട്ടവും, ബഹളവും പരുക്കൻ പെരുമാററവുമുള്ളവർ അഭിമുഖപ്പരീക്ഷയിൽ തീർച്ചയായും തോററുപോകും. ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം പറയുന്നതുപോലെ പ്രധാനമാണ് മാന്യമായ രീതിയിൽ ഉത്തരങ്ങൾ പറയുന്നതും. നാലുപേരുടെ മുൻപിൽ ഭവ്യതയോടെ പെരുമാറാൻ അറിയാമോ എന്നുള്ളതും പരിശോധിച്ചു നോക്കേണ്ട കാര്യമാണല്ലോ.

പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്യാനുള്ള വിദ്യാത്ഥിയുടെ കഴിവിനെക്കുറി ഈ സന്ദർഭങ്ങളിൽ പരീക്ഷിച്ചു നോക്കാറുണ്ട്. കളിയാക്കുക, എതിരുപറയുക, പ്രകോപനപരമായ രീതിയിൽ പെരുമാറുക എന്നിവവഴി വിദ്യാത്ഥിയുടെ സ്വഭാവം പരിശോധിച്ചു നോക്കാൻ പരീക്ഷകന്മാർ പരിശ്രമിക്കും. അവരിൽ ഒരാൾ ചിലപ്പോൾ സംസ്കാരശൂന്യനെപ്പോലെ അഭിനയിക്കാനും പാടുണ്ട്.

പ്രതികൂലസാഹചര്യങ്ങളെ നല്ല വാക്കുകളും അനുരഞ്ജന സ്വഭാവവും കൊണ്ടു് അനുകൂലമാക്കി മാററാനും എതിരാളികളെ നല്ല പെരുമാററം കൊണ്ടു് അനുയായി

കളാക്കിത്തീർക്കാനും ഉദ്യോഗാത്ഥികൾ സാമത്ഥ്യമുണ്ടായിരിക്കണം. ഇത്തരത്തിലുള്ള പാടവം തനിക്കുണ്ടോയെന്നു പരീക്ഷാബോർഡ്ഡ് പരിശോധിച്ചു നോക്കുമെന്നുമുള്ള സത്യം പല വിദ്യാത്ഥികളും മനസ്സിലാക്കയില്ല. ''എന്നോട് പരീക്ഷാബോർഡിലുള്ളവർ അരിശപ്പെട്ടെന്നും, അതുമിതും ചോദിച്ചെന്നും മററുമുള്ള പരാതികളുമായി പല വിദ്യാത്ഥികളും പാഞ്ഞു നടക്കും. എന്നാൽ അഭിമുഖപ്പരീക്ഷയിൽ പ്രയോഗിക്കുന്ന പരോക്ഷതന്ത്രങ്ങാം അധികം പേർ മനസ്സിലാക്കുകയില്ല.

അഭിമുഖപ്പരീക്ഷകളിൽ അനുചിതമായതു സംഭവിച്ചാലും, സമചിത്തത കൈവെടിയാതെ ശാന്തവും സമാധാനപൂർണ്ണവുമായ രീതിയിൽ ജീവിക്കാനും പ്രവത്തിക്കാനും അഭ്യസിച്ചിരിക്കണം. അപ്രതീക്ഷിത സംഭവങ്ങളുടെ ഒരു ശൃംഖലയാണ് ജീവിതമെന്ന സത്യവും ഓത്തിരിക്കുക.

# 25. വിജയരത്നങ്ങൾ

ബ്രിട്ടീഷ് ഗവണ്മെൻറിനെതിരായി നഷ്ടപരിഹാരത്തിനു കേസുകൊടുത്ത അറുപത്തൊന്നുകാരനും കട്ടാക്ക് സ്വദേശിയുമായ സൈസദ് ഷാസൂസ് സോഹ എന്ന റിട്ടയാർഡ് ഉദ്യോഗസ്ഥനെപ്പററിയുള്ള വാർത്ത 1985 മേയ് 13–ാം തീയതിയിലെ മിക്ക ദിനപ്പത്രങ്ങളിലും ഉണ്ടായിരുന്നു. 1951–ൽ ഒറീസായിൽ ഒരു മജിസ്ട്രേററായിരിക്കെ അവധിയെടുത്ത അദ്ദേഹം ഉപരിപാനത്തിനായി ഇംഗ്ലണ്ടിലേക്കു പോയി. അവിടെയുള്ള ഒരു വിദ്യാലയത്തിൽ ചേർന്നു് പാഠനവും തുടങ്ങി. പക്ഷേ ഒരു പ്രയാസം. ബസ്സിലും കടകളിലുമൊക്കെ കയറുമ്പോാം പെൺകുട്ടികാം അദ്ദേഹത്തെ നോക്കിചിരി

ക്കുകയും എന്തൊക്കെയോ പറയുകയും ചെയ്യുന്നത്രേ. ആ ശല്യം സഹിക്കാൻ വയ്യാതെ അദ്ദേഹം പഠനം നിർത്തി തിരിച്ചു പോന്നു. വർഷങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു തോന്നി ബ്രിട്ടീഷ് ഗവണ്മെൻറിനെതിരായി ഒരു നഷ്ടപരിഹാരക്കേസു കൊടുത്താൻ കുറേ പണം കിട്ടിയേക്കുമെന്നു്. വിദേശവിദ്യാർത്ഥിയായ തനിക്കു് ഉപരിപഠനം നടത്താൻ ഗവണ്മെൻറ് സൗകര്യം നൽകിയില്ലായെന്നു പറഞ്ഞാണു് ഇപ്പോൾ കേസു കൊടുത്തിരിക്കുന്നതു്.

നഷ്ടപ്പെട്ടതോ, പാഴാക്കിയതോ ആയ ബാല്യ യൗവനങ്ങളെയോർത്തു് സോഹയെപ്പോലെ ഖേദിക്കുന്നവരെ നിങ്ങൾ കണ്ടിരിക്കും. ''ഞാൻ ബാല്യകാലത്തു് അല്പം കൂടി ശ്രദ്ധിച്ചു പഠിച്ചിരുന്നെങ്കിൽ ഇങ്ങനെ സംഭവിക്കുമായിരുന്നില്ല.'' എന്നു് പശ്ചാത്താപത്തോടെ ഓർക്കുന്ന അനേകം യുവാക്കളേയും വൃദ്ധരേയും ഇന്നു കാണാൻ കഴിയും. നമുക്കു് അവരോടു സഹതപിക്കാനല്ലാതെ മറ്റൊന്നും ചെയ്യാൻ സാധിക്കയില്ല.

എന്നാൽ ഇന്നു് ഓടിച്ചാടി സ്കൂളിലേക്കു് പോകുന്ന കുട്ടികളിൽ പലർക്കും ഭാവിയെപ്പറ്റി പ്ലാനുകളോ ചിന്തകളോ ഇല്ല. ഇന്നു കരുത്തന്മാരും ഹൃദയം നിറയെ ആഗ്രഹങ്ങളും സ്വപ്നങ്ങളും ഉള്ളവരുമാണു് കുട്ടികൾ. ജീവിതവിജയത്തിനു് ബാല്യത്തിൻെറ കഴിവുകളെ ചാലുകീറി വിടാനുള്ള പ്രവണത മിക്കവരിലും കുറവാണു്. സ്വയം നിയന്ത്രണവും വിവിധങ്ങളായ കഴിവുകളുടെ പകമായ വികസനവും ഓരോരുത്തരും സാധിച്ചിരിക്കണം. കുട്ടികൾക്കുള്ള വിവിധങ്ങളായ കഴിവുകളിൽ വളർത്തേണ്ടവയെ വളർത്താനും തളർത്തേണ്ടവയെ തളർത്താനും സന്നദ്ധത വേണം.

ഓരോ നിമിഷവും ജോലിയുള്ളവരും ജോലി ചെയ്യുന്നവരുമാകാൻ ശീലിക്കണം. എന്തെങ്കിലും ഒരു ഹോബിയും ഉണ്ടായിരിക്കണം. സ്റ്റാമ്പുശേഖരണം, ചിത്രരചന, പൂന്തോട്ടനിർമ്മാണം, തയ്യൽ, വായന എന്നിങ്ങനെ

ഉപകാരപ്രദങ്ങളായ അനേകം ഹോബികളുണ്ട്. ജീവിതത്തിൽ മിച്ചം കിട്ടുന്ന ഓരോ നിമിഷവും പ്രയോജനപ്രദമാംവിധം ചെലവഴിക്കുവാൻ ഹോബികൾ നമ്മേ സഹായിക്കുന്നു.

പഠിക്കുന്ന അവസരത്തിലും പണം സമ്പാദിക്കുന്ന ശീലം ഉണ്ടാകണം. ധനസമ്പാദനം മാതാപിതാക്കളുടെ ചുമതലയായി കണക്കാക്കിയാൽ ജീവിതത്തോട് ഉത്തരവാദിത്വമുള്ളവരായി കുട്ടികൾ വളർന്നുവരികയില്ല. കായികാദ്ധ്വാനത്തിലൂടെ ജീവിതപരിശീലനം നേടണം. അദ്ധ്വാനമില്ലാത്ത ഗവണ്മെൻറുദ്യോഗം കിട്ടണമെന്നു ശഠിച്ചു നടന്നാൽ എല്ലാവക്കും അതു ലഭ്യമാവുകയില്ല. വളരെപ്പേർ അദ്ധ്വാനം നിറഞ്ഞ ജോലി ചെയ്യേണ്ടതായി വരും.

പണത്തേക്കാൾ വിലയേറിയതാണ് സമയം. നിമിഷങ്ങൾ നീങ്ങുന്നതോടെ ജീവിതത്തിനു കുറവു വന്നുകൊണ്ടിരിക്കുകയാണല്ലോ. ഓരോമിനിട്ടും ഉപകാരപ്രദമായി ചെലവഴിക്കാനുള്ള പരിപാടി വേണം. പരിപാടി നടപ്പാക്കാനുള്ള ദൃഢനിശ്ചയവും ആവശ്യമാണ്. നല്ല പദ്ധതികൾ ഉണ്ടാക്കി, അവ നടപ്പാക്കാതിരിക്കയാണ് മിക്കവരും ചെയ്യുന്നതു്. ഒരു കാര്യം ഒരു സമയത്തു ചെയ്യുക. എല്ലാ കാര്യത്തിനും ഒരു സമയമുണ്ടാവുക എന്നതു് പ്രായോഗിക ജീവിത തത്വമാണ്. അനേകം കാര്യങ്ങൾ ഒരേ സമയം ചെയ്യാൻ ഒരുങ്ങി ഒന്നും പൂർത്തിയാക്കാതെ കുഴങ്ങുന്നവരാണ് മിക്കയാളുകളും.

പഠനത്തിനു് ഒന്നാം സ്ഥാനവും മററു കാര്യങ്ങൾക്കു് രണ്ടാം സ്ഥാനവും നൽകിക്കൊണ്ടുള്ള ഒരു സമയപരിപാടി നമുക്കുവേണം. നിമിഷങ്ങൾ കൊണ്ട് ജീവിതം നിർമ്മിച്ചിരിക്കകൊണ്ട് ഓരോ നിമിഷവും പ്രയോജനപ്രദമായി ചെലവഴിക്കാനുള്ള പദ്ധതിയും വേണം.

പഠനത്തിനെന്നപോലെ, ജീവിതവിജയത്തിനും അത്യന്താപേക്ഷിതമായ ഗുണമാണ് സ്വഭാവശുദ്ധി. നല്ല കാര്യങ്ങൾ ചിന്തിക്കയും; നല്ലതു പറയുകയും നല്ലവ പ്രവർ

ത്തിക്കയും ചെയ്യുകയാണ് സ്വഭാവശുദ്ധിയുടെ അടിസ്ഥാനതത്വം. സ്വന്തം കാര്യത്തിലെന്നപോലെ, അന്യരുടെ കാര്യത്തിലും നന്മനിറഞ്ഞതും, ഗുണപ്രദവുമായ കാര്യങ്ങാം നിർവ്വഹിക്കുക.

എങ്ങനെയെങ്കിലും കുറേ പണം സമ്പാദിക്കുകയാണ് ജീവിതവിജയമെന്ന തത്വം ശരിയല്ല. കൈക്കൂലി, കള്ളനോട്ടടി, കള്ളക്കച്ചവടം തുടങ്ങിയ നീചമാർഗ്ഗങ്ങളിലൂടെ കിട്ടുന്ന പണം മോശമായ പണമാണെന്ന ധാരണ കുട്ടികളിലുണ്ടാകണം. അദ്ധ്വാനിക്കാതെ സമ്പാദിക്കുന്ന ഓരോ പൈസയും നീചമായ ധനമാണ്. അർഹമല്ലാത്ത പണം സമ്പാദിക്കുന്നതും, സൂക്ഷിക്കുന്നതും, അനുഭവിക്കുന്നതും, ഹീനമായ കൃത്യമാണ്.

ബാല്യവും വിദ്യാഭ്യാസവും തികച്ചും നിസ്സാര കാര്യങ്ങളല്ലെന്നോർത്തിരിക്കണം. ബാല്യം ശുഭസുന്ദരവും അദ്ധ്വാനപൂർണ്ണവും സേവനനിരതവുമാണെങ്കിൽ ഭാവിയും നന്നായിരിക്കും.

# 26. ലക്ഷ്യവും പരിപാടികളും

മനുഷ്യന്റെ ജീവിത വിജയത്തെപ്പററി അഗാധമായ പഠനങ്ങാം നടത്തിയശേഷം ആഗ്രഹിക്കുന്നതെല്ലാം ലഭ്യമാകുന്നതാണ് ജീവിതവിജയമെന്ന്, പണ്ഡിതന്മാർ അവകാശപ്പെടുന്നു. ജീവിതത്തെപ്പററി ധാരാളം പ്ലാനുകാം ഓരോരുത്തർക്കും ഉണ്ട്. അവ പൂർണ്ണമായും നടപ്പാകുമ്പോാം നാം സംതൃപ്തരും സന്തോഷവാന്മാരുമാകുന്നു.

ആഗ്രഹിക്കുന്ന കാര്യങ്ങാം ജീവിതത്തിന്റെ അവസാനത്തിൽ ലഭിച്ചാൽ പ്രയോജനമില്ല. ഭീമമായ തുക

ചെലവായതിനുശേഷം ലഭിച്ചാലും മതിയാകയില്ല. ഓരോ കാര്യവും കൃത്യസമയത്തു് ഭംഗിയായി നടക്കണം നാം ആശിക്കുന്ന കാര്യങ്ങൾ ആശിക്കുന്ന രീതിയിലും സമയത്തും ലഭിക്കുന്നതാണ് ജീവിതവിജയമെന്നു് ചുരുക്കിപ്പറയാം. പരീക്ഷയിൽ ഫസ്റ്റ് ക്ലാസ്സോടുകൂടി പാസ്സാകണമെന്നാഗ്രഹിച്ച് ശ്രമിക്കുന്ന വിദ്യാർത്ഥി ആദ്യമെഴുതുന്ന പരീക്ഷയിൽ ഈ വിധത്തിൽ ജയിച്ചാൽ സംതൃപ്തനായി.

ലോകത്തിൽ ജീവിക്കുന്ന എല്ലാവർക്കും ഒരു ലക്ഷ്യമുണ്ട്. നമ്മുടെ ഓരോ പരിശ്രമത്തിലും വിജയത്തിന്റെ മധുരം നുണയാൻ സാധിച്ചാൽ സന്തോഷത്തോടെ ജീവിത വിജയത്തിലെത്തിച്ചേരുക സാധ്യമാണ്.

ജീവിതത്തിൽ എല്ലാവരും വിജയിക്കാറില്ല എന്നുള്ളതാണ് പരമാർത്ഥം. കുറേപ്പേർ അർദ്ധവിജയം നേടും. ചിലർ ദയനീയമായി പരാജയപ്പെടുകയും ചെയ്യും. ഭാഗ്യമുള്ളവർ പരീക്ഷയിലും ജീവിതത്തിലും വിജയിക്കുമെന്നു ചിലർ പറയും. വിധി പോലെ വിജയമുണ്ടാകുമെന്നാണ് മററു ചിലരുടെ സമാധാനം. ഈ ന്യായങ്ങൾ രണ്ടും അത്ര ശരിയല്ല. അദ്ധ്വാനത്തിനനുസരണമായിവിജയം ഉണ്ടാകും എന്നതാണ് വാസ്തവം.

വ്യക്തിപരമായി ചിലഗുണങ്ങൾ ശീലിക്കുയും നിയമങ്ങൾ പാലിക്കുയും ചെയ്യുന്നവരാണ് പ്രായേണ ജീവിതത്തിൽ വിജയിക്കുക. സത്യസന്ധത, നീതിബോധം, പരിശ്രമശീലം, ഉദാരമനസ്കത, സമയനിഷ്ഠ തുടങ്ങിയ സദ്ഗുണങ്ങൾ പാലിച്ചുകൊണ്ടുള്ള ജീവിതം എല്ലാവരിൽ നിന്നും പ്രതീക്ഷിക്കുന്നുണ്ട്.

ജീവിതംകൊണ്ടു് എന്തുനേടണമെന്നു് ഒരു ധാരണയും പരിപാടിയും നമുക്കാവശ്യമാണ്. നാം വളർന്നു വലുതാകുമ്പോൾ സാഹചര്യമനുസരിച്ച് എന്തെങ്കിലും ആയിക്കൊള്ളട്ടെ എന്നു കരുതിക്കഴിയാൻ നിവൃത്തിയില്ല. ഒരു നിശ്ചിതലക്ഷ്യത്തോടെസാഹചര്യങ്ങളെനിയന്ത്രിച്ചുസ്വാധീനമാക്കണം. മിക്ക വ്യക്തികൾക്കും ജീവിതത്തിൽ വ

ലിയ ലക്ഷ്യമില്ല. ലക്ഷ്യമില്ലാത്തവർ ജീവിതത്തിൽ ഒന്നും നേടാറുമില്ല. എന്നാൽ ലക്ഷ്യമുള്ളവർ എത്ര പ്രതികൂല സാഹചര്യങ്ങളുണ്ടായാലും അവയോടെല്ലാം പടവെട്ടി ജീവിതലക്ഷ്യത്തിലേക്ക നീങ്ങാൻ സാഹസികമായി യത്നിക്കും.

ജീവിതത്തിന ലക്ഷ്യമുണ്ടെങ്കിൽ ആ ലക്ഷ്യം നേടാൻ അതിതാത്പര്യം ഉണ്ടാകും. വെറും ആഗ്രഹമല്ലിതു്. ആഗ്രഹത്തോടൊപ്പം ലക്ഷ്യം നേടാൻ ആത്മാർത്ഥമായി യത്നിക്കുമെന്ന തീരുമാനം കൂടിചേരുമ്പോഴാണ് അതിതാത്പര്യമാകുന്നതു്.

## തയ്യാറെടുപ്പ്

ജീവിതത്തിന് പ്രഥമവും പ്രധാനവുമായ ഒരു ലക്ഷ്യമുണ്ടായാൽ ആ ലക്ഷ്യലബ്ധിക്കുവേണ്ടിയുള്ള തയ്യാറെടുപ്പ് ഉണ്ടാകണം. ജോലി ലഭിക്കണമെന്നാഗ്രഹിച്ച് നടക്കുന്നവൻ കിട്ടാൻ ആഗ്രഹിക്കുന്ന ജോലിയെപ്പററി സമഗ്രമായി പഠിച്ചിരിക്കണം. ജോലിക്കും ജീവിതത്തിനും വേണ്ടിയുള്ള തയ്യാറെടുപ്പിനെ വിദ്യാഭ്യാസമെന്നുപറയാം. കിട്ടാനാഗ്രഹിക്കുന്നജോലിയുടെ നാനാവശങ്ങളും നന്നായി മനസ്സിലാക്കിയിരിക്കണം. ഉദ്യോഗം കിട്ടണമെന്നതീവ്രമായ ആഗ്രഹം മിക്കവൎക്കും ഉണ്ട്. എന്നാൽലഭിക്കേണ്ടജോലിയുടെ നാനാവശങ്ങളെപ്പററി പഠിക്കാൻ ഉത്സാഹംകാണിക്കയുമില്ല. ഇവർ ജീവിതലക്ഷ്യത്തിലെത്തിച്ചേരുക പ്രയാസമാണ്. ഡോക്ടറോ എൻജനീയറോആകാൻഉദ്ദേശിക്കുന്നയാരം ആ വിഷയത്തിൽ ശ്രദ്ധചെലുത്തി പഠിക്കണം. ഉഴപ്പന്മാൎക്കും ഉറക്കം തൂങ്ങികൾക്കും ജീവിതത്തിൽ ഉയൎന്നസ്ഥാനങ്ങളിൽ കയററിപ്പററാൻ എളുപ്പമല്ല. സമൎത്ഥരും പഠനശീലരും പരിശ്രമശാലികളുമായവരെ അനുഗമിക്കുക. അവരുടെ പ്രവൎത്തനരീതിയും പെരുമാററ സമ്പ്രദായവും നമ്മുടെ ജീവിതത്തിലും വഴികാട്ടികളായിരിക്കണം.

മനുഷ്യൻെറ ശരീരവും മനസ്സും തുല്യ പ്രാധാന്യമർഹിക്കുന്നവയാണ്. രണ്ടും തമ്മിൽ വേർതിരിക്കുക അസാദ്ധ്യ

മാണ്. ആരോഗ്യമുള്ള ശരീരത്തിൽ ദൃഢമായ മനസ്സ് ഉണ്ടായിരിക്കും. മനുഷ്യന് സ്വാഭാവികമായുള്ളതു് ആരോഗ്യമുള്ള ശരീരമാണ് ശരീരത്തിനു് എന്തെങ്കിലും പന്തികേടുണ്ടാകുമ്പോഴാണ് നാം രോഗികളായിത്തീരുന്നതു്. പ്രകൃതിനിയമങ്ങൾ ലംഘിക്കുമ്പോൾ ശരീരത്തിനും മനസ്സിനും രോഗം ബാധിക്കുന്നു. മിക്കരോഗങ്ങളും നാം സൃഷ്ടിക്കുന്നവയാണ്. ഭക്ഷണം, വ്യായാമം, വിശ്രമം എന്നിവയിൽ ശ്രദ്ധയില്ലാതെ വരുമ്പോഴാണ് രോഗങ്ങൾ ആരംഭിക്കുക. അതുകൊണ്ടു് അവയിലെല്ലാം പാകബുദ്ധിയും വിവേകവും ഉള്ളവരാകുവാൻ ശ്രദ്ധിക്കുക.

മനസ്സിനു കുഴപ്പം പിടിച്ചാൽ ശരീരത്തിനും കേടുണ്ടാകും. മാന്യമായും ക്രിയാത്മകമായും ചിന്തിക്കയും അന്യരെപ്പററി നല്ല കാര്യങ്ങൾ പറയുകയും ചെയ്യുന്നവരുടെ മനസ്സ് സുഖപൂർണ്ണമായിരിക്കും. എപ്പോഴും എല്ലാവരുടേയും കുററം കണ്ടുപിടിക്കാൻ നടക്കുകയും അന്യർക്കു തിന്മ വരണമെന്നു് ആഗ്രഹിക്കയും ചെയ്യുന്നവർക്ക് ഒരിക്കലും ശാന്തിയും സ്വസ്ഥതയും ഉണ്ടാകയില്ല. ഏതുകാര്യത്തിലും ലക്ഷ്യത്തിലെത്തിച്ചേരുന്നതിനു് മനസ്സും ശരീരവും ആരോഗ്യപൂർണ്ണമായിരിക്കണം.

## പ്രചോദനം

നാം ഏർപ്പെടുന്ന പ്രവർത്തനത്തിൽ പൂർണ്ണമായും മുഴുകുക. ലക്ഷ്യം പ്രാപിക്കുന്നതിനു് കഠിനാദ്ധ്വാനം ചെയ്യേണ്ടതായിവരും. പിന്നോട്ടുമാററുതു്. തീരുമാനങ്ങളിൽ പാറപോലെ ഉറച്ചുനില്ക്കുക. അന്യരോടു് ആലോചിക്കുന്നതു് ഉത്തമമാണെങ്കിലും, അന്യരെ അമിതമായി ആശ്രയിക്കുന്ന വരാകരുതു്. ഓരോരുത്തർക്കും അവരവരുടെ പ്രയാസങ്ങളും ദുഃഖങ്ങളും പ്രശ്നങ്ങളും ഉണ്ടായിരിക്കും. നമ്മുടെ ലക്ഷ്യം സാധിക്കുന്നതിനു് അവർ അമിതാവേശം കാണിച്ചെന്നും വരികയില്ല.

നാം ഉദ്ദേശിക്കുന്ന കാര്യങ്ങൾ ചെയ്യുന്നതിനാവശ്യമായ പണവും അദ്ധ്വാനവും നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാ

കണം. തളരാത്ത മനസ്സോടെ പ്രവർത്തിക്കുക. നിരാശ, അലസത തുടങ്ങിയവയൊക്കെ നീക്കി ആത്മാർത്ഥമായും അനസ്യൂതമായും പ്രവർത്തിക്കുക.

## സ്ഥിരത

ദീർഘമായി ആലോചിച്ച് നാമെടുത്ത തീരുമാനങ്ങളിൽ നിന്നും ഇടയ്ക്കിടക്ക് ഇളകുന്നത് ലക്ഷ്യപ്രാപ്തിക്കുതകുകയില്ല. എതിർപ്പുകളും പ്രയാസങ്ങളും എല്ലാക്കാര്യങ്ങളിലും ഉണ്ടാകും. കണക്കുകൂട്ടലുകളിൽ പാളിച്ചയും വരും. പക്ഷേ ഒരിക്കലും പരിപാടികൾ ഉപേക്ഷിക്കരുത്.

ലോകത്തിന്റെ പുരോഗതിക്ക് സഹായകരമായ കണ്ടു പിടുത്തങ്ങളുടെയെല്ലാം പിന്നിൽ പ്രവർത്തിച്ചിട്ടുള്ളത് അദ്ധ്വാന ശീലരായ വ്യക്തികളുടെ സ്ഥിരോത്സാഹവും നിർബ്ബന്ധബുദ്ധിയുമാണ്. പഠനവിജയത്തിനും ജീവിതവിജയത്തിനും കുറുക്കുവഴികൾ ഇല്ല. അദ്ധ്വാനപൂർണ്ണമായ രാജവീഥിയാണ് കിടക്കുന്നത്. അതിലൂടെ അടിവച്ചടിവച്ച് മുന്നേറണം. വലിയ ലക്ഷ്യങ്ങൾ സാധിക്കുന്നതിന് ക്ലേശകരമായ അദ്ധ്വാനത്തിന്റെ പശ്ചാത്തലം ഉണ്ടാകണം,

## ഈശ്വര സഹായം

എല്ലാ നല്ല കാര്യങ്ങളും സാധിക്കുന്നതിന് ഈശ്വര സഹായം ആവശ്യമാണ്. എല്ലാവരേയും എല്ലാക്കാര്യത്തിലും സഹായിക്കാൻ ഈശ്വരൻ സന്നദ്ധനും ശക്തനുമാണ്. ദൈവസഹായം അഭ്യർത്ഥിക്കാൻ നാം തയ്യാറാകണം. നിരാശരാകുമ്പോഴും അപകടങ്ങളിൽ ചെന്നു വീഴുമ്പോഴുമാണ് പലരും ദൈവത്തെ ഓർക്കുകയും സഹായം അഭ്യർത്ഥിക്കയും ചെയ്യുന്നത്.

ജീവിതത്തിൽ പരാജയങ്ങളും തകർച്ചയും ഉണ്ടാകുമ്പോൾ നമുക്ക് ഈശ്വരസഹായം കൂടുതൽ ആവശ്യമാണ്. വിനയപൂർവ്വം ഈശ്വരനെ സമീപിക്കാനും സഹാ

യം അഭ്യത്ഥിക്കാനും താത്പര്യപ്പെടണം. നമ്മുടെ എല്ലാ പ്രശ്നങ്ങറംക്കും തീരുമാനവും എല്ലാ പ്രവത്തനങ്ങറംക്കും വിജയവും ഉണ്ടാകും. ''അവസാന നിമിഷത്തിൽ ഈശ്വരൻ എന്നെ കൈവിട്ടുകളഞ്ഞതായ ഒരു സന്ദർഭം പോലും എനിക്കു് ഓക്കാൻ കഴിയുന്നില്ല'' എന്നു പറഞ്ഞ മഹാത്മ ഗാന്ധിയുടെ അനുഭവം നമുക്കും ഉണ്ടാകും.

# 27. വിദ്യാത്ഥിശക്തി

''ഇന്നത്തെ വിദ്യാത്ഥിയാണു് നാളത്തെ പൗരനെന്നു'' ഒരു ചൊല്ലുള്ളതു് എല്ലാവരും കേട്ടിട്ടുണ്ടു്. പക്ഷേ അതിൻെറ അത്ഥത്തെപ്പററി ചിന്തിച്ചിട്ടുള്ളവർ അധികമാരും കാണുകയില്ല. ഇന്നു പുസ്തകങ്ങളും കൈയിൽ പിടിച്ചു് ആടിപ്പാടി രസിച്ചുകളിച്ചു സ്കൂളിലേക്കു പോകുന്ന വിദ്യാത്ഥികറം, ഏതാനും വർഷങ്ങറം കഴിയുമ്പോറം നമ്മേ ഭരിക്കുന്നതിനും നമ്മുടെ രാജ്യത്തിൻെറ ഭാവിഭാഗധേയങ്ങറം നിയന്ത്രിക്കുന്നതിനും നിയുക്തരാകും. നമ്മുടെ പ്രതീക്ഷയേയും കണക്കുകൂട്ടലുകളേയും പിന്നിലാക്കിക്കൊണ്ടു് കുട്ടികറം വേഗത്തിൽ വളരുകയും പ്രായപൂത്തിയിലെത്തുകയും ചെയ്യും.

പ്രാചീന ഗ്രീസിലെ നഗര രാഷ്ട്രങ്ങളിൽ വൃദ്ധപൗരന്മാർ സമ്മേളിക്കുമ്പോറം പലപ്പോഴും കുട്ടികളുടെ വിദ്യാഭ്യാസം, സ്വഭാവസംസ്കരണം വളർച്ച തുടങ്ങിയ കാര്യങ്ങളെപ്പററി ചർച്ച നടത്തിയിരുന്നു. രാജ്യത്തിൻെറ ഭാവിയെപ്പററി ഉത്കണ്ഠാകുലരായ അവർ രാജ്യരക്ഷ, സാമ്പത്തികസ്ഥിതി, തുടങ്ങിയ വിഷയങ്ങളേക്കാറം ഊന്നൽ കൊടുത്തു് കുട്ടികളുടെ വിദ്യാഭ്യാസം, പരിശീലനം, തുടങ്ങിയ കാര്യങ്ങറം ചർച്ച ചെയ്തിരുന്നു. നൂററാണ്ടുകറംക്കു് മുൻപു് ജീവിച്ചിരുന്ന ആ പ്രാചീനപണ്ഡിതന്മാർ ബാ

ല്യകാല പരിശീലനത്തിൻെറപ്രാധാന്യത്തെപ്പററി നന്നായി ബോധവാന്മാരായിരുന്നു.

കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി എല്ലാ രാജ്യങ്ങളും വളരെ പണം ചെലവാക്കുന്നുണ്ട്. പരിഷ്കൃതരാജ്യങ്ങളിലെല്ലാം കുട്ടികളുടെ അടിസ്ഥാനവിദ്യാഭ്യാസം സൗജന്യമാണ്. ഇന്ത്യയെപ്പോലെ പാവപ്പെട്ടവർ വളരെയുള്ള രാജ്യങ്ങളിൽ വിദ്യാഭ്യാസം ധനവാന്മാക്കു മാത്രം ലഭ്യമാകുന്ന ഒരു സുഖസാധനമാകാൻ പാടില്ല. പാവപ്പെട്ടവനും പണക്കാരനുമെന്ന വ്യത്യാസം കൂടാതെ എല്ലാവക്കും നല്ല വിദ്യാഭ്യാസം ലഭ്യമായാൽ മാത്രമേ എല്ലാവരേയും ചേർത്ത് രാജ്യത്തെ വികസിപ്പിക്കാനുതകുന്ന പദ്ധതികഠം തയ്യാറാക്കാൻ സാധിക്കു. ജനങ്ങഠം വിദ്യാരഹിതരും അസംസ്കൃതരുമാണെങ്കിൽ രാജ്യപുരോഗതി ഏറെക്കുറെ അസാദ്ധ്യമായ കാര്യമാണ്.

ഐക്യരാഷ്ട്രസമിതിയുടെ കീഴിൽ യുവജനവർഷാചരണം നടത്തുകയുണ്ടായി. പങ്കാളിത്തം, വികസനം, സമാധാനം എന്നിങ്ങനെ മുഖ്യമായും മൂന്നു പ്രഖ്യാപിത ലക്ഷ്യങ്ങളോടെയാണ് യുവജനവർഷാചരണം നടത്തിയത്.

നാളത്തെ യുവാക്കളായിത്തീരാനുള്ള ഇന്നത്തെ ബാലികാബാലന്മാർ പ്രാധാന്യമുള്ളവരും പരിഗണന അർഹിക്കുന്നവരുമാണ്. യുവജനങ്ങഠംക്ക് എന്തെല്ലാം അവകാശങ്ങളും ആനുകൂല്യങ്ങളും അർഹിക്കുന്നുവോ അവയൊക്കെ ബാലികാബാലന്മാക്കും അവകാശപ്പെടാം.

കുട്ടികഠം എല്ലാ നൂററാണ്ടിലും ഉണ്ടായിരുന്നെങ്കിലും അവർ ഒരു സംഘടിതശക്തിയും അവഗണിക്കപ്പെടാത്ത വിഭാഗവുമായിത്തീർന്നതു് ഈ നൂററാണ്ടിലാണ്. വിദ്യാലയങ്ങഠം വദ്ധിച്ചതും വിദ്യാഭ്യാസം സാർവത്രികമായതും കുട്ടികളെ സംഘടിതരും സവ്വശക്തരുമായിത്തീരാൻ പ്രോത്സാഹിപ്പിച്ചു.

പത്തൊമ്പതാം നൂററാണ്ടിൽ ഇംഗ്ലണ്ടിലും, ഫ്രാൻസിലും, ജമ്മനിയിലുമൊക്കെ വിദ്യാത്ഥികഠം സംഘടിക്ക

യും സമരം നടത്തുകയും ചെയ്യുവെന്നുള്ളതു് സത്യമാണു്. എന്നാൽ അവ തീർത്തും പരിമിതമായ മേഖലകളിൽ ഒററപ്പെട്ടകാര്യങ്ങൾക്കുവേണ്ടിയുള്ള സമരങ്ങളായിരുന്നു. ഓക്സ്ഫോർഡ് യൂണിവേഴ്സിററിയിലെ ഒരു ട്യൂട്ടറെ മാററിക്കിട്ടുന്നതിനും, ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുതിനും വേണ്ടി നടത്തിയ സമരങ്ങൾ, ആവശ്യങ്ങൾ അനുവദിച്ചുകിട്ടിയ ഉടൻ അവസാനിക്കയും ചെയ്തു. നിസ്സാരകാര്യങ്ങൾക്കുവേണ്ടിയാണെങ്കിലും വിദ്യാത്ഥികൾക്കു നിൽക്കക്കള്ളിയില്ലാതായപ്പോഴാണു് അന്നത്തെ സമരങ്ങളും സംഘടിതശ്രമങ്ങളും സംജാതമായതു്. എന്നാൽ സംഘടിച്ച ഓരോ അവസരത്തിലും അദ്ധ്യാപകരും അധികാരികളും പറയുന്നതു് ധിക്കരിക്കുന്നതും എതിക്കുന്നതും തെററാണെന്നൊരു വിചാരവും വിദ്യാത്ഥികളുടെ ഉള്ളിലുണ്ടായിരുന്നുവെന്നാണു്.

വിദ്യാത്ഥികളുടെ ഭാവിനിശ്ചയിക്കുന്നതു് അദ്ധ്യാപകരുടേയും മാതാപിതാക്കളുടേയും ചുമതലയും അവകാശവുമായി അന്നു് അംഗീകരിക്കപ്പെട്ടു പോന്നിരുന്നു. വിദ്യാഭ്യാസം, തൊഴിൽ, വിവാഹം തുടങ്ങിയ വ്യക്തിജീവിതത്തിലെ മുഖ്യകാര്യങ്ങളൊക്കെ അന്യരെ ആശ്രയിച്ചു ചെയ്യാനാണ് അന്നത്തെ വിദ്യാത്ഥികൾ ശീലിച്ചിരുന്നതും അവരെ പഠിപ്പിച്ചിരുന്നതും. വിദ്യാത്ഥികൾക്കു് അവകാശങ്ങളോ കടമകളോ ഉണ്ടെന്നു് മുൻകാലങ്ങളിലെ വിദ്യാത്ഥികൾ മനസ്സിലാക്കിയിരുന്നില്ല. അന്നത്തെ ജീവിതസാഹചര്യങ്ങളിൽ വിദ്യാത്ഥികളുടെ വീക്ഷണചക്രവാളം സങ്കുചിതമായിപ്പോയതിൽ തെററു പറയാനും ഇല്ല.

മാനവരാശിക്കു് വികസനത്തിൻെറ സദ്വാർത്ത പ്രഘോഷിച്ചു കൊണ്ടായിരുന്നു ഇരുപതാം നൂററാണ്ടിൻെറ തിരുപ്പുറപ്പാടു്: ശാസ്ത്രീയസാങ്കേതിക – മാനസിക രംഗങ്ങളിലുണ്ടായ മാററങ്ങളും മറിച്ചിലുകളും വിപ്ലവകരങ്ങൾ തന്നെ ആയിരുന്നു. കഴിഞ്ഞ ശതകങ്ങളിലെ മാനവസംസ്കാരത്തിൻെറ എല്ലാമേഖലകളിലും പൊളിച്ചു പണിയലും തേച്ചു മിനുക്കും ഉണ്ടായിട്ടുണ്ടു്. ജീവിത വീക്ഷണം, വിദ്യാഭ്യാസസമ്പ്രദായം തുടങ്ങിയവയിലൊക്കെ

മാററം വന്നു. പുത്തൻ മനുഷ്യനായും പൗരനായും തീരാനുള്ള വിദ്യാഭ്യാസരീതിക്കേ അംഗീകാരം ലഭിച്ചുള്ളു. ചുററുമുള്ള മനുഷ്യജീവിതത്തോട് ബന്ധപ്പെടാത്ത വിദ്യാഭ്യാസത്തിനു് അർത്ഥം കണ്ടെത്തുക അസാദ്ധ്യമായിത്തീൎന്നു.

ഇരുപതാം നൂററാണ്ടിൻെറ അടിസ്ഥാനാവശ്യങ്ങളിൽ ഒന്നായി മാറി സ്വാതന്ത്ര്യബോധം. അടിച്ചമൎത്തപ്പെട്ട ജനവിഭാഗങ്ങൾ ഓരോന്നായി ഉണർന്നുവന്നു. രണ്ടു ശതകങ്ങളോളം പഴക്കമുള്ള വൈദേശികാധിപത്യത്തിൻെറ ഇരുമ്പുചങ്ങലകൾ തകർക്കാനുള്ള ആവേശവും ഉന്മേഷവും ഏഷ്യയുടെ തിലകക്കുറിയായി ശോഭിക്കുന്ന ഇന്ത്യയിലും ദൃശ്യമായി. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ രാഷ്ട്രം ഒന്നാകെ ഉണൎന്നു് സ്വാതന്ത്ര്യ സമരത്തിൻെറ കാഹളം മുഴക്കിയപ്പോൾ അതു ശ്രദ്ധിക്കാതിരിക്കാൻ വിദ്യാൎത്ഥികൾക്കു കഴിഞ്ഞില്ല.

ഭാരതീയരെ നിത്യ അടിമകളും വൈദേശികാധിപത്യത്തിൻെറ താങ്ങുതൂണുകളുമായി മാററാനുദ്ദേശിച്ചു് തയ്യാറാക്കിയ വിദ്യാഭ്യാസ സമ്പ്രദായങ്ങളിൽ പൊളിച്ചെഴുത്തും അനിർവാര്യമായി വന്നു. വിദ്യാൎത്ഥികൾ കൂട്ടം കൂട്ടമായി ക്ലാസ്സ് മുറികളിൽ നിന്നിറങ്ങി. ''ഒന്നാമതു് സ്വാതന്ത്ര്യം, രണ്ടാമതു് വിദ്യാഭ്യാസം'' എന്നായിത്തീർന്നു കുട്ടികളുടെ ചിന്ത. ഒരു രാഷ്ട്രത്തിലെ വിദ്യൎത്ഥികൾ മുഴുവൻ ഒരു നിശ്ചിതലക്ഷ്യത്തിനായി ആദ്യമായി സംഘടിച്ചതും സമരം നടത്തിയതും ഇന്ത്യയിലാണെന്നു പറയാം. സ്വാതന്ത്ര്യസമ്പാദനം ഇങ്ങനെ സംഘടിക്കാനൊരവസരവും കാരണവും നല്കി.

വിദ്യാൎത്ഥികളുടെ സംഘടിത ശക്തിയുടെ ആദ്യത്തെ വിജയവും ഇന്ത്യൻ സ്വാതന്ത്ര്യസമരാവസരത്തിലായിരുന്നുവെന്നു നിസ്സംശയം പറയാം. വിദ്യാൎത്ഥികളെ രാഷ്ട്രീയ രംഗത്തേക്കിറക്കിവിട്ടതും സംഘടിത ശക്തിയാക്കി മാററിവിട്ടതും പിശകായ ഒരു കാൽവെപ്പായിപ്പോയെന്നു് ഗാന്ധിജിയെപ്പോലുള്ള ആളുകൾ പിൽക്കാലത്തു് വിലപിക്കയുണ്ടായി.

ആഫ്രിക്കയിലേയും തെക്കേ അമേരിക്കയിലേയും ജനങ്ങളുടെ സ്വാതന്ത്ര്യസമരങ്ങൾക്ക് ആക്കവും ആവേശവും വർദ്ധിപ്പിക്കാൻ വിദ്യാർത്ഥികൾ വലിയ പങ്കു വഹിക്കുകയുണ്ടായി. മനുഷ്യൻ സ്വതന്ത്രനായിട്ടാണു് ജനിക്കുന്നതെന്നും അവൻെറ കൈകാലുകളിൽ അനീതി, അതിക്രമം, അസ്വാതന്ത്ര്യം, അജ്ഞത, അസമത്വം എന്നിവയുടെ വിലങ്ങുകൾ ഇട്ടു് ബന്ധിക്കരുതെന്നു മാണു് ലോകമെങ്ങുമുള്ള വിദ്യാർത്ഥികൾ വിളിച്ചുപറയുന്നതു്. പുതിയ നൂററാണ്ടിനു ചേർന്ന പൗരന്മാരായി വളർന്നു വരാൻ ഇന്നത്തെ വിദ്യാർത്ഥികൾ കൊതിക്കുന്നു. ജീവിതത്തോടു് ബന്ധപ്പെട്ടതായിരിക്കണം വിദ്യാഭ്യാസമെന്നതത്വം ഇന്നു് പരക്കെ അംഗീകരിക്കപ്പെടുന്നുണ്ടു്. രാഷ്ട്രീയ സാമൂഹിക പ്രശ്നങ്ങളുമായി കെട്ടുപിണഞ്ഞു് ജീവിതം കിടക്കുന്നതുകൊണ്ടു് ആ പ്രശ്നങ്ങൾ വിദ്യാർത്ഥികളുടെ ജീവിതത്തെയുംകാര്യമായി സ്പർശിക്കുന്നു.

ജീവിതാനുഭവങ്ങൾ വിദ്യാർത്ഥികൾക്കു് കുറവാണെന്നു പറയുന്നതു് ശരിയാണു്. പഠനകാലത്തു തന്നെ ജീവിതാനുഭവങ്ങൾ ഉണ്ടാക്കാനാണു് ഇന്നത്തെ വിദ്യാർത്ഥിയുടെ വ്യഗ്രത. സമുദായത്തിലെ തിന്മകളും പുഴക്കുത്തുകളും അവർ കാണുന്നു. അഴിമതികൾ അകററാനും നീക്കാനും കഴിവതു ശ്രമിക്കേണ്ടതു് തങ്ങളുടെ ചുമതലയും അവകാശവുമാണെന്നു് അവർ കരുതുന്നു. എല്ലാത്തരം തിന്മകളേയും സഹിച്ചും ക്ഷമിച്ചും കഴിഞ്ഞുകൊള്ളാനുപദേശിച്ചാൽ അവർ ശ്രദ്ധിക്കയില്ല. കലർപ്പില്ലാത്ത ആത്മാർത്ഥത കൈമുതലായതുകൊണ്ടു് തിന്മയോടു് സന്ധിയില്ലാസമരം ചെയ്യാൻ അവർ തയ്യാറെടുക്കുന്നു. ചിലപ്പോൾ സാഹസികതയുടെയും അവിവേകത്തിൻെറയും അതിർത്തിവരെ പോകാറുണ്ടെങ്കിലും ഇന്നത്തെ വിദ്യാർത്ഥികളിൽ നല്ലൊരു ഭാഗത്തിൻെറ ആത്മാർത്ഥത മാനിച്ചേ മതിയാകൂ.

''കരയുന്ന കുഞ്ഞിനേ പാലുള്ളൂ'' എന്നുള്ളതു് ജനാധിപത്യരാജ്യങ്ങളിലെ പ്രവർത്തന ശൈലിയായിത്തീർന്നിട്ടുണ്ടു്. അതുകൊണ്ടു് വിദ്യാർത്ഥികളെ ബാധിക്കു

ന്ന യാത്ര, പാഠപ്പുസ്തകങ്ങറം, പരീക്ഷാഫല പ്രഖ്യാപനങ്ങറം തുടങ്ങിയവ യഥാസമയം സാധിക്കണമെങ്കിൽ സമരം വേണ്ടിവരുന്നു. വിദ്യാർത്ഥികളെ സംഘടിതശക്തിയാക്കിയതും, തെരുവിലിറക്കുന്നതും പാകബുദ്ധികളും വിവേകമതികളുമായി അഭിനയിക്കുന്ന മുതിന്ന തലമുറയിലുള്ളവരാണു്. സന്താനങ്ങളുടെ ഭക്ഷണം, വസ്ത്രം, ആരോഗ്യം, ഇത്യാദികാര്യങ്ങളിൽ അശ്രദ്ധ കാണിക്കുന്ന മാതാപിതാക്കളെപ്പോലെ, വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കുന്ന കാര്യങ്ങളിൽ വിദ്യാതന്ത്രധുരന്ധരന്മാരും, രാഷ്ട്രീയ നേതാക്കളും അശ്രദ്ധ പ്രദശിപ്പിക്കുമ്പോറം കുട്ടികറം തെരുവിലിറങ്ങുന്നു. വിദ്യാത്ഥികറം പറയുന്ന കാര്യങ്ങറം ന്യായമാണെങ്കിൽ അവ കഴിവതും വേഗം സാധിച്ചുകൊടുത്തു സമരം ഒഴിവാക്കാൻ ഉത്സാഹിക്കുന്നവർ ചുരുങ്ങും. അക്ഷമരും നിരാശരുമായ വിദ്യാർത്ഥികറം അക്രമത്തിനും നശീകരണത്തിനും ഇറങ്ങുന്നതു് ഈ സന്ദർഭത്തിലാണു്.

വിദ്യാർത്ഥികറം സംഘടിച്ചാൽ എന്തുചെയ്യുമെന്നു് മുൻപൊക്കെ ആളുകറം സംശയം പ്രകടിപ്പിച്ചിരുന്നു. ഇന്നു് ആ ചോദ്യം ചോദിക്കുന്നവർ വിരളമാണു്. കേരളത്തിലെ വിദ്യാത്ഥികറം സംഘടിച്ചു നടത്തിയിട്ടുള്ള നശീകരണങ്ങറം പല പ്രാവശ്യവും നാം ദശിച്ചിട്ടുണ്ടു്. കവിഞ്ഞൊഴുകുന്ന കാട്ടാറുപോലെ ശക്തവും ആലോചനാരഹിതവുമാണു് വിദ്യാർത്ഥികളുടെ സംഘടിതശക്തി.

ഒരു കാലത്തു് നദികളിലൂടെ പാഴായിപ്പോയിരുന്ന ജലമാണല്ലോ ഇടുക്കിയിലും കക്കിയിലുമൊക്കെ അണകെട്ടിനിറുത്തിയിരിക്കുന്നതു്. വൈദ്യുതയന്ത്രങ്ങളിലൂടെ അവ പ്രവഹിച്ചുകഴിയുമ്പോറം രാജ്യത്തിനാവശ്യമുള്ള ഊർജ്ജം നമുക്കു ലഭ്യമാകുന്നു. ഇതുപോലെയാണു് വിദ്യാത്ഥികളുടെ ശക്തിയും. വേണ്ടവിധത്തിൽ സംഘടിപ്പിച്ചാൽ രാജ്യത്തെ വികസനത്തിൻേറയും പുരോഗതിയുടേയും പാതയിലൂടെ നയിക്കാൻ കഴിയും. ലക്ഷ്യബോധവും അദ്ധ്വാനശീലവുമുള്ള ഒരു പുത്തൻതല

മുറയെ വളർത്തിയെടുക്കാൻ തക്കപദ്ധതികളോടും പരിപാടികളോടുംകൂടി ബാലലോകത്തെ സംഘടിപ്പിച്ചാൽഅതു് രാജ്യത്തിൻെറ ഐശ്വര്യത്തിനു് നിദാനമായിരിക്കും.

# 28. ശത്രുമിത്രങ്ങൾ

ലോറിയിലും തീവണ്ടിയിലും പാഴ്സലുകൾ അയയ്ക്കുന്നതു് നാം കാണാറുണ്ടു്. സൂക്ഷിച്ചു കൈകാര്യം ചെയ്യുക, പൊട്ടിപ്പോകാൻ സാധ്യതയുണ്ടു്, അപകടകരം എന്നൊക്കെ ചുവന്ന മഷിയിൽ വലിയ അക്ഷരത്തിൽ എഴുതി ചില പാഴ്സലുകളിൽ ഒട്ടിച്ചിട്ടുണ്ടായിരിക്കും. ഗ്ലാസ്സ് സാധനങ്ങൾ, വൈദ്യതോപകരണങ്ങൾ, ലഘുയന്ത്രങ്ങൾ അടങ്ങുന്ന പാഴ്സലുകൾ, തുടങ്ങിയവ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യില്ലെങ്കിൽ അപകടങ്ങൾ ഉണ്ടാകും. ഇതുപോലെ അനുദിനം നാം നടത്തുന്ന മനുഷ്യസമ്പർക്കങ്ങളിലും ആവശ്യമായ പാകബുദ്ധിയും ശ്രദ്ധയും പുലർത്തിയില്ലെങ്കിൽ അപകടങ്ങൾ അനേകം ഉണ്ടാകും.

പൊട്ടിത്തെറിച്ചു് അപകടങ്ങൾ ഉണ്ടാകത്തക്ക രീതിയിലാണു് ഓരോ മനുഷ്യനുമിരിക്കുന്നതു്. അല്പം അശ്രദ്ധയുണ്ടായാൽ മനുഷ്യബന്ധങ്ങൾ ആകെ ഉലയും; തകരും. അഭിമാനം, വികാരം, അഹന്ത. അജ്ഞത, അറിവു് തുടങ്ങിയവയൊക്കെയിട്ടു നിറച്ചുവച്ചിരിക്കുന്ന അമിട്ടുപോലെയാണു് മിക്കമനുഷ്യരും. ഏതെങ്കിലും ഒരു ഭാഗത്തു് അനാവശ്യമായി ഒന്നുരസിയാൽ ഒട്ടും പ്രതീക്ഷിക്കാത്ത രീതിയിലുള്ള വികാരവിക്ഷോഭങ്ങളുണ്ടാകും.

സ്കൂളിലുള്ള എല്ലാ കുട്ടികളുമായി വഴക്കടിച്ചു നടക്കുന്നവരെ നാം കാണാറുണ്ടു്. എവിടെച്ചെന്നാലും ഏതു കാര്യത്തിനും ഒന്നാമൻ താനായിരിക്കണം എന്നതാണു്

അവരുടെ ആഗ്രഹം. അടിയും ഇടിയും തല്ലും നുള്ളമാണ് അവരുടെ സംഭാഷണത്തിലെ പ്രധാന വാക്കുകൾ. എല്ലാ ദിവസവും കുറേപ്പേരോടു വഴക്കുണ്ടാക്കിയാൽ മിടുക്കനാകും എന്ന് അവർ വിചാരിച്ചുപോകുന്നു.

സ്നേഹം, ലോഹ്യം, സഹകരണം തുടങ്ങിയ ഗുണങ്ങൾ അഭ്യസിക്കുന്നവർക്ക് എന്നും ധാരാളം സുഹൃത്തുക്കൾ ഉണ്ടായിരിക്കും. സ്കൂൾപഠനം കഴിഞ്ഞു പുറത്തിറങ്ങുമ്പോൾ നല്ല മാർക്കുള്ള സർട്ടിഫിക്കറ്റും അനേകം സുഹൃത്തുക്കളും നമുക്കു കൈമുതലായിട്ടുണ്ടാകണം.

വഴക്കും വാക്കാണവും ഇല്ലാത്തതും ഫലപൂർണ്ണവുമായ വിദ്യാലയജീവിതം നയിക്കുന്നതിനു് താഴെപ്പറയുന്ന മൂന്നു തത്വങ്ങൾ അഭ്യസിക്കുന്നതു് അത്യുത്തമമായിരിക്കും.

## ആരുടെയും വില കുറയ്ക്കരുത്

മനുഷ്യരെല്ലാവർക്കും തങ്ങളെപ്പററി ചില വിലയിരുത്തലുകൾ ഉണ്ട്. താൻ മാന്യനും നല്ലവനുമാണെന്ന് ഓരോരുത്തരും വിചാരിച്ചും വിശ്വസിച്ചും നടക്കുന്നു. അതുകൊണ്ട് മററുള്ളവർ നമ്മേപ്പററി മോശമായിപ്പറഞ്ഞാൽ അതു ശ്രവിക്കാൻ പ്രയാസവും മനോവിഷമവും ഉണ്ടാകും.

ജീവിതത്തിൽ നാം കണ്ടുമുട്ടുകയും പരിചയപ്പെടുകയും ചെയ്യുന്ന മനുഷ്യരെല്ലാവരും നല്ലവരും, മാന്യന്മാരുമാണെന്ന് ഒരു വിചാരം നമുക്കുണ്ടാകണം. വേഷം, വിദ്യാഭ്യാസനിലവാരം സാമ്പത്തികസ്ഥിതി എന്നിവ നോക്കി ആളുകളിലുള്ള നന്മതിന്മകളെ വിധിക്കരുതു്. ആരോടും പുച്ഛരസം തോന്നരുതു്. ആരേയും തരംതാഴ്ത്തിപ്പറയുകയുമരുതു്. ജനസമക്ഷത്തിൽ അവഹേളിതനാകുവാൻ ആക്കും ഇഷ്ടമില്ല.

പഠനത്തിലും കലാകായികമത്സരങ്ങളിലും സാമാന്യനിലവാരം പുലർത്താത്ത വിദ്യാർത്ഥികളെ അവമാനിക്കുന്നതുകൊണ്ട് നമുക്കൊന്നും നേടാൻ കഴിയുന്നില്ല. ഒരു സുഹൃത്തു് നഷ്ടപ്പെടുന്നതു് മിച്ചം. ഒരു ക്ലാസ്സിൽ തോററ

വിദ്യാൎത്ഥിയോട് ''ഒന്നുകൂടി ശ്രമിക്കൂ അടുത്ത പ്രാവശ്യം കൂടുതൽ മാൎക്കുകളോടെ പാസ്സാകും'' എന്നു പറയുമ്പോൾ ആശ്വാസവും ആത്മവിശ്വാസവും അവനുണ്ടാകും.

എന്നാൽ, ''നീ മണ്ടനാണ്. പഠിക്കാൻ കൊള്ളുകയില്ല, ഒന്നിനും കൊള്ളാത്തവനാണ്'' എന്നൊക്കെ പറഞ്ഞു ശകാരിക്കുമ്പോൾ അവന്റെ മനസ്സിടിഞ്ഞുപോകയും പകയുടെ നാമ്പുകൾ ഉള്ളിലുദിക്കയും ചെയ്യും. അത്തരത്തിലുള്ള സമീപനം ഒഴിവാക്കുകയാണുത്തമം.

## ജിജ്ഞാസയ്ക്കു മൂക്കുകയറിടണം

നമുക്കു പരിചയമുള്ള എല്ലാവരുടേയും എല്ലാക്കാര്യങ്ങളെപ്പററിയും അറിയണമെന്നാഗ്രഹിക്കുന്നതു് ആപത്താണ്. കുടുംബപശ്ചാത്തലം, സാമൂഹികബന്ധങ്ങൾ തുടങ്ങിയവയെല്ലാം അന്വേഷിച്ചുവരുമ്പോൾ മോശമായ ചില കാര്യങ്ങളെല്ലാം ചിലരുടെ കാര്യത്തിലുണ്ടാകാം. ഇവയൊക്കെയും മററാളുകൾ അറിയണമെന്ന് അവർ ആഗ്രഹിക്കുന്നില്ല. കുടുംബജീവിതത്തിലെ ന്യൂനതകൾ ചികഞ്ഞുചികഞ്ഞുനോക്കുമ്പോൾ അന്യർ അവഹേളിതരോ വിലകുറഞ്ഞവരോ ആയിപ്പോകുന്നു. കൂട്ടുകാരുടെ കുടുംബജീവിതത്തെപ്പററി അധികം അന്വേഷിക്കാതിരിക്കയാണെങ്കിൽ അന്യരെപ്പററി എപ്പോഴും നല്ല കാര്യങ്ങൾ ചിന്തിക്കാനും പറയാനും നമുക്കു സാധിക്കും.

## സഹപാഠികളെ ബഹുമാനിക്കുക

ലോകത്തിലുള്ള എല്ലാ മനുഷ്യരുടേയും വ്യക്തിത്വത്തെ മാനിക്കയും അവരെല്ലാം ഉയൎന്നവരും നല്ലവരുമാണെന്നുള്ള ധാരണ പുലൎത്തുകയും ചെയ്യുക. അവരുടെ ഗുണങ്ങളെല്ലാം പറയുകയും, ദോഷങ്ങളെല്ലാം വിഗണിക്കുകയും ചെയ്യുക. നല്ല വാക്കുകൾകൊണ്ട് അന്യരെ പുകഴ്ത്തണം. അതു് തികഞ്ഞ ആത്മാൎത്ഥതയോടെ നിൎവ്വഹിക്കണം. ജാതിമതവൎഗ്ഗഭേദം നോക്കാതെ ഓരോ മനുഷ്യനേ

യും ബഹുമാനിക്കുക, എല്ലാവരേയും തുല്യരായി കണക്കാക്കുക.

നമുക്ക് പരിചിതരായ ആളുകളുടെ നല്ല കാര്യങ്ങൾ കണ്ടുപിടിച്ച് പറയുകയും പ്രചരിപ്പിക്കയും ചെയ്യുന്നതിൽ നമുക്ക് നഷ്ടമൊന്നും വരാനില്ല. നല്ല മനുഷ്യർ മററുള്ളവരിലെ നല്ല ഗുണങ്ങൾ കാണുക സാധാരണമാണ്.

മനുഷ്യരോട് മാന്യമായി സമ്പർക്കത്തിലേർപ്പെടുമ്പോൾ അതൊരു കലയും ജീവിതവിജയത്തിനുള്ള ഉപാധിയുമാണെന്നു കാണാം. തീർത്തും നിസ്സാരങ്ങളും സാധാരണങ്ങളുമെന്നു തോന്നിക്കുന്ന ഈ കാര്യങ്ങൾ അഭ്യസിക്കുമ്പോൾ നമുക്കു ശത്രുക്കൾ കുറയുകയും മിത്രങ്ങൾ വദ്ധിക്കയും ചെയ്യും.

# 29. വിദ്യാഭ്യാസവും മാതാപിതാക്കളും

വിദ്യാഭ്യാസമെന്നതു് സ്കൂളിൽ അദ്ധ്യാപകരോടും കൂട്ടുകാരോടും ചേന്നു് നടത്തേണ്ട ഒരു കർമ്മമായിട്ടാണു് എല്ലാവരും കരുതിയിരിക്കുന്നതു്. എന്നാൽ വിദ്യാഭ്യാസത്തിൽ മാതാപിതാക്കളും ഒരു കണ്ണിയാണെന്ന കാര്യം മിക്കവരും മറന്നുപോയിട്ടുണ്ടു്.

ഭക്ഷണം. വസ്ത്രം, പഠനോപകരണങ്ങൾ, താമസസൗകര്യം തുടങ്ങിയവ കുട്ടികൾക്കു് സൗജന്യമായി നൽകുന്ന വ്യക്തികളാണു് മാതാപിതാക്കളെന്നു് എല്ലാ കുട്ടികൾക്കും അറിയാം. കുട്ടികളുടെ പഠനത്തിലും സ്വഭാവരൂപവൽക്കരണത്തിലും കാര്യമായഭാഗം മാതാപിതാക്കളുടേ

താണെന്നു് പലപ്പോഴും നാം വിസ്മരിച്ചുപോകുന്നു. മാതാപിതാക്കളുടെ സഹകരണം ഇല്ലാതെ കുട്ടികളെ ഒന്നും പഠിപ്പിക്കാൻ സാദ്ധ്യമല്ല എന്നുള്ളതു് നിഷേധിക്കാനാവാത്ത വസ്തുതയാണു്.

സത്യം, നീതി, സാഹോദര്യം തുടങ്ങിയ സനാതന മൂല്യങ്ങളെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരങ്ങളായ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായാൽ അതു് അപകടത്തിന്റെ ചൂണ്ടുപലകയായിരിക്കും. വീട്ടിലും വിദ്യാലയത്തിലും ഒരേ വ്യാഖ്യാനങ്ങളുണ്ടാകണം. കുട്ടികളുടെ ഇടയിൽ ഉള്ള മോഷണത്തെപ്പററി ഒരു സാമൂഹികശാസ്ത്രജ്ഞൻ നടത്തിയ ഗവേഷണപഠനം ഞെട്ടിക്കുന്ന ചില വിവരങ്ങളാണ് പുറത്തു കൊണ്ടുവന്നതു്. സാമ്പത്തികമായി തീർത്തും അവശവും ബുദ്ധിമുട്ടനുഭവിക്കുന്നതുമായ കുടുംബങ്ങളിലെ കുട്ടികൾ മററുള്ളവരുടെ പണം മോഷ്ടിക്കുന്നതും ചതിവു് കാണിക്കുന്നതും വലിയ തെററായി കണക്കാക്കി.

എന്നാൽ പണവും വിദ്യാഭ്യാസവുമുള്ള കുടുംബങ്ങളിലെ കുട്ടികൾക്കു് ഈ മൂല്യങ്ങളിൽ അത്ര വിശ്വാസമില്ല. പൊതുവേദികളിൽ മാതാപിതാക്കൾ ധാർമ്മികമൂല്യങ്ങളെപ്പററിപ്പറയുകയും വ്യക്തിജീവിതത്തിൽ അവയൊന്നും പ്രാവർത്തികമാക്കാതിരിക്കുന്നതും അവർ അനുദിനം കാണുന്ന സംഭവങ്ങളായിരുന്നു. നല്ല കാര്യങ്ങൾ പറയുകയും ഹീനകാര്യങ്ങൾ പ്രവർത്തിക്കയും ചെയ്യുന്ന മാതാപിതാക്കൾ കുട്ടികളുടെ നീതിബോധത്തെ വെല്ലുവിളിക്കയാണു് ചെയ്യുന്നതു്. പാവപ്പെട്ട സഹപാഠികളുടെ പണം പോലും മോഷ്ടിക്കുന്നതിൽ തെററു തോന്നാത്ത കുട്ടികൾക്കു് കുടുംബത്തിൽ ലഭിക്കുന്ന ശിക്ഷണം വികലമാണെന്നുള്ളതിൽ സംശയമില്ല.

കുടുംബമെന്നു പറയുന്നതു് കെട്ടിട സൗകര്യങ്ങളോ വീടുകളോ അല്ല. അതിനുള്ളിലെ അന്തരീക്ഷവും ജീവിതക്രമവും ആണു്. അവയൊക്കെ സൃഷ്ടിക്കുന്നതു് മാതാപിതാക്കളാകയാൽ അവരുടെ സ്വാധീനവലയത്തിനു പുറത്തുകടക്കാൻ മിക്ക കുട്ടികൾക്കും സാധിക്കയില്ല.

പൊതു ജീവിതത്തിൽ നാം കാണിക്കാനുദ്ദേശിക്കുന്ന മുഖം തന്നെ രഹസ്യജീവിതത്തിലും കാണിക്കണം. മാതാപിതാക്കരം അവ കാണിക്കാതെ വരുമ്പോരം കുട്ടികളുടെ സ്വഭാവത്തിൽ പിളർപ്പും വൈകല്യവും ഉണ്ടാകുന്നു.

സെമിനാറുകരം, കോഴ്സുകരം, എന്നിവവഴി ഒരു കുട്ടിയെ ഉത്തരവാദിത്വബോധമുള്ളവനാക്കാൻ കഴിയും. എന്നാൽ സെമിനാറുകരംക്കുശേഷം വീട്ടിലെത്തുമ്പോരം മാതാപിതാക്കരം ശ്രദ്ധിക്കാതെ വരികയോ, അവർ നിരുത്തരവാദിത്വജീവിതം നയിക്കുകയോ ചെയ്യുകയാണെങ്കിൽ കുട്ടികളിൽ ഒരു മാററവും ഉണ്ടാക്കാൻ കഴിയുകയില്ല.

മൂന്നുവയസ്സാകുമ്പോഴേ കുട്ടികളെ ഉത്തരവാദിത്വബോധവും സ്വാശ്രയശീലവും ഉണ്ടാക്കുന്നതിന് നേഴ്സറിസ്കൂളുകളും, ശിശുവിഹാരങ്ങളും, പ്രാഥമിക വിദ്യാലയങ്ങളും പരിശ്രമിക്കുന്നതുകൊണ്ട്, സ്വന്തം കർത്തവ്യത്തെപ്പററി ശരിയായ ധാരണയില്ലാത്ത സ്ഥിതിയിൽ മാതാപിതാക്കരം ചെന്നെത്തിയിരിക്കയാണ്. ഓരോ കുടുംബത്തിൻേറയും ധാർമ്മികവും സാമൂഹികവുമായ പാരമ്പര്യത്തെ കുട്ടികരംക്ക് കൈമാറിക്കൊടുക്കാനുള്ള ചുമതല മാതാപിതാക്കരംക്കുള്ളതാണ്. ഇതു് അവരുടെ അവകാശം തന്നെയാണ്. ഇതുപോലെ കുടുംബത്തിൻെറ പൈതൃകം മാതാപിതാക്കളിൽനിന്നും ഏററുവാങ്ങാനുള്ള അവകാശം കുട്ടികരംക്കും ഉണ്ട്. വിദ്യാഭ്യാസത്തിലും സ്വഭാവരൂപവത്കരണത്തിലും മാതാപിതാക്കരംക്കുള്ള സ്വാധീനമേറിയ പങ്ക് വിഗണിക്കാവുന്നതല്ല.

കുട്ടികരം ക്രൂരന്മാരും, സ്വാർത്ഥമതികളും, താന്തോന്നികളും ആയിത്തീരുന്നതിൻെറ ഉത്തരവാദിത്വം ആർക്കാണ് എന്നു ചോദിച്ചാൽ, മാതാപിതാക്കളേയും കുഞ്ഞുങ്ങരം വളർന്നുവരുന്ന സാഹചര്യത്തേയും പരാമർശിക്കേണ്ടതായി വരും. കുട്ടികളുടെ പഠനത്തിൽ ഒരു നല്ല ഭാഗം ആദ്യത്തെ മൂന്നു വർഷത്തിനുള്ളിൽ സാധിക്കുന്നുവെന്നു് അഭിപ്രായപ്പെടുന്ന പണ്ഡിതന്മാരുണ്ട്. കുട്ടികളോട് ദേ

ഷ്യപ്പെടുകയും വിരസമായി അവരോടു പെരുമാറുകയും ചെയ്യുന്ന മാതാപിതാക്കാം അവരുടെ സ്വഭാവത്തിൽ മാലിന്യം കലത്തുന്നവരാണ്.

ധീരത, രാജ്യസ്നേഹം, സവ്വസമുദായമൈത്രി, രാജ്യപുരോഗതി തുടങ്ങിയ സദ്ഗുണങ്ങളുടെ സവ്വകലാശാല കുടുംബമാണ്. ക്ലാസ്സുമുറികളിൽ കുട്ടികളെ ഇരുത്തി പഠിപ്പിക്കാവുന്നതും അല്ലാത്തതുമായ അനേകം കാര്യങ്ങളുണ്ടു്. പ്രസംഗത്തേക്കാരം ഉപരിയായി പ്രവൃത്തിയിലൂടെയും ജീവിതമാതൃകയിലൂടെയും ആശയങ്ങാം കൈമാറുന്നവരും അദ്ധ്യാപനം നിവ്വഹിക്കുന്നവരുമാണ് മാതാപിതാക്കാം.

കുടുംബകാര്യങ്ങാം കുട്ടികാം അറിയുന്നതും, തീരുമാനങ്ങളിൽ ഭാഗഭാക്കുകളാകുന്നതും നല്ലതാണ്. വീടു് വൃത്തിയായി സൂക്ഷിക്കുക, ചെടിത്തോട്ടം സംരക്ഷിക്കുക, വിശേഷദിവസങ്ങളിൽ പലഹാരങ്ങാം ഉണ്ടാക്കുക തുടങ്ങിയ കാര്യങ്ങളെപ്പററി മിക്ക കുട്ടികാംക്കും അഭിപ്രായം പറയാൻ സാധിക്കും. ഈ അഭിപ്രായങ്ങാം കൂടെ സമീകരിച്ചെടുക്കുന്നതു് കുടുംബജീവിതത്തിൻെറ വിജയത്തിനു് സഹായകമാണ്.

കുടുംബം സമുദായത്തിൻെറ അടിത്തറയാണെന്നു പറയുന്നതു പോലെ, കുട്ടികളുടെ വിദ്യാഭ്യാസത്തിൻെറ അടിത്തറ കുടുംബവും മാതാപിതാക്കളും അടങ്ങുന്ന സമൂഹമാണ്.

മാതാപിതാക്കളിൽ നിന്നും അനേകം കാര്യങ്ങാം പഠിക്കാനുണ്ടെന്നും അവരും നമ്മുടെ ജീവിതവിദ്യാഭ്യാസത്തിൽ പങ്കാളികളാണെന്നും കരുതി അവരെ ബഹുമാനിക്കാനും അവരിൽനിന്നും പഠിക്കാനും ഓരോ വിദ്യാത്ഥിയും ഉത്സാഹിക്കണം.

# 30 വിജയത്തിന്റെ പടികൾ

ജീവിതത്തിൽ വിജയിക്കണമെന്ന് എല്ലാവർക്കും ആഗ്രഹമുണ്ട്. എന്നാൽ എന്താണ് ജീവിതത്തിലെ വിജയമെന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടാകാം. പണം സമ്പാദിക്കുന്നതു് ചിലർക്ക് വിജയമാണ്. നല്ല കെട്ടിടങ്ങൾ ഉണ്ടാക്കാനും, വ്യവസായങ്ങൾ നടത്താനും ആഗ്രഹിക്കുന്നവരുണ്ട്. ചിലർക്ക് പ്രസിദ്ധരാകാൻ മോഹമാണ്. രസകരമായ ഭക്ഷണം കഴിച്ച് പട്ടുമെത്തയിൽ കിടക്കുന്നതു് രസവും സന്തോഷവുമായി പരിഗണിക്കുന്നവരുമുണ്ട്.

ലോകത്തിലുള്ള അവശരെശ്ശുശ്രൂഷിക്കുന്നതിലും അവർക്കു ഭക്ഷണം നല്കി സംരക്ഷിക്കുന്നതിലും മദർ തെരേസാ ജീവിത വിജയം കണ്ടെത്തുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യമായിരുന്നു ഗാന്ധിജിയുടെ ജീവിതലക്ഷ്യം. അതിനുവേണ്ടി അദ്ദേഹം എന്തു ത്യാഗങ്ങൾ അനുഷ്ഠിക്കാനും തയ്യാറായിരുന്നു. ദക്ഷിണാഫ്രിക്കയിലെ ജയിലിൽ കാൽ നൂററാണ്ടായി കഴിയുന്ന മണ്ഡേലയുടെ ലക്ഷ്യം രാഷ്ട്രീയസ്വാതന്ത്ര്യമാണ്. പിറന്ന നാടിന് സ്വാതന്ത്ര്യം ലഭിക്കുന്നതിനുവേണ്ടി അദ്ദേഹം ജയിലിൽ വസിക്കുന്നു.

ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കിയാണ് ജീവിത വിജയമിരിക്കുന്നതു്. ജീവിതത്തിന് ലക്ഷ്യമില്ലാത്തവന് വിജയവും അസാദ്ധ്യമാണ്. അനേകവർഷത്തെ അദ്ധ്വാനമാണ് ഓരോരുത്തരേയും ജീവിത ലക്ഷ്യത്തിലെത്തിച്ചതു്.

പരീക്ഷയിൽ ജയിച്ചാൽ ജയിക്കട്ടെയെന്നു വിചാരിച്ചു നടക്കുന്ന കുട്ടികളെപ്പോലെ, ജീവിതത്തിൽ വിജയിക്കുന്നെങ്കിൽ അങ്ങനെ സംഭവിച്ചുകൊള്ളട്ടെ എന്നുള്ള വിചാരത്തോടെ നടക്കുന്നവരുണ്ട്. ജയിക്കണമെന്ന് ഒരു നിർബ്ബന്ധ ബുദ്ധി അവർക്കില്ല. എന്നാൽ ശാഠ്യബുദ്ധിയുള്ളവരേ ജീവിതത്തിൽ വിജയിക്കു വെന്നതാണ് സത്യം.

## ജീവിതലക്ഷ്യം

ജീവിതത്തിൽ എന്തെങ്കിലും നേടണം എന്നൊരാഗ്രഹം വേണം. ഒരാഗ്രഹവും ഇല്ലാത്തവൻ അലസനായി നടന്ന് ജീവിതം പാഴാക്കും. പഠനവും, ഉദ്യോഗവും എല്ലാം ഒരു നിശ്ചിത ലക്ഷ്യത്തിനു വേണ്ടിയുള്ളതാണ്. പഠനം തന്നെ ഒരു ലക്ഷ്യമല്ല.

നമ്മുടെ ജീവിതലക്ഷ്യമെന്താണെന്ന് നാം മനസ്സിൽ കുറിച്ചു വയ്ക്കുകയോ, കടലാസിൽ രേഖപ്പെടുത്തുകയോ വേണം. നമ്മുടെ ഓരോ നീക്കവും ലക്ഷ്യം സാധിക്കുന്നതിനു വേണ്ടിയായിരിക്കണം.

ജീവിതത്തിന്റെ ലക്ഷ്യമെന്താണെന്നു വ്യക്തമായി ഉറച്ചു കഴിഞ്ഞാൽ അത് നേടുന്നതിനുള്ള പരിപാടികൾ തയ്യാറാക്കണം. പഠനം, പരിശീലനം, സ്ഥാപനങ്ങൾ, ഉപകരണങ്ങൾ തുടങ്ങിയവ നേടിയെടുക്കാനുള്ള യത്നമാണ് ഇതിൽ പ്രധാനപ്പെട്ടത്. നമുക്കുള്ള കഴിവുകൾ ഏവയൊക്കെയെന്നു നോക്കി അവ ഓരോന്നും പരിപോഷിപ്പിച്ചെടുക്കാൻ ഉത്സാഹിക്കുക. നല്ല ആഗ്രഹങ്ങൾ ഉള്ളിൽ കൊണ്ടു നടക്കുന്നതു കൊണ്ടായില്ല. അതു നടപ്പാക്കാൻ വേണ്ട പ്രവർത്തനവും കൂടിവേണം.

ഓരോ ദിവസത്തിനും, ആഴ്ചയ്ക്കും, മാസത്തിനും, വർഷത്തിനും പരിപാടി വേണം. പരിപാടികൾ പ്രയോഗത്തിൽ കൊണ്ടുവരികയും വേണം. പരിപാടികൾ തയ്യാറാക്കി തൃപ്തിപ്പെടുന്നവർ ഉണ്ട്. നടപ്പാക്കാൻ അവർക്കു വൈമനസ്യമായിരിക്കും. ഓരോ ദിവസത്തേയും സമയ പരിപാടി ജീവിത ലക്ഷ്യത്തോടു കൂട്ടിക്കലർത്തണം.

നമ്മുടെ ശക്തികളും കഴിവുകളും ആവശ്യമില്ലാത്ത കാര്യങ്ങൾക്കായി വിനിയോഗിക്കപ്പെട്ടാൽ ദിവസങ്ങളും ജീവിതവും പാഴായിപ്പോകും. ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുവാൻ തയ്യാറാകണം. ജീവിതത്തിന്റെ സുഖവും സൗഭാഗ്യവുമിരിക്കുന്നതു് വ്യഗ്രതകളുടെയും കടമകളുടെയും

നടുവിലാണ്. ആരും ഏറെറടുക്കുകയില്ലാത്തതും, ആകഷ്കമല്ലാത്തതുമായ ജോലികൾ ഏറെറടുക്കാനുള്ള ഉന്മേഷം കൂടി വേണം. നാം ചെയ്യേണ്ടകാര്യം തനിയേചെയ്യാൻ ഉത്സാഹം കാണിക്കുക. മററുള്ളവർ സഹായിച്ചില്ലെന്നും, സഹകരിച്ചില്ലെന്നും പറഞ്ഞു രക്ഷപെടാൻ നോക്കരുതു്.

ഏറെറടുത്തകാര്യം പൂർണ്ണമായും ചെയ്യുവാൻ ഉത്സാഹിക്കുക. പ്രയാസങ്ങളും പ്രതിബന്ധങ്ങളും തരണം ചെയ്യാതെ ഒരു കാര്യവും ചെയ്യാൻ നമുക്കാർക്കും സാധിക്കയില്ല. അനുദിന പ്രയത്നമെന്ന ഇഷ്ടികകൾ കൊണ്ടാണ് ജീവിതവിജയത്തിൻെറ സൗധം നിർമ്മിച്ചിരിക്കുന്നതു്. ഒഴിവുകഴിവുകൾ പറഞ്ഞു നടക്കുന്നതു് ഒരു നല്ല ശീലമല്ല.

ഏറെറടുത്ത കാര്യം ഭംഗിയായും വീഴ്ച കൂടാതെയും ചെയ്യുന്നവനാണ് എന്നൊരു സൽപ്പേരു് സമ്പാദിക്കുക. നിങ്ങൾ ഒരു കാര്യം ഏറെറടുത്താൽ എന്തു ത്യാഗം സഹിച്ചും അതു് നിവ്വഹിക്കുന്ന വ്യക്തിയാണെന്നു് ആളുകൾ പറയാൻ ഇടയാകണം. ജീവിതത്തിൻെറ ദിവസങ്ങൾ നീട്ടിയെടുക്കാൻ ആർക്കും സാധിക്കയില്ല. കിട്ടുന്ന ദിവസങ്ങൾകൊണ്ടു് നല്ലകാര്യങ്ങൾ ചെയ്യുക. സമയക്കുറവുകൊണ്ടു് ആരും നല്ലകാര്യങ്ങൾ ചെയ്യാതെ പോയിട്ടില്ല. സന്മനസ്സു കുറവുകൊണ്ടാണ് നല്ലകാര്യങ്ങൾ ചെയ്യാതെ പോകുന്നതു്.

പ്രവത്തനങ്ങളിലേക്കു് നേരിട്ടു് ഇറങ്ങുക. തയ്യാറെടുപ്പിനുവേണ്ടി ദീർഘകാലം ചെലവഴിക്കരുതു്. നമ്മുടെ സമയം വൃഥാവിലാക്കാനേ ദീഘമായ ഒരുക്കം ഇടയാവുകയുള്ളു. ജീവിതം ഹ്രസ്വമായിരിക്കുന്ന സ്ഥിതിക്കു് ദീഘമായ തയ്യാറെടുപ്പുമായി നടക്കുന്നവക്കു് ഒന്നും ചെയ്യാൻ സാധിക്കയില്ല.

ലക്ഷ്യമില്ലാതെ അലസജീവിതം നയിക്കുന്നവരോടു് കൂട്ടുചേരരുതു്. അവരെ ഉയത്താനോ, ഉദ്ബുദ്ധരാക്കാനോ നമുക്കു സാധിച്ചെന്നും വരികയില്ല. നാം അലസരാകാനാണ് പലപ്പോഴും സാദ്ധ്യത. അന്യരെ ഉയർ

ത്താൻ വേണ്ടി ഉദ്യമിച്ച് നാം താഴവാൻ ഇടയാകരുത്. നടപ്പാക്കാനാവാത്ത വാഗ്ദാനങ്ങൾ ചെയ്യരുത്. നാം നല്കുന്ന വാഗ്ദാനങ്ങൾ ഓരോന്നും എന്തു നഷ്ടം സഹിച്ചാണെങ്കിലും പൂർത്തിയാക്കണം. വാഗ്ദാനങ്ങൾ പൂർത്തിയാക്കാത്തവന് അംഗീകാരം ലഭിക്കയില്ല.

പ്രവർത്തനങ്ങൾക്ക് സ്വന്തമായ ഒരു ശൈലി ഉണ്ടാക്കണം. മററുള്ളവരുടെ പ്രവർത്തന ശൈലി അനുകരിക്കുന്നതിനേക്കാൾ, നമ്മുടെ പ്രവർത്തന ശൈലിക്ക് അനുയായികളേയും ശിഷ്യരേയും സമ്പാദിക്കുക. മററുള്ളവരെ അനുകരിക്കുന്നതു്, പോരായ്മയുള്ള കാര്യമല്ല. പക്ഷേ ഉപകാരവും പ്രയോജനവും ഇല്ലാതെ അന്യരെ അനുകരിക്കാൻ പോകരുത്.

നമ്മുടെ പ്രവർത്തനങ്ങളോടു് സഹകരിക്കുന്നവരെ സദാ സമയവും അദ്ധ്വാനിക്കുന്നവരും പ്രയോജനപ്രദമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുമാക്കുവാൻ ശീലിപ്പിക്കുക. ഉന്നതമായ ലക്ഷ്യത്തിനുവേണ്ടി അദ്ധ്വാനിക്കുന്നവരാകുവാൻ ആളുകളെ പ്രേരിപ്പിക്കുക. ഉപകാരപ്രദമെന്നു നമുക്കുതോന്നുന്ന കാര്യങ്ങൾ, മററുള്ളവരുടെ അഭിപ്രായങ്ങളും എതിർപ്പുകളും സാരമാക്കാതെ ചെയ്യാൻ ഉത്സാഹിക്കുക.

പ്രതിബന്ധങ്ങളും പ്രയാസങ്ങളും ഉണ്ടാകുമ്പോൾ തീരുമാനങ്ങൾ എടുക്കാൻ കഴിവുള്ളവരായിരിക്കണം. ദീർഘനാളത്തെ ആലോചനയ്ക്കുശേഷം നിശ്ചയങ്ങളെടുക്കാം എന്നു കരുതിയാൽ ഒരു കാര്യവും ഒരിക്കലും കാര്യക്ഷമമായി ചെയ്യാൻ സാധിക്കയില്ല. നാം എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാൻ ഉത്സാഹിക്കുക. തീരുമാനങ്ങൾ ഇടയ്ക്കിടയ്ക്ക് മാററിക്കൊണ്ടിരിക്കരുത്.

നമ്മുടെ ഉള്ളിലുള്ള ആശയങ്ങൾ ഭംഗിയായും സമർത്ഥമായും അവതരിപ്പിക്കാനുള്ള സംഭാഷണ ചാതുര്യം ആർജ്ജിക്കണം. ഉള്ളിലുള്ള ആശയങ്ങൾ പുറത്തേക്കു വരുന്നതു് വാചകങ്ങളിലൂടെയാണല്ലോ. ഹൃദ്യവും മനോഹരവുമായ ആശയങ്ങൾ രുചികരമായരീതിയിൽ പറഞ്ഞാ

പ്പിക്കാനുള്ള കഴിവ് ഒരു സിദ്ധിയാണ്. ഭംഗിയുള്ള ശൈലിയും ലളിതമായ ഭാഷയും ആകർഷകമായ അവതരണ രീതിയും ആരേയും വശീകരിക്കും. എടുപ്പും, നടപ്പും, സംസാരവും എല്ലാംകൂടിച്ചേരുമ്പോഠം നമ്മുടെ ജീവിതം ധന്യ സമ്മോഹനമാകുന്നു.

ജീവിതം സുന്ദരവും സൗഭാഗ്യകരവുമാക്കിത്തീക്കാൻ എല്ലാവക്കും ആഗ്രഹമുണ്ട്. റാങ്കു കിട്ടുന്നതും ഫസ്റ്റ് ക്ലാസ്സിൽ പാസ്സാകുന്നതും നല്ലതാണെങ്കിലും അതുകൊണ്ടു മാത്രം ആരും സൗഭാഗ്യവാന്മാരാകുന്നില്ല. ജീവിതായോധനത്തിനു് ചെറുപ്പം തുടങ്ങിയേ അഭ്യസിച്ചിരിക്കേണ്ട മററു ചില കാര്യങ്ങളുണ്ട്.

ആവശ്യത്തിനു് ചിരിക്കുന്നവരും സന്തോഷിക്കുന്നവരുമായിരിക്കണം നാം. എങ്കിൽ മാത്രമേ ജീവിതത്തിനു് മാധുര്യം ഉണ്ടാകൂ, ജീവിതത്തിൽ പ്രശ്നങ്ങളും പ്രയാസങ്ങളും ഉണ്ടാകുമ്പോഠം പലപ്പോഴും നാം പരിഭ്രമിക്കാറുണ്ട്. എന്നാൽ അവയൊക്കെ നമ്മേ ശക്തരാക്കിത്തീക്കുന്നുവെന്ന വസ്തുത ഒരിക്കലും മറക്കാൻ വയ്യ. നമ്മിലുള്ള മനുഷ്യത്വം വളരുന്നതു് ദുഃഖങ്ങളുടെ കണ്ണുനീർ കവിളിൽകൂടി ഒഴുകുമ്പോഴാണ്. പരീക്ഷകളിൽ തോററിട്ടുള്ള കുട്ടികഠം ജീവിതത്തിലെ എതിർപ്പുകളെയും പരാജയങ്ങളെയും നേരിടാൻ കെല്പുള്ളവരായിരിക്കും,

ഭാവിയെപ്പററി ചില കണക്കു കൂട്ടലുകളും പ്ലാനുകളും വേണം. ജീവിതത്തിൽ എന്തെങ്കിലും ചെയ്യണമെന്നും ആയിത്തീരണമെന്നും ആഗ്രഹിക്കുക. അതിനനുസരണം തയ്യാറെടുക്കുക. പ്രതീക്ഷയുള്ളവൻ അദ്ധ്വാനശീലനും ശുഭാന്തവിശ്വാസിയുമായിരിക്കും.

പ്രതീക്ഷകഠം പൂവണിയാതെ വരുമ്പോഠം നിരാശരാകാതെ വിനീതരാകാൻ ശ്രമിക്കുക. ജീവിതത്തിലെ ചെറിയ വിജയങ്ങഠം പോലും നമ്മേ ഉന്മേഷഭരിതരാക്കണം. വിദ്യാഭ്യാസകാലത്തു് സമ്പാദിക്കാവുന്നിടത്തോളം നല്ല സുഹൃത്തുക്കളെ നേടുക. സുഹൃത്തുക്കഠം നമുക്കു്

ആശ്വാസവും ആനന്ദവും സഹായവും നല്കുന്നു. നിരന്തരാദ്ധ്വാനത്തിലൂടെ ധനം സമ്പാദിക്കുവാൻ ഉത്സാഹിക്കണം. ധനം ജീവിത സൗഭാഗ്യത്തിനു് പ്രധാനഘടകമല്ലെങ്കിലും, ധനമില്ലാത്തവനു് സൗഭാഗ്യമുണ്ടാവുക പ്രയാസവുമാണ്.

ജീവിതത്തെ ആസ്വാദ്യതയോടും കൗതുകത്തോടും കൂടി നോക്കിക്കാണുകയും, കണ്ടുമുട്ടുന്നവർക്കെല്ലാം പുഞ്ചിരിയും ധന്യതയുടെ പരിമളവും നല്കുകയും ചെയ്യുക. ''ഇന്നലെ''കളെക്കാൾ മെച്ചപ്പെട്ട ''ഇന്നു''കളെയും, അത്യാകർഷകങ്ങളായ നാളുകളെയും നിർമ്മിക്കുന്നവർ ജീവിതകല അഭ്യസിച്ച വിദ്യാർത്ഥികളാണ്. പരീക്ഷയിൽ പാസ്സാകുന്നതു് പ്രധാനകാര്യമാണെങ്കിലും ജീവിതത്തിൽ വിജയിക്കുകയാണ് പരമപ്രധാനമായ കാര്യമെന്നോർത്തിരിക്കണം. പഠനം ജീവിതത്തിനുള്ള ഒരുക്കമാണെന്ന സത്യം വിഗണിക്കാൻ പാടില്ല.

ARYA PALACKAL JEEVASSKENDRAM
—0—
LIBRARY
10868
ALUVA

...ARA CHILDREN'S LIBRARY
ST. ANTONY'S MONASTERY
ALWAYE

[illegible]



# എങ്ങനെ പഠിച്ചു ജയിക്കാം

എസ്. വെങ്ങാലൂർ

വിദ്യാഭ്യാസപ്രക്രിയ വിശിഷ്ടവും പ്രയോജനപ്രദവും രസപൂർണ്ണവുമാക്കിത്തീർക്കാനുപകരിക്കുന്ന ഇരുപത്തഞ്ചു കാര്യങ്ങൾ ലളിതമായ ഭാഷയിൽ വസ്തുനിഷ്ഠമായി അവതരിപ്പിച്ചിരിക്കുന്നു. സമയക്രമം, പഠനജാഗ്രത, ലക്ഷ്യബോധം, ഓർമ്മശക്തി വർദ്ധനവ്, കൈയക്ഷരത്തിൻെറ പ്രാധാന്യം, മാനസിക പക്വത, വായനാശീലം, വിവിധ ഇനം പരീക്ഷകളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ഗുരുശിഷ്യബന്ധം മുതലായ വ്യക്തിജീവിതത്തേയും പഠനത്തേയും സ്പർശിക്കുന്ന വിഷയങ്ങളാണ് ഈ ഗ്രന്ഥത്തിൽ പരാമർശിച്ചിരിക്കുന്നത്. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സജ്ജനങ്ങൾ എന്നിവർക്ക് ഒരു സഹായകഗ്രന്ഥം.

ഡി.സി.എൽ പബ്ലിക്കേഷൻസ്
പി.ബി.7. കോട്ടയം - 686001

# എങ്ങനെ പഠിച്ചു ജയിക്കാം



എസ്.വെങ്ങാലൂർ

Indic Digital Archive Foundation
gpura.org